# പുരോഹിതൻ

## പ്രതിനിധി - മദ്ധ്യസ്ഥൻ - സേവകൻ

"കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും".

(സങ്കീർത്തനം 16:5)

ഫാ. മാത്യു ചിറയിൽ
(എഡിറ്റർ)

www.malankaralibrary.com

# സമർപ്പണം

സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ
കുറുമ്പനാടം, ചങ്ങനാശ്ശേരി
കോട്ടയം ജില്ല

www.malankaralibrary.com

**PUROHITHAN**

*(Malayalam)*

Author

**Fr. Mathew Chirayil**

St. Mary's Malankara Catholic Church

Kumarakom, Kottayam 686 563

Phone: 9447932140

Copyright Reserved

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the author

2018 August

No. of Copies 1000

Second Edition: 2019

*Design & Printing*

Greeshma Designs

Kottayam. 0481-2300798

*Cover Photo*

Fr. Varghese Chamakalayil

**Price:** ₹ **150.00**

# മുഖമൊഴി

പുരോഹിതൻ ദൈവത്തിന്റെയും ജനത്തിന്റെയും മദ്ധ്യസ്ഥനാണ്. ശ്രേഷ്ഠമായ അന്തസാണ് പൗരോഹിത്യം. പുരോഹിതനെക്കുറിച്ചും, പൗരോഹിത്യത്തെക്കുറിച്ചും ധ്യാനചിന്തകളടങ്ങിയ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതിൽ ദൈവത്തിന് നന്ദിയർപ്പിക്കുന്നു. പുരോഹിതൻ ആരാണെന്നും, പൗരോഹിത്യത്തിന്റെ മഹത്വം എന്താണെന്നും വിശുദ്ധ ബൈബിൾ, സഭാ പിതാക്കന്മാർ, ദൈവ ശാസ്ത്രജ്ഞൻമാർ, സഭയുടെ ഔദ്യോഗിക പ്രമാണ രേഖകൾ, കത്തോലിക്ക സഭയുടെ മതബോധന ഗ്രന്ഥം, ദൈവശാസ്ത്രപഠനങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ എന്നിവ ആസ്പദമാക്കി ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നു. ഈ ഗ്രന്ഥത്തിന് അനുഗ്രഹ സന്ദേശം നൽകിയ മലങ്കര കത്തോലിക്ക സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലിമിസ് ബാവാ തിരുമേനിയോട് വളരെയധികം നന്ദിയറിയിക്കുന്നു. ഈ ഗ്രന്ഥത്തിന് സന്ദേശം നൽകിയ തിരുവല്ല അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ്, ആശംസകൾ നേർന്ന ദീപിക എക്സിക്യൂട്ടീവ് ഡയറക്ടറും, കോട്ടയം വൈദികജില്ലാ വികാരിയുമായിരിക്കുന്ന റവ. ഫാ. അഡ്വ. ഡോ. റെജി വർഗീസ് മനക്കലേട്ട്, അവതാരിക എഴുതി നൽകിയ K.C.B.C. ഡെപ്യൂട്ടി സെക്രട്ടറി റവ. ഫാ. ഡോ. വർഗീസ് വള്ളിക്കാട്ട് എന്നിവരോടുമുള്ള ഹൃദയപൂർവ്വമായ നന്ദിയറിയിക്കുന്നു. എനിക്ക് വൈദികപട്ടം നൽകിയ (26-12-2002) അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ്, ഈ ഗ്രന്ഥ രചനയിൽ എനിക്ക് പ്രോത്സാഹനം നൽകിയ തിരുവല്ല അതിരൂപത മതബോധന ഡയറക്ടർ

www.malankaralibrary.com

റവ. ഫാ. ഡോ. എബ്രഹാം ഇരിമ്പിനിക്കൽ, കവർ ചിത്രം തയ്യാറാക്കിയ റവ. ഫാ. വർഗീസ് ചാമക്കാലായിൽ, റവ. ഫാ. മാത്യൂ കൊച്ചുപുരക്കൽ, റവ. ഫാ. ഫിലിപ്പ് വലിയകാവുങ്കൽ ശ്രീ. ജോർജ് തോമസ് കരിമറ്റം, ശ്രീ. നെൽസൺ പൊന്നൻവിളയിൽ, ഈ ഗ്രന്ഥത്തിന്റെ ഡി. റ്റി. പി & പ്രിന്റിംഗ് വർക്കുകൾ ചെയ്തു തന്ന ഗ്രീഷ്മ ഡിസൈൻ, കോട്ടയം എന്നിവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. എല്ലാ വൈദികർക്കും ഈ ഗ്രന്ഥം വഴി ദൈവാനുഗ്രഹമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. വൈദികരുടെ രാജ്ഞിയായ പരിശുദ്ധ ദൈവമാതാവിന്റെയും വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെയും മദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ട് ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

എന്ന്

പ്രാർത്ഥനയോടെ,
നന്ദിയോടെ,
സ്നേഹത്തോടെ,

**ഫാ. മാത്യൂ ചിറയിൽ**
വികാരി,
സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക
കുമരകം - കോട്ടയം -കേരള 686563
തിരുവല്ല അതിരൂപത
9447932140

കുമരകം
4-8-2018
വി. ജോൺ മരിയ വിയാനിയുടെ
തിരുനാൾ ദിനം

# അവതാരിക

"എന്തെന്നാൽ നീ മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനാകുന്നു" (ഹെബ്രാ 7:17).

നിത്യപുരോഹിതനായ യേശുക്രിസ്തുവിലാണ് ഇസ്രായേലിന്റെ പുരോഹിത, പ്രവാചക രാജത്വ സങ്കല്പങ്ങൾ കാലദേശങ്ങൾക്കതീതമാംവിധം പൂവിട്ടുനില്ക്കുന്നത്. മാമ്മോദീസായിലൂടെ ക്രിസ്തുവിന്റെ മൗതികശരീരത്തിൽ അംഗങ്ങളായിത്തീരുന്നതുവഴി ഓരോ വിശ്വാസിയും യേശുവിൽ പൂർണമായ ഈ ത്രിവിധ ദൗത്യങ്ങളിൽ പങ്കുചേർന്നു പ്രേഷിതരായിത്തീരുന്നു. എന്നാൽ സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ പ്രതിനിധികളായ അപ്പസ്തോലന്മാരിലൂടെ പുരോഹിതർ, ക്രിസ്തുവിന്റെ മെസയാനിക ദൗത്യത്തിൽ സവിശേഷമായി പങ്കുചേരുന്നു. പൗരോഹിത്യത്തെ സംബന്ധിച്ച കാഴ്ചപ്പാടുകൾ പങ്കു വയ്ക്കുന്നതോടൊപ്പം സഭയിൽ പൗരോഹിത്യശുശ്രൂഷയ്ക്കുള്ള സവിശേഷ പ്രാധാന്യം വെളിപ്പെടുത്തുന്ന ധ്യാനവചനങ്ങളാണ് **'പുരോഹിതൻ'** എന്ന ഈ പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നത്. സഭാപിതാക്കന്മാരും വിശുദ്ധരും വിശ്വാസികളുടെ സമൂഹമായ സഭയും പങ്കുവയ്ക്കുന്ന ഈ വിശുദ്ധ ദർശനം പൗരോഹിത്യത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നതോടൊപ്പം, സമകാലിക സമൂഹത്തിൽ പൗരോഹിത്യം ജീവിക്കുന്നവർക്കുണ്ടാകേണ്ട ആത്മീയ ജാഗ്രതയെക്കുറിച്ച് മുന്നറിയിപ്പു നല്കുകയും ചെയ്യുന്നു.

പുരോഹിതൻ ദൈവത്തിനും ദൈവജനത്തിനും മധ്യത്തിൽ നിലകൊള്ളുന്നവനാണ്. പുരോഹിതൻ ദൈവത്തിന്റെ പ്രതിനി

www.malankaralibrary.com

ധിയും ദൈവജനത്തിന്റെ സേവകനുമാണ്. ദൈവഹിതം മനസ്സിലാക്കി അത് ദൈവജനത്തെ അറിയിക്കാൻ അരുളപ്പാട് ലഭിച്ചവൻ. ജനത്തിനു വേണ്ടി വിശുദ്ധ ജീവിതം നയിച്ച് സ്വയം ഉരുകി തീരേണ്ടവൻ. ഇത് ഒരു ദൈവനിയോഗമാണ്. ആരുടെയും മിടുക്കുക്കൊണ്ട് നേടിയെടുക്കാവുന്ന ഒന്നല്ല. ഇതിനെ ദൈവത്തിന്റെ ദാനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് എന്നു വേണം വിശേഷിപ്പിക്കാൻ. നമ്മുടെ കൂടെയുള്ള ഒരു പുരോഹിതൻ തന്റെ തന്നെ ജീവിതാനുഭവങ്ങളിൽ നിന്ന് തനിക്കു കിട്ടിയ കാഴ്ചപ്പാടുകളെ വിലയിരുത്തിയതിന്റെയും, വിശുദ്ധ ഗ്രന്ഥത്തിലൂടെയും, വിശുദ്ധരിലൂടെയും സഭാ പിതാക്കന്മാരിലൂടെയും, ദൈവശാസ്ത്രജ്ഞന്മാരിലൂടെയും, സഭയുടെ ഔദ്യോഗിക പ്രമാണരേഖകളിലൂടെയുമൊക്കെ കണ്ടെടുത്ത 'തിരിച്ചറിവു'കളുടെയും അമൂല്യമായ ശേഖരമാണ് 'പുരോഹിതൻ' എന്ന ഈ പുസ്തകം. ഇത് പുരോഹിതന്മാർക്കും, പുരോഹിതരെ സ്നേഹിക്കുന്ന ഏവർക്കും നല്ലൊരു മാർഗദർശിയും, വഴികാട്ടിയും പ്രാർഥനാവിഷയവും ആകുമെന്ന കാര്യത്തിൽ സംശയമില്ല. ഈ പുസ്തകത്തിൽ നിന്നും ലഭിക്കുന്ന ഉൾവെളിച്ചം ഓരോ പുരോഹിതന്റെയും സ്വർഗം ലക്ഷ്യമാക്കിയുള്ള യാത്ര സുഗമമാക്കിത്തീർക്കട്ടെ എന്ന ആശംസകളോടെ മാത്യൂ ചിറയിലച്ചന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

പ്രാർഥനയോടെ,

**റവ. ഫാ. ഡോ. വർഗ്ഗീസ് വള്ളിക്കാട്ട്**
K.C.B.C. ഡെപ്യൂട്ടി സെക്രട്ടറി

# അനുഗ്രഹ സന്ദേശം

ബഹു. മാത്യൂ ചിറയിൽ അച്ചൻ **'പുരോഹിതൻ'** എന്ന പേരിൽ ഒരു പുസ്തകം പ്രകാശനം ചെയ്യുന്നു എന്നറിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. പൗരോഹിത്യം എന്ന മഹാദാനത്തെ ഉൾക്കൊള്ളാനും മനനം ചെയ്യുവാനും ഈ ഗ്രന്ഥം ഉപകരിക്കട്ടെ. പൗരോഹിത്യത്തെ ഒരു തീജ്വാല പോലെ കത്തിച്ച് ചുറ്റുപാടും പ്രകാശം നൽകുവാനും വിശുദ്ധിയുടെ സുഗന്ധം വർഷിക്കുവാനുമുള്ള ആഹ്വാനമാണ് ഇതിലെ പ്രതിപാദന വിഷയം. വി. ഗ്രന്ഥത്തിലും വിശുദ്ധരുടെ ജീവിതത്തിലും സഭാപിതാക്കന്മാരുടെയും വേദപണ്ഡിതന്മാരുടെയും മനനത്തിലും, എല്ലാ സ്വർഗ്ഗീയ ഉന്നതികൾക്കും ദൈവത്തിന്റെ പുരോഹിതൻ ഏൽപ്പിക്കപ്പെട്ടിരിക്കുന്നു എന്ന ചിന്ത ഈ ഗ്രന്ഥത്തിൽ നിറഞ്ഞുനിൽക്കുന്നു.

മൺകുടത്തിൽ സൂക്ഷിക്കപ്പെടുന്ന നിധിയായ പൗരോഹിത്യം ദൈവത്തിനും മനുഷ്യനുമിടയിൽ ആശ്ലേഷിക്കപ്പെട്ടിരിക്കുന്നു. മനുഷ്യവംശത്തിന്റെ വിമുക്തിക്കാവശ്യമായ ദൈവകൃപ വിതരണം ചെയ്യാൻ ഈ പുസ്തകം നിദാനമാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. ഈ ഗ്രന്ഥം രചിച്ച ബഹു. മാത്യൂ ചിറയിൽ അച്ചനെയും ഇതിൽ സഹകരിച്ച എല്ലാവരെയും ഞാൻ അനുമോദിക്കുന്നു. പൗരോഹിത്യത്തെക്കുറിച്ച് ധ്യാനാത്മകമായി പഠിക്കുന്നതിന് ഈ ഗ്രന്ഥം സഹായകരമാകട്ടെ!

ദൈവം ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**മോറാൻ മോർ ബസേലിയോസ്**
**കർദിനാൾ ക്ലിമിസ് കാതോലിക്കബാവ**
(മലങ്കര കത്തോലിക്ക സഭയുടെ തലവനും -പിതാവും)

www.malankaralibrary.com

# സന്ദേശം

പൗരോഹിത്യത്തിന്റെ വിവിധ മാനങ്ങൾ പരിശുദ്ധാത്മാവിലൂടെ ചരിത്രത്തിൽ വെളിവായതിനെ ക്രോഡീകരിക്കുന്നതിനുള്ള ഒരു എളിയ പരിശ്രമമാണ് ബഹു. മാത്യു ചിറയിൽ അച്ചൻ നിർവ്വഹിച്ചിരിക്കുന്നത്. പൗരോഹിത്യമെന്ന അമൂല്യ ദാനത്തിന്റെ വൈവിദ്ധ്യങ്ങളും അതിൽ പങ്കാളികളാകുന്നവർ പുലർത്തേണ്ട ശ്രദ്ധയും സഭാ വിജ്ഞാനീയത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു. ഏറെ വെല്ലുവിളികൾ നിറഞ്ഞ ഈ ജീവിതം വഴി ക്രിസ്തുവിനെയും അവിടുത്തെ മണവാട്ടിയായ സഭയേയും ഏറെ ആകർഷകമാക്കുവാൻ നമുക്കുത്തരവാദിത്വമുണ്ട്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ യേശുക്രിസ്തുവിനെയും അവന്റെ സഭയേയും ഏറെ ആകർഷകമാക്കുവാൻ അവിടുത്തെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവർക്ക് വലിയ ധർമ്മം ഉണ്ട്. എളിമയുടെയും ദാരിദ്ര്യത്തിന്റെയും ശൈലിയാണ് അതെങ്കിലും പൗരോഹിത്യം ആഢ്യത്വം (Dignity) തന്നെയാണ്. അതിന്റെ മഹത്വവും ആദരണീയതയും നഷ്ടപ്പെട്ടുപോകുവാൻ ഇടയാകരുത്. എല്ലാവരോടും മാന്യതയോടും ബഹുമാനത്തോടും ഇടപെടുന്ന ഒരു ചര്യയാണ് അതിനുള്ളത്. ആ നിലവാരം വാക്കുകളിലും പ്രവൃത്തിയിലും ശരീരഭാഷയിലും വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും പ്രകടമാക്കുവാൻ വൈദികൻ ശ്രദ്ധിക്കേണ്ടതാണ്.

ക്രിസ്തുവിലേയ്ക്ക് മനുഷ്യൻ ആകർഷിക്കപ്പെടുന്നത് അവനിൽ വിശ്വസിക്കുന്ന നമ്മുടെ പ്രവൃത്തികൊണ്ടും സാക്ഷ്യം കൊണ്ടുമാണ്. നമുക്കനേകം സ്ഥാപനങ്ങളും വൈവിധ്യമേറിയ ശുശ്രൂഷകളും സ്വാധീനവും ഉണ്ടെങ്കിലും മനുഷ്യൻ നമ്മിൽ



തേടുന്നത് വിശുദ്ധിയാണ്. വിശുദ്ധികൊണ്ടു മാത്രമേ കർത്താവിലേയ്ക്കും സഭയിലേയ്ക്കും മനുഷ്യരെ കൊണ്ടുവരുവാൻ സാധിക്കു.

ഈ ആത്മിക യാത്രയ്ക്കു ഈ കൈപുസ്തകം സഹായമായിരിക്കും. ബഹു. ചിറയിലച്ചന് എല്ലാ ഭാവുകങ്ങളും ആത്മിക രചനയിൽ കൂടുതൽ വിജയങ്ങളും പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം

മേരിഗിരി,
26.06.2018

www.malankaralibrary.com

# ആശംസ

ബഹു. മാത്യൂ ചിറയിലച്ചന്റെ ദീർഘനാളത്തെ ആഗ്രഹത്തിന്റെയും ത്യാഗപൂർണ്ണമായ പ്രയത്നത്തിന്റെയും ഫലമായി ഒരു പുസ്തകം **'പുരോഹിതൻ'** എന്ന പേരിൽ പ്രസിദ്ധീകരിക്കുവാൻ ഇടയാകുന്നുവെന്നതിൽ വളരെയേറെ സന്തോഷമുണ്ട്. പ്രത്യേകിച്ച് ബഹുമാനപ്പെട്ട അച്ചൻ കോട്ടയം മേഖലയിൽ ശുശ്രൂഷ ചെയ്യുന്നുവെന്നതുകൊണ്ട് ആ സന്തോഷം ഇരട്ടിയാവുന്നു.

പുരോഹിതന്മാരായ എല്ലാവർക്കും വായിക്കുവാനും ധ്യാനിക്കുവാനും പറ്റിയ തരത്തിലുള്ള ചിന്തകൾ പൗരോഹിത്യത്തെപ്പറ്റിയും പുരോഹിതനെപ്പറ്റിയുമുള്ളത് വി. ബൈബിളിൽ നിന്നും വിശുദ്ധരുടെ ജീവിതത്തിൽ നിന്നും, സഭാപിതാക്കന്മാരുടേയും മാർപ്പാപ്പാമാരുടേയും വാക്കുകളിൽ നിന്നും സഭയുടെ ഔദ്യോഗിക പഠിപ്പിക്കലുകളിൽ നിന്നും ദൈവശാസ്ത്രപഠനങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളിൽ നിന്നുമെല്ലാം ശേഖരിച്ച് എഡിറ്റ് ചെയ്ത് ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുകയെന്ന ശ്രമകരമായ പ്രവർത്തനം പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്ന ഈ അവസരത്തിൽ ബഹു. മാത്യൂ ചിറയിലച്ചന് എല്ലാവിധ മംഗളങ്ങളും ഞാൻ ആശംസിക്കുന്നു. ഈ പുസ്തകത്തിന്റെ പ്രചോദനം ഉൾക്കൊണ്ട് തുടർന്നും ധാരാളം പ്രസിദ്ധീകരണങ്ങൾ ബഹു. അച്ചൻ വഴി ഉണ്ടാകുവാൻ ദൈവം അച്ചനെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാ നന്മകളും ആശംസിക്കുകയും ചെയ്യുന്നു.

**റവ. ഫാ. ഡോ. റെജി വർഗീസ് മനക്കലേട്ട്**
ദീപിക എക്സിക്യൂട്ടീവ് ഡയറക്ടർ
കോട്ടയം വൈദിക ജില്ലാ വികാരി

# പുരോഹിതൻ

1. പൗരോഹിത്യമാണ് അന്തസുകളുടെ ഉച്ചസ്ഥാനം

വി. ഇഗ്നേഷ്യസ്

2. അനന്തമായ അന്തസാണ് പൗരോഹിത്യം

വി. എഫ്രേം

3. പുരോഹിതന്റെ ചുമതലകൾ സ്വർഗത്തിലെ കാര്യങ്ങളിൽ എണ്ണപ്പെടുത്തണം

വി. ജോൺ ക്രിസോസ്റ്റം

4. എല്ലാ സ്വർഗീയ ഉന്നതികൾക്കുപരിയായി ദൈവത്തിന്റെ പുരോഹിതൻ മഹത്വവൽക്കരിക്കപ്പെട്ടിരിക്കുന്നു

കാസ്സ്യാൻ

5. ദൈവത്തിനും മനുഷ്യനുമിടയിൽ പുരോഹിതനെ പ്രതിഷ്ഠിച്ചിരിക്കുന്നു

ഇന്നസെന്റ് III

6. പുരോഹിതൻ ദൈവിക മനുഷ്യനാണ്, പൗരോഹിത്യം ഒരു പുണ്യ അന്തസാണ്

വി. ഡെന്നീസ്

7. പൗരോഹിത്യപരമായ അന്തസ് എല്ലാ അറിവിനേയും കവച്ചുവക്കുന്നു

വി. എഫ്രേം

www.malankaralibrary.com

8. പുരോഹിതനിൽ വിശ്വസിച്ചേൽപ്പിച്ചിരിക്കുന്ന ദൗത്യങ്ങൾ ദൈവീകമാണ്

വി. സിറിൾ

9. ഒരു ദൈവിക ഉദ്യോഗമാണ് പൗരോഹിത്യം

വി. അംബ്രോസ്

10. പുരോഹിതൻ ദൈവവുമായി അടുത്ത് ഇടപഴകുന്നു

വി. എഫ്രേം

11. ഓ എത്ര മഹത്വകരമാണ് പുരോഹിതന്റെ അധികാരം

വി. ലോറൻസ് ജസ്റ്റിനിയൻ

12. പുരോഹിതൻ ഉച്ചരിക്കുന്ന വരികൾ മുൻപേ പോകുന്നു - ദൈവം അതിന് തൊട്ട് താഴെ കൈയ്യൊപ്പ് രേഖപ്പെടുത്തുന്നു

വി. പീറ്റർ ഡാമിയൻ

13. പുരോഹിതൻ ഭൂമിയിൽ തീരുമാനിക്കുന്നതെല്ലാം സ്വർഗത്തിൽ സ്ഥിരീകരിക്കുന്നു

വി. ജോൺ ക്രിസോസ്റ്റം

14. ദൈവത്തിന്റെ സഹചരായും ദൈവിക കൃപകളുടെ വിതരണക്കാരായും പുരോഹിതരെ കാണണം

വി. ഇഗ്നേഷ്യസ്

15. രാജാവിന്റെ ഭവനത്തിലെ മേൽ നോട്ടക്കാരനാണ് പുരോഹിതൻ

വി. പ്രോസ്പർ



16. ലോകത്തിലുള്ള എല്ലാ അന്തസുകളെക്കാളും ശ്രേഷ്ഠമാണ് പൗരോഹിത്യം

വി. അംബ്രോസ്

17. രാജാക്കന്മാരുടെയും മാലാഖമാരുടെയും എല്ലാ അന്തസുകളെക്കാളും കൂടുതൽ ഉയർന്ന് നിൽക്കുന്ന അന്തസാണ് പൗരോഹിത്യം

വി. ബർണാദ്

18. ശരീരത്തെക്കാൾ എത്ര കുലീനമാണ് ആത്മാവ്, അതുപോലെ രാജത്വത്തെക്കാൾ വളരെ ശ്രേഷ്ഠമാണ് പൗരോഹിത്യം

വി. ക്ലമന്റ്

19. രാജകുമാരന്മാർ ശരീരത്തെ ബന്ധിക്കുന്നു. പുരോഹിതൻ ആത്മാക്കളെ ബന്ധിക്കുന്നു

വി. ജോൺ ക്രിസോസ്റ്റം

20. പുരോഹിതരെ ബഹുമാനിക്കുന്നത് ഒരു നല്ല രാജകുമാരന്റെ അടയാളമാണ്

വി. മർസെല്ലിനസ്

21. മാലാഖമാരും പൗരോഹിത്യത്തെ ആരാധിക്കുന്നു

വി. ഗ്രിഗറി നസിയാൻസൻ

22. ഒരു മാലാഖയേയും ഒരു പുരോഹിതനെയും ഞാൻ കാണുന്ന പക്ഷം ആദ്യം ഞാൻ പുരോഹിതന്റെ മുന്നിൽ മുട്ടുകുത്തും. അതിനുശേഷം മാലാഖക്കു മുന്നിൽ

വി. ഫ്രാൻസിസ് അസീസി

www.malankaralibrary.com

23. പുരോഹിതൻ യേശുക്രിസ്തുവിന്റെ മാതാപിതാക്കളാണ്

വി. അഗസ്തിനോസ്

24. വിശുദ്ധരുടെ ഇരിപ്പിടമാണ് പൗരോഹിത്യം

യേശുവിന്റെ വികാരിമാരാണ് പുരോഹിതർ

ചാർട്രസ് സിനഡ്

25. പുരോഹിതർ ക്രിസ്തുവിന്റെ സേനാപതികളാണ്

വി. അഗസ്തിനോസ്

26. പുരോഹിതൻ ഭൂമിയിലെ ദൈവൈക്യത്തിന്റെ പ്രതിനിധികളാണ്

വി. ചാൾസ് ബൊറോമിയ

27. മറ്റൊരു ക്രിസ്തു എന്നപോലെ തന്നെ പുരോഹിതൻ അൾത്താരയെ സമീപിക്കട്ടെ.

വി. ലോറൻസ് ജസ്റ്റിനിയൻ

28. തന്റെ സ്വന്തം അധികാരങ്ങൾ പുരോഹിതരിൽ യേശു നിക്ഷേപിക്കുന്നു

തെർത്തുല്യൻ

29. സ്വർഗവും ഭൂമിയും, സൃഷ്ടിക്കുന്നതിനേക്കാൾ വലിയ ഒരു അദ്ധ്വാനമാണ് ഒരു പാപിയെ പാപമുക്തമാക്കി ശുദ്ധമാക്കുന്നത്

വി. അഗസ്തിനോസ്

30. പുരോഹിതൻ ഭൂമിയിൽ ഒരു ദൈവമാണ്

വി. ക്ലമന്റ്



31. ഒരു പുരോഹിതൻ പാപങ്ങൾ മോചിക്കുന്നതു വഴി ആത്മാക്കളെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ കർത്തവ്യമാണ് നിർവ്വഹിക്കുന്നത്

വി. അംബ്രോസ്

32. പുരോഹിതരുടെ അന്തസ് മഹത്തരമാണ്

വി. ജറോം

33. ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്നതിനുള്ളപദവിയാണ് പൗരോഹിത്യം

കർദിനാൾ ഹ്യൂഗോ

34. ഭൂമിയിൽ ദൈവത്തെ അവിരാമം സ്തുതിക്കുന്നതിനുള്ള പദവിയാണ് പൗരോഹിത്യം

കൊർണിലിയസ് ലാപിഡേ

35. ജനങ്ങളിൽ നിന്ന് ജനങ്ങൾക്കു വേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന പ്രധാന പുരോഹിതൻ ദൈവിക കാര്യങ്ങൾക്ക് നിയമിക്കപ്പെടുന്നത് പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കാനാണ്

ഹെബ്രായർ 5/1

36. അവിടുത്തെ സ്നേഹത്തിന്റെ വികാരിമാരായി പുരോഹിതരെ അവിടുന്ന് നിയമിച്ചു

വി. അംബ്രോസ്

www.malankaralibrary.com

37. പുരോഹിതൻ ദൈവത്തിന്റെ സ്വന്തമാണ്

വി. പീറ്റർ ഡാമിയൻ

38. പൗരോഹിത്യത്തിന്റെ കാതൽ അടങ്ങിയിരിക്കുന്നത് ദൈവത്തിന്റെ മഹത്വത്തെ തീക്ഷ്ണമായി അന്വേഷിക്കുന്നതിലും ശേഷം ആത്മാക്കളുടെ രക്ഷയിലുമാണ്

ഹാബർട്ട്

39. ലോകത്തിലെ ജോലിയിൽ ഏർപ്പെടാതെ പുരോഹിതൻ എല്ലാ ദിവസവും ദൈവകാര്യങ്ങളിൽ പൂർണമായി മുഴുകണം

വി. സിൽവസ്റ്റർ

40. എല്ലാ പുണ്യകർത്തവ്യങ്ങൾക്കുപരി ഏറ്റവും പുണ്യമായ കർത്തവ്യമത്രേ പൗരോഹിത്യം

വി. ഡെന്നീസ്

41. വിദഗ്ധമായി പഠിപ്പിക്കുന്നവനാണ് പുരോഹിതൻ

വി. അന്റോണിൻ

42. വഴി കാട്ടുന്നവനാണ് പുരോഹിതൻ

ഹൊണോറിയസ്

43. പുരോഹിതൻ ക്രിസ്തുവിന്റെ കൂട്ടത്തിന്റെ മാർഗനിർദേശിയും ബോധകനുമാണ്

വി. അംബ്രോസ്



44. രാജകീയ പൗരോഹിത്യം

പുണ്യരാജ്യം<br>
വിലക്ക് വാങ്ങപ്പെട്ടവൻ } പുരോഹിതൻ

വി. പത്രോസ്

45. ആത്മാക്കളെ നേടാനുള്ള അധികാരമാണ് പൗരോഹിത്യം

വി. അംബ്രോസ്

46. പൗരോഹിത്യ അന്തസ് മഹത്തരമാണ്. എന്നാൽ വലുതാണ് അതിന്റെ ക്ലേശം

വി. ലോറൻസ് ജസ്റ്റിനിയൻ

47. പുരോഹിതൻ ക്ലേശങ്ങളാൽ ഞെരുക്കപ്പെടുന്നു

വി. പീറ്റർ ക്രിസോലോഗസ്

48. പുരോഹിതൻ അവരുടെ അന്തസിന് അനുയോജ്യമായ പ്രവൃത്തികൾ മൂലമായിരിക്കും രക്ഷപെടുക

വി. ജറോം

49. പുരോഹിതൻ ഭൗമികമായ ഉരിഞ്ഞുകളഞ്ഞ് ദൈവികമായ മനുഷ്യനെ ധരിച്ചു.

വി. ലിയോ

50. പുരോഹിതന് ശ്രേഷ്ഠമായ കൃപകൾ നൽകപ്പെട്ടു – പുണ്യപ്പെട്ട ജീവിതം നയിക്കണം

വി. അംബ്രോസ്

www.malankaralibrary.com

51. ഭൂമിയെ അപേക്ഷിച്ച് സ്വർഗം എത്ര ശ്രേഷ്ഠമാണോ അത്രയും വ്യത്യസ്തമായിരിക്കണം ഒരു പുരോഹിതന്റെയും, ഒരു നല്ല ഭൗതികന്റേയും വിശുദ്ധികൾ തമ്മിലുള്ള വിഭിന്നത.

വി. ഇസിഡോർ

52. പൗരോഹിത്യ പദവിയിൽ ഒരാൾ പ്രവേശിക്കുമ്പോൾ പരിശുദ്ധിയിൽ ആയിരിക്കണം.

വി. അഗസ്തിനോസ്

53. ഓ, സ്വർഗീയ ജീവിതമാണ് പൗരോഹിത്യം

കാസിയോ ഡോറസ്

54. എല്ലാ പദവികളിലും വച്ച് ഏറ്റവും ഉത്കൃഷ്ടമായ പദവിയാണ് പൗരോഹിത്യം

വി. തോമസ് അക്വിനാസ്

55. കർത്താവിന് തന്നെത്തന്നെ പൂർണമായും സമർപ്പിച്ചതിന്റെ പ്രതീകാത്മതയാണ് പുരോഹിതൻ അനുവർത്തിക്കേണ്ടത്.

വി. തോയോടൊറെറ്റ്

56. ദിവ്യബലി യോഗ്യതയോടെ അർപ്പിക്കുവാൻ പുരോഹിതൻ പൂർണമായും ആദ്യം ദൈവത്തിന് സമർപ്പിക്കണം

വി. അംബ്രോസ്

57. യൗവനകാലം മുതൽ മരണം വരെയും ഒരു പുരോഹിതൻ ഒരു സമ്പൂർണ ദഹന ബലിയായിരിക്കണം

ഹെസിഷ്യസ്



58. കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും

സങ്കീർത്തനം 16/5

59. പുരോഹിതന്റെ സഭാ വസ്ത്രങ്ങൾ അവയുടെ ഘടനയും, ജീവിത വിശുദ്ധിയും ആഹ്വാനം ചെയ്യുന്നു, ആജ്ഞാപിക്കുന്നു.

വി. ജറോം

60. പുരോഹിതൻ തിന്മയിൽ നിന്ന് അകലം പാലിക്കണം. പരിപൂർണതയിൽ എത്തപ്പെടാൻ നിരന്തരമായി പ്രയത്നിക്കണം

വി. ബർണാർദ്

61. പുരോഹിതൻ ദൈവത്തിന്റെ രാജ്യമാണ്. കൃപകളാലും മഹത്വങ്ങളാലും ദൈവം ഭരിക്കുന്നു. പുരോഹിതരെ തിന്മകൾക്കെതിരെ പോരാടുവാൻ രാജാക്കന്മാരാക്കിയിരിക്കുന്നു

വി. റ്റിറിനസ്

62. പൂർണമായും ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ ലോകത്തിനും, അത്യാസക്തികളിലും പുരോഹിതൻ മരണപ്പെട്ടിരിക്കണം

വി. ഗ്രിഗറി

63. ദൈവത്തെ തന്റെ ഓഹരിയായി സ്വീകരിച്ചയാളാണ് പുരോഹിതൻ

വി. ജറോം

www.malankaralibrary.com

64. പുരോഹിതൻ തന്റെ പദവിയുടെ പ്രാധാന്യം മനസിലാക്കട്ടെ.

വി. അംബ്രോസ്

65. പുരോഹിതൻ ദൈവത്തെക്കുറിച്ചു പരാമർശനമുള്ള കാര്യങ്ങളിൽ വ്യാപൃതനാവണം

വി. തോമസ് അക്വിനാസ്

66. പുരോഹിതൻ ദൈവത്തിന്റെ മനുഷ്യൻ

1 തിമോത്തിയോസ് 6/1

67. ഭൂമിയിൽ മനുഷ്യരോടൊത്ത് മാലാഖമാരെപ്പോലെ പുരോഹിതൻ ജീവിക്കണം

വി. ജോൺ ക്രിസോസ്റ്റം

68. വിശ്വാസികളേക്കാൾ പുരോഹിതർക്ക് ഏറെ പരിശുദ്ധി ആവശ്യമുണ്ട്

വി. തോമസ് അക്വിനാസ്

69. അൾത്താരയിലെ ശുശ്രൂഷകൻ ദൈവത്തിനു വേണ്ടി ജന്മമെടുത്തിരിക്കുന്നു

വി. അംബ്രോസ്

70. തങ്ങളുടെ ഹൃദയത്തിലും കൈകളിലും യേശു ക്രിസ്തുവിനെ വഹിക്കുന്ന പുരോഹിതരുടെ വിശുദ്ധി എത്രകണ്ട് മഹനീയമായിരിക്കണം

പീറ്റർ ഡി. ബ്ലോയിസ്



71. സാധിക്കുന്നതിന്റെ പരമാവധി യേശുവിന്റെ നിർമലതയും വിശുദ്ധിയും അനുകരിച്ച് പുരോഹിതൻ അൾത്താരയെ സമീപിക്കണം

വി. ലോറൻസ് ജസ്റ്റിനിയൻ

72. വിശുദ്ധ കുർബ്ബാനയർപ്പണം നിർവഹിക്കുന്നതിനെക്കാളുപരി പുണ്യപ്പെട്ട ഒരു പ്രവൃത്തി ഓരാൾക്ക് ചെയ്യാനാവില്ല

ട്രന്റ് കൗൺസിൽ

73. തിന്മയിലും, ദുശീലങ്ങളിലും ആസക്തരായവർ ആരായാലും വിശുദ്ധ പദവിയിൽ പ്രവേശനം നൽകരുത്

വി. തോമസ് അക്വിനസ്

74. ദൈവത്തിനും മനുഷ്യനുമിടയിൽ പുരോഹിതൻ നിൽക്കുന്നു

വി. ജോൺ ക്രിസോസ്റ്റം

75. ദൈവേച്ഛ പ്രകാരമുള്ള ന്യായാധിപന്മാരാണ് പുരോഹിതർ

വി. പ്രോസ്പർ

76. തിരുസഭയുടെ മതിലുകളാണ് പുരോഹിതർ

വി. ക്രിസോസ്റ്റം

77. വിശുദ്ധിയുടെ താവളമാണ് പുരോഹിതർ

വി. അംബ്രോസ്

www.malankaralibrary.com

78. ലോകത്തിന്റെ അടിസ്ഥാനം, വിശ്വാസത്തിന്റെ സ്തംഭങ്ങളാണ് പുരോഹിതർ

വി. ഗ്രിഗറി നസിയാൻസൻ

79. ദൈവ ജനത്തിനുവേണ്ടി രാവും, പകലും, പുരോഹിതൻ പ്രാർത്ഥിക്കണം

വി. അംബ്രോസ്

80. ശുദ്ധമായ മനസാക്ഷിയോടെ പുരോഹിതൻ ദൈവത്തിന്റെ മുൻപിൽ തിളങ്ങി നിൽക്കണം, മനുഷ്യരുടെ മുൻപിൽ നല്ല മതിപ്പ് നിലനിർത്തണം

വി. തോമസ് അക്വിനസ്

81. ദൈവമക്കളേക്കാൾ പുരോഹിതൻ വിശുദ്ധനായിരിക്കണം

ഹൊർമിസ് ഡാസ് പോപ്പ്

82. പുരോഹിതൻ ദൈവഭക്തിയുടെ ഗുരുനാഥൻ

വി. ജോൺ ക്രിസോസ്റ്റം

83. പുരോഹിതൻ ലോകത്തിന്റെ വിമോചകൻ

വി. ജറോം

84. നിത്യ നഗരത്തിലേക്കുള്ള പ്രവേശന കവാടങ്ങളാണ് പുരോഹിതർ

വി. പ്രോസ്പർ



85. പുണ്യങ്ങളുടെ മാതൃകകളാണ് പുരോഹിതർ

വി. പീറ്റർ ക്രിസോലോഗസ്

86. പുരോഹിതൻ വിശുദ്ധനായിരിക്കണം, നിർദോഷനായിരിക്കണം

വി. ഇസിദോർ

87. മറ്റുള്ളവരെ നവീകരിക്കുവാൻ പുരോഹിതൻ കുറ്റമറ്റവനായിരിക്കണം

ഹൊർമിസ്ഡാസ് പോപ്

88. പുരോഹിതൻ പുണ്യങ്ങളാൽ വിശുദ്ധീകരിക്കപ്പെടണം

വി. ഡെന്നീസ്

89. പുരോഹിതൻ സ്വയം ആത്മീയ ഉന്നതി നേടണം

വി. ഗ്രിഗറി

90. പുരോഹിതൻ തന്നെ തന്നെ ശുദ്ധീകരിക്കണം
ദൈവത്തിലേക്ക് ആദ്യം സമീപിക്കണം
പുരോഹിതൻ സ്വയം ഒരു പ്രകാശമായിരിക്കണം

വി. ഗ്രിഗറി

91. പുരോഹിതന്റെ കൈകൾ ഒരിക്കലും ദുഷിച്ചവയാകരുത്

വി. ഗ്രിഗറി

www.malankaralibrary.com

92. സ്നേഹിക്കാത്ത ഒരാൾക്ക് സ്നേഹത്തിന്റെ ഭാഷ അപരിചിതവും, അപരിഷ്കൃതവുമായിരിക്കും

വി. ബർണാദ്

93. ഒരു കണ്ണാടിയിൽ എന്ന പോലെ മറ്റുള്ളവർ പുരോഹിതരിൽ ദൃഷ്ടി പതിപ്പിക്കുന്നു

ട്രന്റ് കൗൺസിൽ

94. ജനത്തെ പ്രതിരോധിക്കാൻ തെരെഞ്ഞെടുക്കപ്പെട്ടവനാണ് പുരോഹിതൻ

മഠാധിപതി ഫിലിപ്പ്

95. ഭൂമിയിലെ ദൈവമാണ് പുരോഹിതൻ

വി. ക്ലമന്റ്

96. പുരോഹിതൻ ഒരു സ്വർഗീയ പദവി വഹിക്കുന്നു. പുരോഹിതൻ മാലാഖയാണ്

വി. ബർണാർദ്

97. ഏറ്റവും ചെറിയ തെറ്റിൽ നിന്ന് പോലും പുരോഹിതൻ മുക്തമായിരിക്കണം

വി. അംബ്രോസ്

98. പാപിയായ പുരോഹിതൻ ദൈവത്തെ വധിക്കുന്നു

വി. ക്രിസോസ്റ്റം



99. പുരോഹിതൻ കർത്താവിന്റെ മാലാഖയായിരിക്കുന്നു. പുരോഹിതൻ പാപം ചെയ്യുമ്പോൾ സ്വർഗത്തിൽ വെച്ച് പാപം ചെയ്യുന്നു

വി. ബർണാദ്

100. പുരോഹിതൻ അറിഞ്ഞുകൊണ്ടു തന്നെ ചെയ്യുന്ന പാപമാണ് വിദ്വേഷം, അത് പരിശുദ്ധാത്മാവിനെതിരെയുള്ള പാപമാണ്

വി. തോമസ് അക്വിനസ്

101. സ്വർഗീയ സ്നേഹത്താൽ തിളങ്ങേണ്ടിയിരുന്ന പുരോഹിതൻ പാപിയായപ്പോൾ മങ്ങിയ സ്വർണമായി, കറുത്തു പോയി, ദൈവത്തിന് അത്യധികം വെറുക്കപ്പെട്ടവനായി

കർദിനാൾ ഹ്യൂഗോ

102. പുരോഹിതർ ദൈവത്തിന്റെ വിലപ്പെട്ട ഉറ്റ ചങ്ങാതിമാരാണ്

വി. സിറിൾ

103. പുരോഹിതർ എല്ലാ യശസ്സും, അന്തസും കവച്ചു വക്കുന്നു

വി. എഫ്രേം

104. രാജകീയ ഭവനത്തിലെ കാര്യസ്ഥൻ പുരോഹിതൻ

വി. പ്രോസ്പർ

105. ഒരൊറ്റ മാരക പാപം വഴി പുരോഹിതൻ നഷ്ടപ്പെട്ടു കഴിഞ്ഞു

വി. ജോൺ ക്രിസോസ്റ്റം

www.malankaralibrary.com

106. എത്ര കണ്ട് ദൈവം പുരോഹിതനെ ഉയർത്തിയിരിക്കുന്നുവോ അത്രകണ്ട് വലുതായിരിക്കും അവരുടെ വീഴ്ച.

വി. ബർണാദ്

107. പുരോഹിതനായ എന്നെ ഇത്രയും ഉയർത്തിയതിൽ ആനന്ദിക്കാം. എന്നാൽ വീഴ്ചയുണ്ടാകുമെന്നു ഭയപ്പെടാം.

വി. ജറോം

108. സ്വർഗീയ ചുമതലയിൽ ഒരു പുരോഹിതൻ പാപം കലർത്തുമ്പോൾ സ്വർഗത്തിൽ നിന്നും അദ്ദേഹം നിപതിക്കുന്നു.

വി. പീറ്റർ ക്രിസലോഗസ്

109. മഹത്തരമായ അനുകൂല്യങ്ങൾ പുരോഹിതന് ലഭിച്ചിരിക്കുന്നു

വി. ഗ്രിഗറി

110. പാപത്തിലായിരിക്കുന്ന ഒരു പുരോഹിതനെപോലെ ഒരു ഭീകര സത്വം ലോകത്തിലില്ല.

വി. ജറോം

111. പുരോഹിതൻ മോശമായാൽ അവർ തിരുത്താൻ സാധിക്കാത്തവരാണ്

വി. ജോൺ ക്രിസോസ്റ്റം

112. പാപിയായ ഒരു പുരോഹിതനെ ദൈവം സന്മാനിതനാക്കുകയോ ബഹിഷ്കരിക്കുകയോ ചെയ്യും

വി. ബർണാർദ്



113. ഭൗമികരിൽ ക്ഷമിക്കുന്നതായ ഏറെ പാപങ്ങളും പുരോഹിതനെ സംബന്ധിച്ച് മാരക പാപങ്ങളാണ്

ഇന്നസെന്റ് III പോപ്പ്

114. പാപത്തിൽ നിപതിക്കുന്ന പുരോഹിതൻ ദൈവത്തെ മറക്കുന്നു

വി. ബർണാദ്

115. കർത്താവ് നമ്മെ വിളിക്കുമ്പോൾ അവിടുന്ന് അരുളി ചെയ്യുന്നത് നമുക്ക് ശ്രദ്ധിക്കാം.

വി. അഗസ്തിനോസ്

116. പുരോഹിതൻ പാപത്തിന് അടിമയാകുന്നതിൽ ലജ്ജിക്കണം

വി. പീറ്റർ ഡാമിയൻ

117. വിധി ദിവസത്തിൽ ഭൗതികർക്ക് പുരോഹിതരുടെ ളോഹ ലഭിക്കും. എന്നാൽ പാപിയായ പുരോഹിതന് പൗരോഹിത്യ അന്തസ് നഷ്ടപ്പെടും.

വി. ജോൺ ക്രിസോസ്റ്റം

118. പുരോഹിതരുടെ അന്തസ് വളരെ മഹത്തരമാണ്. എന്നാൽ അവർ പാപത്തിൽ അകപ്പെട്ടാൽ നാശം വളരെ വലുതായിരിക്കും.

പാരീസ് കൗൺസിൽ

www.malankaralibrary.com

119. ഇടയന്മാരെ എടുത്തു കൊണ്ടുപോയാൽ ആട്ടിൻ കൂട്ടത്തെ ചിതറിക്കാം

വി. ജോൺ ക്രിസോസ്റ്റം

120. പിശാചിന്റെ ഇഷ്ടഭോജനമാണ് പുരോഹിതൻ

ഹബക്കുക്

121. നിരുത്സാഹിയായ ഒരു പുരോഹിതനെ തിരികെ കൊണ്ടു വരുന്നതിലും എളുപ്പമാണ്, കുബുദ്ധിയായ ഒരു അൽമായനെ മാനസാന്തരപ്പെടുത്താൻ

വി ബർണാർദ്

122. ചെറിയ തെറ്റുകൾ വക വക്കാതിരിക്കുമ്പോൾ ദൈവിക കൃപകൾ തടസപ്പെടുന്നു

ഫാ. അൽവാറെസ് ഡി പാപാസ്

123. അലസനായ പുരോഹിതനെ ദൈവം കൈ ഒഴിയുന്നു

വി. അഗസ്തിനോസ്

124. ദൈവ സ്നേഹം എപ്പോഴും കത്തി ജ്വലിച്ചു നിൽക്കുന്ന അൾത്താരയാവണം, ഒരു പുരോഹിതന്റെ ഹൃദയം

പീറ്റർ ഡി. ബ്ലോയിസ്

125. മനുഷ്യരുടെ രക്ഷക്കു വേണ്ടി പുരോഹിതൻ അദ്ധ്വാനിക്കണം

വി. ബർണാർദ്



126. ഭൂമിയുമായിട്ടുള്ള ഓരോ നേരിയ അഭിനിവേശവും ആത്മീയ ഉന്നമനത്തിനു വിലങ്ങുതടിയായിരിക്കും

കുരിശിന്റെ വി. ജോൺ

127. പുരോഹിതന്റെ യോഗ്യത അവിടുത്തെ കരുണയിലാണ്

വി. അഗസ്തിനോസ്

128. അൾത്താരയിലേക്ക് പോകുന്ന ഒരു പുരോഹിതൻ അലംകൃതമാകേണ്ടുന്ന ആദ്യത്തെ യോഗ്യത ബ്രഹ്മചര്യമാണ്

ഒരിജൻ

129. ബ്രഹ്മചര്യത്തിൽ ജീവിക്കുന്നവരെയും അതിനു സാധിക്കുന്നവരെയും മാത്രമേ പുരോഹിതൻ എന്ന് വിളിക്കാനാകൂ.

വി. ക്ലമന്റ്

130. പുരോഹിതൻ രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധിയിലാണ്. ആത്മനിയന്ത്രണമില്ലായ്മ അവരെ അപഹരിക്കുന്നു.

വി. ഇസിദോർ

131. ബ്രഹ്മചര്യം തെളിയിക്കപ്പെട്ടില്ലെങ്കിൽ ആർക്കും പുരോഹിതനായി അഭിഷിക്തനാകാൻ അനുവാദമില്ല

ഇന്നസെന്റ് III പോപ്പ്

132. വൈദിക പട്ട ശേഷം വിഷയാസക്തിപരമായ പാപത്തിൽ വീണയാളെ പൗരോഹിത്യ കർത്തവ്യങ്ങളിൽ നിന്നും എടുത്തു കളയണം

വി. ഗ്രിഗറി

www.malankaralibrary.com

133. കർത്താവിന്റെ പവിത്ര സ്ഥാനം, ഒരു പുരോഹിതൻ അശുദ്ധമാക്കരുത്.

കർദിനാൾ ഹ്യൂഗോ

134. പുരോഹിതൻ പരിശുദ്ധാത്മാവിന്റെ ആലയമാണ്

വി. ഇഗ്നേഷ്യസ്

135. അശുദ്ധിയാൽ ഒരു പുരോഹിതൻ തന്റെ ശരീരം അപകീർത്തിപ്പെടുത്തുമ്പോൾ ദൈവത്തിന്റെ ആലയത്തെ ദുഷിപ്പിക്കുന്നു

വി. പീറ്റർ ഡാമിയൻ

136. ബ്രഹ്മചര്യ വിശുദ്ധിയില്ലാത്ത ഒരു പുരോഹിതൻ ദൈവത്തെ ദുഷിപ്പിക്കുന്നു

വി. ക്ലമന്റ്

137. യോഗ്യത കൂടാതെ പുരോഹിതൻ അൾത്താരയെ സമീപിക്കുമ്പോൾ ക്രിസ്തുവിന്റെ ശരീരത്തെ മലിനമാക്കുന്നു

വി. ജറോം

138. പുരോഹിതൻ അനുചിതമായ കടാക്ഷങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കണം

വി. ജറോം

139. സ്വർഗത്തിലെ മാലാഖമാരുടെ നടുവിൽ നിൽക്കാൻ തക്ക യോഗ്യതക്കാവശ്യമായ വിശുദ്ധി ഒരു പുരോഹിതന് ഉണ്ടായിരിക്കണം

വി. ജോൺ ക്രിസോസ്റ്റം



140. പുരോഹിതൻ ദിവ്യ കുഞ്ഞാടിനെ സ്പർശിക്കുന്നു. അതിന്റെ പരിശുദ്ധമായ മാംസം ഭക്ഷിക്കുന്നു. അക്കാരണത്താൽ പുരോഹിതൻ ദൈവ ഭക്തർക്ക് തുല്യമായ വിശുദ്ധി പരിശീലിക്കണം

കാസിയൻ

141. ബ്രഹ്മചാരിയല്ലാത്ത പുരോഹിതൻ ബലിയർപ്പണത്തിൽ പ്രതിഷ്ഠാ വാചകങ്ങൾ ഉരുവിടുമ്പോൾ യേശുവിന്റെ തിരുമുഖത്തിൽ തുപ്പുന്നു

പീറ്റർ കോംസ്റ്റർ

142. ബ്രഹ്മചര്യം പാലിക്കാത്ത പുരോഹിതൻ പിശാചുക്കളുടെ ഇരയാണ്

വി. പീറ്റർ ഡാമിയൻ

143. തിരുസഭ സഹിക്കുന്ന കൊടും പീഢകളിൽ ഒന്നാണ് പുരോഹിതന്റെ ആത്മനിയന്ത്രണമില്ലായ്മ

വി. ബർണാർദ്

144. ബ്രഹ്മചര്യം, ചാരിത്ര്യം ഇവയെപററി പ്രഘോഷിക്കുന്ന പുരോഹിതൻ ജഡികാസക്തിയുടെ അടിമയാകുന്നത് എത്ര ലജ്ജാകരമാണ്

വി. പീറ്റർ ഡാമിയൻ

145. ബ്രഹ്മചര്യം മനസിനെ ശുദ്ധീകരിക്കുന്നു. അതിലൂടെ മനുഷ്യർ ദൈവത്തെ കാണുന്നു

വി. അഗസ്തിനോസ്

www.malankaralibrary.com

146. പരിപൂർണമായും അശുദ്ധമായ ഒരാൾ ദൈവത്തിൽ നിന്നും മിക്കവാറും നീക്കം ചെയ്യപ്പെട്ടിരിക്കും

വി. തോമസ് അക്വിനാസ്

147. ആത്മീയ നിയന്ത്രണമില്ലാത്ത പുരോഹിതൻ വിശ്വാസത്തെ കുറിച്ചു പോലും സംശയങ്ങൾ സ്വീകരിക്കാം

വി. അംബ്രോസ്

148. പുരോഹിതൻ അവരുടെ വികാരങ്ങളുടെ സ്വരം അനുസരിക്കുന്ന ജഡത്തിനു പിന്നിലേക്ക് അവർ കർത്താവിനെ എറിയുന്നു

വി. പീറ്റർ ഡാമിയൻ

149. പുരോഹിതൻ ഒരിക്കൽ പിശാചിന്റെ കെണിയിൽ പെട്ടാൽ അത്ര എളുപ്പത്തിൽ അതിൽ നിന്ന് മുക്തമാകില്ല

വി. ജറോം

150. ആത്മനിയന്ത്രണമില്ലായ്മ എന്നത് പ്രതിവിധിയില്ലാത്ത വ്യാധിയാണ്

വി. ക്ലമന്റ്

151. ആത്മനിയന്ത്രണമില്ലായ്മ എന്നത് സുഖപ്പെടുത്താനാവാത്ത തിന്മയാണ്

വി. തെർതുല്യൻ

152. ആത്മനിയന്ത്രണമില്ലായ്മ പശ്ചാത്താപ രാഹിത്യത്തിന്റെ മാതാവാണ്

വി. സിപ്രിയാൻ



153. വിഷയാസക്തിയുടെ ആധിപത്യത്തിന് വഴങ്ങുന്ന ഒരുവന് ജഢത്തിന്റെ പ്രലോഭനങ്ങളെ കീഴ്പ്പെടുത്തുക അസാധ്യമാണ്

പീറ്റർ ഡി. ബ്ലോയിസ്

154. ആത്മനിയന്ത്രണമില്ലായ്മ എന്ന തിന്മക്ക് സ്വയം വിട്ടുകൊടുക്കുന്നവർ ആ ദുശീലവുമായി ഉഭയസമ്മതത്തിൽ ഏർപ്പെടുന്നു

വി. അഗസ്തിനോസ്

155. ദൈവികമായ സ്നേഹത്തിന്റെ അഗ്നി പുരോഹിതന് അൾത്താരയിൽ നിന്ന് ലഭിക്കുന്നു

വി. പീറ്റർ ഡാമിയൻ

156. അപകടകരമായ സാഹചര്യങ്ങൾ ഒഴിവാക്കുന്ന പുരോഹിതൻ വിജയം കൈവരിക്കുന്നു

വി. ഫിലിപ്പ് നേരി

157. പ്രാർത്ഥന മാത്രമാണ് ജഢത്തിന്റെ പ്രലോഭനങ്ങളെ പ്രതിരോധിക്കാനുള്ള വഴി

വി. ഗ്രിഗറി

158. മാലാഖമാർ ദാസരെപ്പോലെ ദിവ്യബലിയർപ്പിക്കുന്ന വൈദികനെ സഹായിക്കുന്നു

വി. അഗസ്തിനോസ്

www.malankaralibrary.com

159. വി. കുർബ്ബാനയിൽ പുരോഹിതൻ ക്രിസ്തുവിന്റെ സ്ഥാനം വഹിക്കുന്നു

വി. സിപ്രിയാൻ

160. ക്രിസ്തുവിനെ അവരുടെ കൈകളിലും ശരീരത്തിലും വഹിക്കുന്നതിനാൽ പുരോഹിതൻ എത്രയധികം വിശുദ്ധിയുള്ള വരാകണം

പീറ്റർ ഡി. ബ്ലോയിസ്

161. മനസാക്ഷിയുടെ വിശുദ്ധിയോടെ മാത്രമേ പുരോഹിതൻ ബലിയർപ്പിക്കാവൂ

ട്രന്റ് കൗൺസിൻ

162. ദൈവത്തെ പുരോഹിതൻ ആദരിക്കണം, സ്നേഹിക്കണം

വി. ഫ്രാൻസിസ് അസീസി

163. പുരോഹിതൻ തന്റെ വിശുദ്ധിയാലും, ദൈവശാസ്ത്ര പഠനങ്ങളാലും, പുണ്യകർത്തവ്യങ്ങളാലും കഠിനാദ്ധ്വാനത്തിലും ദൈവത്തെ ബഹുമാനിക്കണം

വി. ബർണാർദ്

164. അയോഗ്യതയോടെ പുരോഹിതൻ അൾത്താരയെ സമീപിക്കുമ്പോൾ തിരുവോസ്തിയെ മലിനമാക്കുന്നു.

വി. ജറോം

165. ബഹുമാനമില്ലാതെ പുരോഹിതൻ ബലിയർപ്പിക്കുമ്പോൾ അദ്ദേഹം കർത്താവിനെ അപമാനിക്കുന്നു, പുച്ഛിക്കുന്നു. ദൈവനിന്ദകമായ ബലിയർപ്പണം അദ്ദേഹത്തെ ഭയപ്പെടുത്തുന്നു

വി. സിറിൾ



166. യേശുവിന്റെ വിശുദ്ധ ശരീരം സ്പർശിക്കുന്ന ഹസ്തവും അവിടുത്തെ ദിവ്യരക്തത്താൽ ധൂമ്ര വർണമാക്കുന്ന നാവും സൂര്യന്റെ രശ്മികളേക്കാൾ വിശുദ്ധമായിരിക്കുന്നു

വി. ജോൺ ക്രിസോസ്റ്റം

167. പുരോഹിതരുടെ ദ്രോഹബുദ്ധികളാൽ പരിശുദ്ധ ബലിയർപ്പണം മലീമസമാക്കാൻ പാടില്ല.

ട്രന്റ് കൗൺസിൽ

168. പാപാവസ്ഥയിലിരിക്കുന്ന ഒരു പുരോഹിതൻ ദിവ്യബലിയർപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ നാവിനാലും കൈകളാലും ക്രിസ്തുവിന്റെ തിരുശരീരത്തെ അവഹേളിക്കുന്നു

വി. സിപ്രിയാൻ

169. അട്ടുനാറുന്ന ചെളിക്കുണ്ടിനെക്കാൾ വളരെ വൃത്തികെട്ടതാണ് പാപത്തിൽ ശയിക്കുന്ന ഒരു പുരോഹിതന്റെ ആത്മാവ്

പീറ്റർ കോംസ്റ്റർ

170. ദിവ്യ ശരീരം സ്വീകരിക്കുന്ന ദൈവനിന്ദകനായ ഒരു പുരോഹിതന്റെ ഹൃദയം പോലെ അയോഗ്യമല്ല ഒരു ചെളിക്കുണ്ട്

തിയോ ഫിലാക്റ്റസ്

171. അയോഗ്യതയോടെ ബലിയർപ്പിക്കുന്ന പുരോഹിതന്റെ പാപം ഏറെ ദാരുണമാണ്

വി. അഗസ്തിനോസ്

www.malankaralibrary.com

172. ചാവു ദോഷത്താൽ മലിനമാക്കപ്പെട്ട ആത്മാവോടെ അൾത്താരയെ സമീപിക്കുന്ന ഒരു പുരോഹിതൻ പിശാചിനെക്കാൾ ദുഷിച്ചവനാണ്

വി. ജോൺ ക്രിസോസ്റ്റം

173. യൂദാസിനെപോലെ ദൈവനിന്ദകനായ ഒരു പുരോഹിതൻ പൂർണമായും പിശാച് ബാധിച്ചവനാണ്

വി. ഇസിദോർ

174. പുരോഹിതൻ ശ്രേയസ്കരമായ ബലിയർപ്പണത്തിൽ ഭോഗേച്ഛയുടെ തീ നാളങ്ങൾ കൂട്ടിക്കലർത്തരുത്

വി. പീറ്റർ ഡാമിയൻ

175. അപരാധ മനസാക്ഷിയോടെ അൾത്താരയെ സമീപിക്കുന്ന പുരോഹിതന്റെ അവസ്ഥ പരിതാപകരവും, ദയനീയവുമായിരിക്കും

വി. ബർണാർദ്

176. നിത്യനായ പിതാവിന്റെ സ്വന്തം പുത്രനെ ബലിയർപ്പിക്കുന്ന ഓ ദൈവത്തിന്റെ പുരോഹിതാ, നിങ്ങൾ നിങ്ങളെ തന്നെ കാലേകൂട്ടി പിശാചിനു ഇരയായി ബലികഴിക്കരുത്

വി. പീറ്റർ ഡാമിയൻ

177. ദൈവത്തിങ്കലേക്ക് ആത്മാക്കളെ കൊണ്ടുവരുന്നതിനു പകരം അവരെ വിനാശത്തിലേക്ക് നയിക്കുന്നതിൽ വ്യാപൃതനാകുന്ന ഒരു പുരോഹിതന് എന്ത് ശിക്ഷയാവും അർഹിക്കുന്നത്?

വി. അഗസ്തിനോസ്



178. തന്റെ നന്മകളെ അനുകരിക്കാൻ പാകത്തിന് പുരോഹിതൻ തന്റെ വിശുദ്ധിയുടെ മഹത്വത്താൽ തിളങ്ങണം

വി. ജോൺ ക്രിസോസ്റ്റം

179. പുരോഹിതൻ നന്മകളാൽ സമൃദ്ധരും അലംകൃതരുമാണെങ്കിൽ ജനവും സമൃദ്ധരായിരിക്കും

വി. ചാൾസ് ബൊറോമിയോ

180. പുരോഹിതൻ കീഴക്കാംതൂക്കായ ഗർത്തത്തിലേക്ക് നടന്നടുക്കുമ്പോൾ ജനവും സർവ്വനാശത്തിലേക്ക് കൂപ്പുകുത്തുന്നു

വി. ഗ്രിഗറി

181. ഒരു പുരോഹിതൻ തെറ്റ് ചെയ്യുമ്പോൾ നിരവധി പേരുടെ വിനാശത്തിനു കാരണമാകുന്നു

വി. ബർണാർദ്

182. പുരോഹിതൻ സ്വർഗത്തെ അടയ്ക്കരുത്

വി. അഗസ്തിനോസ്

183. ശാഖകളാകുന്ന സമൂഹാംഗങ്ങൾക്ക് പുരോഹിതനാകുന്ന വേരിൽ നിന്നത്രേ പരിപോഷണം ലഭിക്കുന്നത്

വി. ജോൺ ക്രിസോസ്റ്റം

184. ഭൗതികരിലേക്ക് നന്മകൾ ഒഴുകിയിറക്കുന്ന ശിരസാണ് പുരോഹിതർ

വി. അംബ്രോസ്

www.malankaralibrary.com

185. ക്ഷീണിച്ചുകൊണ്ടിരിക്കുന്ന ശിരസ് എന്നത് പാപം ചെയ്യുന്ന പുരോഹിതനാണ്

വി. ഇസിദോർ

186. മോശം മേലധ്യക്ഷരാണ് തന്റെ കീഴിലുള്ളവരുടെ പാപങ്ങൾക്കുള്ള മുഖ്യ കാരണങ്ങൾ

യൂജിൻ III പോപ്പ്

187. ക്രിസ്ത്യാനികളുടെ പിതാക്കന്മാരാണ് പുരോഹിതർ

വി. ഗ്രിഗറി

188. ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ എല്ലാ മനുഷ്യരെയും കാത്തു സൂക്ഷിക്കാൻ കടപ്പെട്ടവനാണ് പുരോഹിതൻ. സർവ്വലോകത്തിന്റെയും പിതാവാണ് പുരോഹിതൻ

വി. ജോൺ ക്രിസോസ്റ്റം

189. ഒരു പിതാവെന്ന നിലയിൽ പുരോഹിതൻ തന്റെ മക്കൾക്ക് ദുർമാതൃക കാട്ടിയാൽ രണ്ടിരട്ടി പാപമാണ് വന്നു ചേരുക

പീറ്റർ ഡി. ബ്ലോയിസ്

190. പാപം ചെയ്യുന്ന പുരോഹിതൻ വഴി തന്റെ ആത്മീയ മക്കൾ മരിക്കുന്നു

വി. ഗ്രിഗറി

191. പുരോഹിതന്റെ പ്രവൃത്തികൾക്ക് വാക്കുകളേക്കാൾ ശക്തി ഉണ്ട്

വി. ബർണാർദ്



192. മറ്റുള്ളവർക്ക് നിത്യതയിലേക്കുള്ള ഒരു പ്രബോധനമായിരിക്കണം ഒരു പുരോഹിതന്റെ ജീവിതം

വി. അഗസ്തിനോസ്

193. എങ്ങനെയാണ് ഭോഗേച്ഛയുടെ അടിമക്ക് ബ്രഹ്മചര്യത്തെക്കുറിച്ച് ഉപദേശിക്കാനാവുക?

പീറ്റർ ഡാമിയൻ

194. വിശുദ്ധിയുടെ പദവിയും, നാമവും വഹിക്കുന്ന ഒരാളെക്കാൾ മറ്റാരും തിരുസഭയെ മുറിപ്പെടുത്തുന്നില്ല

വി. ഗ്രിഗറി

195. നല്ല മാതൃക നൽകാത്ത ഒരു പുരോഹിതൻ പുച്ഛങ്ങളുടെ ഉരുപ്പിടിയായിരിക്കും

വി. ബർണാർദ്

196. ഭൗതികരെക്കാളും മോശമായ പുരോഹിതന്റെ സ്വഭാവം കാണുന്നത് എത്ര അപകീർത്തിപരമാണ്

വി. ജോൺ ക്രിസോസ്റ്റം

197. മറ്റുള്ള ആത്മാക്കളെ പിടിക്കാനുള്ള പിശാചിന്റെ പ്രചോദനങ്ങളിൽ വീണു പോകുന്ന പുരോഹിതർ വശീകരണ പക്ഷികളാണ്

വി. സീസർ

198. പുരോഹിതരിൽ കുറച്ചുപേരുടെ അപകീർത്തിപരമായ ജീവിതങ്ങളാൽ തിരുസഭയെ പാഴാക്കി വീഴ്ത്തിയിരിക്കുന്നു

വി. ജറോം

www.malankaralibrary.com

199. ആത്മാക്കളെ തിന്മയിൽ നിന്നും വീണ്ടെടുക്കാനുള്ള കർത്തവ്യം ദൈവം പുരോഹിതരിൽ ഭരമേൽപിച്ചിരിക്കുന്നു

വി. ഗ്രിഗറി

200. ചില പുരോഹിതരാൽ യേശുവിന്റെ നിയമങ്ങൾ അപമാനിക്കപ്പെടുന്നു

സാൽവിയൻ

201. അപകീർത്തികരമായി ജീവിക്കുന്ന പുരോഹിതരുടെ ദുർമാതൃക കണ്ട് വളരെയധികം വിശ്വാസികൾ അവരുടെ വിശ്വാസത്തിൽ ചഞ്ചലപ്പെടാൻ കാരണമാകുന്നു

വി. ബർണസൈൻ

202. പുരോഹിതരുടെ പാപങ്ങളാലാണ് ദൈവത്തിന്റെ തിരുസഭ നിന്ദകളാലും അപകീർത്തികളാലും മൂടപ്പെട്ട് അഴുക്കിൽ ചവിട്ടി മെതിക്കപ്പെട്ടത്

പീറ്റർ ഡി. ബ്ലോയിസ്

203. ദൈവ നിന്ദകർ ഏൽപ്പിച്ചതിനെക്കാളും വലിയ മുറിവുകൾ തിരുസഭയിൽ ഏൽപിച്ചത് അപകീർത്തികരായ പുരോഹിതരാണ്

വി. ബർണാർദ്

204. പുരോഹിതൻ പാപം ചെയ്യുന്നെങ്കിൽ എല്ലാ ദൈവജനവും പാപം ചെയ്യാൻ നയിക്കപ്പെടുന്നു. വിധി ദിവസത്തിൽ അൽമായർക്ക് പൗരോഹിത്യ ളോഹ ലഭ്യമാകും – എന്നാൽ പാപിയായ പുരോഹിതൻ അയാളുടെ അന്തസിന്റെ കുപ്പായം ഉരിഞ്ഞ് നീക്കപ്പെട്ട് അയാൾക്ക് അവിശ്വാസികളുടെയും ദൈവ നിന്ദകരുടെയും കൂടെ ഇരിപ്പിടം കണ്ടെത്തേണ്ടി വരും–

വി. ജോൺ ക്രിസോസ്റ്റം



205. ജനം തെറ്റ് ചെയ്യുന്നതിനെക്കാൾ കുറേകൂടി വഷളമായ അവസ്ഥയാണ് തെറ്റ് ചെയ്യുന്നവരെ നാം പുകഴ്ത്തുന്നത്

വി. ജോൺ ക്രിസോസ്റ്റം

206. "ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ്"

1 കോറിന്തോസ് 3/9

207. പുരോഹിതരുടെ അന്തസ് ദൈവിക അന്തസാണ്

വി. ഡെന്നീസ്

208. ലോകത്തിന്റെ രക്ഷകരാണ് പുരോഹിതർ

വി. ജറോം

209. ദൈവത്തിന്റെ രാജകീയ മന്ദിരത്തിന്റെ കാര്യ നിർവ്വാഹകരാണ് പുരോഹിതർ

വി. പ്രോസ്പർ

210. ഭൗമിക കാര്യങ്ങൾ ഒരു രാജാവിൽ നിക്ഷിപ്തമായിരിക്കുന്നു, പുരോഹിതനിൽ സ്വർഗീയ കാര്യങ്ങളും

വി. ജോൺ ക്രിസോസ്റ്റം

211. പുരോഹിതൻ ദൈവ ജനത്തിന്റെ നേതാവാണ്

വി. പീറ്റർ ഡാമിയൻ

212. പുരോഹിതൻ യേശുവിന്റെ മണവാട്ടിയായ തിരുസഭയുടെ രക്ഷകർത്താവാണ്

വി. ബർണാർദ്

www.malankaralibrary.com

213. പുരോഹിതൻ ഭൂമിയിലെ ദൈവമാണ്

വി. ക്ലമന്റ്

214. മനുഷ്യരുടെ എല്ലാ പ്രതീക്ഷയും രക്ഷയും പുരോഹിതരുടെ കരങ്ങളിലാണ്

വി. ഫ്ളാവിയൻ

215. പുരോഹിതൻ നിത്യജീവിതത്തിനായി നമ്മെ പരിണമിപ്പിക്കുന്നു

വി. ജോൺ ക്രിസോസ്റ്റം

216. പുരോഹിതരില്ലെങ്കിൽ ഈ ഭൂമിയിൽ വിശുദ്ധരുണ്ടാവില്ല

വി. ഇഗ്നേഷ്യസ്

217. മറ്റുള്ളവരിൽ നല്ല സ്വഭാവം സ്വാധീനിക്കുന്നവരായി പുരോഹിതരെ ബഹുമാനിക്കണം

വി. ക്ലമന്റ്

218. പുരോഹിതൻ ലോകവസ്തുക്കൾ നേടാനല്ല മനുഷ്യരുടെ ആത്മാക്കളെ നേടാനാണ് അവരെ ഏൽപ്പിച്ചിട്ടുള്ള ജോലി

വി. അംബ്രോസ്

219. പുരോഹിതൻ എന്ന വാക്ക് സൂചിപ്പിക്കുന്നത് വിശുദ്ധമായ കാര്യങ്ങൾ പഠിപ്പിക്കുന്നയാൾ എന്നത്രേ

വി. ആന്റൊണൈൻ



220. വിശുദ്ധ വസ്തുക്കൾ വിതരണം ചെയ്യുന്നയാളാണ് പുരോഹിതൻ

വി. തോമസ് അക്വിനാസ്

221. വിപ്രവാസിയെ തന്റെ സ്വന്തം രാജ്യത്തിലേക്ക് വഴി കാട്ടുന്നവനാണ് പുരോഹിതൻ

ഹൊണേറിയസ്

222. ക്രിസ്തുവിന്റെ പറ്റത്തിന്റെ നായകരാണ് പുരോഹിതർ

വി. അംബ്രോസ്

223. ഒരു പുരോഹിതന്റെ ഉചിതമായ കർത്തവ്യം ലോകത്തിന്റെ ദുർനടപടികളിൽ നിന്നും ആത്മാക്കളെ സംരക്ഷിക്കുകയും, ദൈവത്തിലേക്ക് നയിക്കുകയുമാണ്

വി. ആൻസെലാം

224. ദൈവം യേശുവിനെ ലോകത്തെ രക്ഷിക്കാൻ അയച്ചതുപോലെ പാപികളെ മാനസാന്തരപ്പെടുത്താൻ യേശുക്രിസ്തുവും പുരോഹിതരെ നിയോഗിച്ചു

വി. പാവോൺ

225. പുരോഹിതൻ ഭൂമിയുടെ ഉപ്പ് ആയിരിക്കാനാണ് ദൈവനിശ്ചയം

ബീഡ്

226. പുരോഹിതൻ ലോകത്തിന്റെ പിതാവാണ്

വി. ജോൺ ക്രിസോസ്റ്റം

www.malankaralibrary.com

227. ആത്മാക്കളുടെ ചികിത്സകരാണ് പുരോഹിതർ

ഒറിജിൻ

228. പുരോഹിതർ ആത്മീയ ചികിത്സകരാണ്

വി. ജറോം

229. പുരോഹിതൻ തിരുസഭയുടെ മതിലുകൾ ആണ്

വി. ജോൺ ക്രിസോസ്റ്റം

230. വേച്ചു നടക്കുന്ന ലോകത്തെ പരിപാലിക്കുന്ന തൂണുകളാണ് പുരോഹിതർ

വി. യുക്കേറിയസ്

231. ദൈവത്തിന്റെ ഭവനമാണ് പുരോഹിതർ

വി. ബർണാർദ്

232. കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരാണ് പുരോഹിതർ

വി. ജോൺ ക്രിസോസ്റ്റം

233. ദൈവത്തിന്റെ താല്പര്യങ്ങളുടെ കാര്യനിർവ്വാഹകരാണ് പുരോഹിതർ

വി. അഗസ്തിനോസ്

234. പുരോഹിതൻ എത്രയധികം ആത്മാക്കളെ ഗുണദോഷിക്കുന്നുവോ അത്രയധികം ആത്മാക്കളെ അദ്ദേഹം സ്വന്തമാക്കിയിരിക്കും

വി. ഗ്രിഗറി



235. പുരോഹിതന്റെ വിശുദ്ധിയാണ് പാപികളെ മാനസാന്തരപ്പെടുത്താനുള്ള മുഖ്യമായ മാർഗം

വി. യൂക്കേറിയസ്

236. ദൈവത്തിനും മനുഷ്യർക്കും മധ്യേ സമാധാനം നിലനിർത്താൻ പുരോഹിതനെ ദൈവം ഭരമേല്പിച്ചിരിക്കുന്നു

വി. തോമസ് അക്വിനസ്

237. പുരോഹിതൻ ആദ്യം ഒരു സംഭരണിയാവണം, പിന്നീട് ഒരു നീർച്ചാലാവുക

വി. ബർണാർദ്

238. പുരോഹിതൻ നിശബ്ദനായിരിക്കരുത്

അൽകടിൻ

239. പുരോഹിതൻ പ്രഭാഷണം ചെയ്യുന്നതു വഴിയായി വല വിരിക്കുന്നു – എന്നാൽ കുമ്പസാരം കേൾക്കുന്നതു മുഖേന അയാളെ തീരത്തോടടുപ്പിച്ച് മത്സ്യത്തെ പിടിക്കുന്നു

ലൂയിസ് ഫിയോറില്ലോ

240. പുരോഹിതൻ ആത്മാക്കളെ രക്ഷിക്കാൻ പ്രാപ്തരാക്കുന്ന ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ പഠിക്കണം

വി. പ്രോസ്പർ

241. പുരോഹിതൻ രാജകീയ മന്ദിരത്തിന്റെ കാര്യനിർവാഹകരാണ്

വി. പ്രോസ്പർ

www.malankaralibrary.com

242. ക്രിസ്തുവിന്റെ ആട്ടിൻ പറ്റത്തിന്റെ നായകരും, ബോധക രുമാണ് പുരോഹിതർ

വി. അംബ്രോസ്

243. പുരോഹിതർ ദൈവീക വിധി ന്യായങ്ങളുടെ വ്യാഖ്യാതാ ക്കളാണ്

വി. ജോൺ ക്രിസോസ്റ്റം

244. പുരോഹിതർ ക്രിസ്തുവിന്റെ വികാരിമാരാണ്

വി. ഡെന്നീസ്

245. ഒരാൾ ഉന്നതജാതനാണെന്നുള്ളതല്ല പക്ഷെ ഒരാളുടെ പെരുമാറ്റമാണ് ദൈവവിളി തെളിയിക്കുന്നത്

വി. ഗ്രിഗറി

246. നമ്മുടെ ജീവിതത്തിന്റെ എല്ലാ കാര്യത്തിന്റെയും പ്രധാന പ്പെട്ട ചക്രമാണ് ദൈവത്തിൽ നിന്നുള്ള നിയോഗം

വി. ഗ്രാനഡ

247. ദൈവം വിളിക്കുമ്പോൾ അവിടുന്നുതന്നെ വേണ്ടുന്ന സഹാ യങ്ങളും നൽകുന്നു

വി. ലിയോ

248. ഒരു പുരോഹിതൻ ബലിയർപ്പിക്കുമ്പോൾ അത് പുരോഹി തന്റെ കൈകളാൽ അർപ്പിക്കുന്ന ബലിയാണെന്ന് നിങ്ങൾ വിശ്വസിക്കരുത്. എന്നാൽ അത് അദൃശ്യനായ ദൈവത്തിന്റെ നീട്ടിയ കരങ്ങളിലൂടെ അർപ്പിക്കപ്പെടുന്ന കുർബ്ബാനയാ ണെന്ന് വിശ്വസിക്കണം

വി. ജോൺ ക്രിസോസ്റ്റം



249. പരിശുദ്ധ കന്യകയുടെ ഉദരത്തിലെന്നപോലെ സ്വന്തം കൈകളിൽ ദൈവപുത്രൻ മനുഷ്യാവതാരം എടുക്കുന്ന പുരോഹിതരുടെ ഓ ആരാധ്യമായ അന്തസേ.

വി. അഗസ്തിനോസ്

250. പുരോഹിതൻ ഒരു പ്രാവശ്യം ഭക്ഷിക്കുന്ന ദിവ്യഭക്ഷണം മതിയാകും അവരെ വിശുദ്ധരാക്കാൻ

വി. മേരി മഗ്ദലിൻ ഡി പാസി

251. വി. കുർബ്ബാന അർപ്പിക്കുമ്പോൾ ലൗകികമായ എല്ലാ ചിന്ത കളിൽ നിന്നും പുരോഹിതൻ വിട്ടു നിൽക്കണം

വി. ഫ്രാൻസിസ് ഡി. ഡാലസ്

252. പാപികൾക്കായി മദ്ധ്യസ്ഥം വഹിക്കുന്ന കർത്തവ്യം നിർവ്വ ഹിക്കാനും വേണ്ടികൂടിയാണ് പുരോഹിതൻ അൾത്താര യിൽ പ്രവേശിക്കുന്നത്

വി. ലോറൻസ് ജസ്റ്റിനിയൻ

253. മാലാഖമാർ വഴി പുരോഹിതൻ തന്റെ പ്രാർത്ഥനകൾ ദൈവ ത്തിങ്കലേക്ക് എത്തിക്കുന്നു. ദൈവജനം അവരുടെ പ്രാർത്ഥ നകൾ പുരോഹിതരിലൂടെ സമർപ്പിക്കുന്നു.

വി. തോമസ് അക്വിനാസ്

254. പുരോഹിതൻ ദൈവത്തെ ബഹുമാനിക്കണം. പുരോഹിതൻ യേശുവിന്റെ പീഢാനുഭവങ്ങളുടെ ഓർമ്മകൾ കൊണ്ടാ ടണം. പുരോഹിതൻ ആഗോള തിരുസഭക്ക് കൃപകളും, വര ദാനങ്ങളും സമ്പാദിക്കണം

വി. ബൊനവെന്തുര

www.malankaralibrary.com

255. ബലിപീഠത്തിൽ പുരോഹിതൻ യേശു ക്രിസ്തുവിന്റെ അതേ വ്യക്തിത്വത്തെ പ്രതിനിധീകരിക്കുന്നു

വി. സിപ്രിയാൻ

256. പരിശുദ്ധമായ അനുസരണയുടെ നന്മയാൽ പുരോഹിതൻ വി. കുർബ്ബാന ചൊല്ലണം

വി. പയസ് V

257. പുരോഹിതൻ സാധ്യമായ ഏറ്റവും വലിയ ദൈവഭക്തിയാൽ വി. കുർബ്ബാന അർപ്പിക്കണം

ട്രന്റ് കൗൺസിൽ

258. ദിവ്യബലി അർപ്പിക്കുന്ന ഒരു പുരോഹിതന്റെ ബാഹ്യമായ പെരുമാറ്റം തന്റെ ഉള്ളിലുള്ള പ്രകൃതത്തെ വെളിപ്പെടുത്തുന്നു

വി. ബൊനവെന്തുര

259. അഭിഷിക്തനായ ദിവസം ദിവസം മുതൽ പുരോഹിതൻ അവരുടേതല്ല മറിച്ച് ദൈവത്തിന്റെ സ്വന്തമാണ്

വി. അംബ്രോസ്

260. തിരുസഭയിലെ വൈദികർ തിരുസഭയിലെ അടിസ്ഥാനങ്ങളാണ്

വി. ഗ്രിഗറി

261. എല്ലാ തലങ്ങളിലും ജനത്തെ ബോധദീപ്തമാക്കുന്ന നക്ഷത്രങ്ങളാണ് പുരോഹിതർ

നിക്കോളാസ് മാർപാപ്പ



262. സമുദ്രത്തിന്റെ നടുവിലും ലോകത്തിന്റെ ഇരുട്ടിലും യാത്ര ചെയ്യുന്ന ഭൗതികർ നാശത്തിൽ നിന്നും രക്ഷപെടാനായി ഉറ്റു നോക്കുന്ന മുന്നറിയിപ്പുകളുടെ ദീപസ്തംഭമായിരിക്കണം ഒരു പുരോഹിതൻ

വി. ചാൾസ് ബാക്കോമിയോ

263. പുരോഹിതർ ക്രിസ്ത്യാനികളുടെ പിതാക്കന്മാരാണ്

വി. ജറോം

264. പുരോഹിതർ എല്ലാവരുടെയും പിതാക്കന്മാരാണ്. ആത്മീയതയുടെ എല്ലാ കാര്യങ്ങളും ചെയ്യേണ്ടത് പുരോഹിതന്മാരാണ്

വി. ജോൺ ക്രിസോസ്റ്റം

265. പുണ്യപ്പെട്ടത് കൊടുക്കുന്നയാളാണ് പുരോഹിതൻ

വി. പീറ്റർ ഡി. ബ്ലോയിസ്

266. പുണ്യങ്ങളുടെ രൂപമാണ് പുരോഹിതൻ

വി. പീറ്റർ കൃസാലോഗസ്

267 .പുരോഹിതർ വിശുദ്ധരായിരിക്കണം, വിശുദ്ധരായി കാണപ്പെടണം

വി. ഗ്രിഗറി

268. പുരോഹിതൻ ജനത്തിന്റെ നായകനാണ്

വി. പീറ്റർ ഡാമിയൻ

www.malankaralibrary.com

269. പുരോഹിതൻ ഗുരുനാഥനായി മുൻപേ പോകണം

ആബട്ട് ഫിലിപ്പ്

270. പുരോഹിതർ ഭൂമിയുടെ ഭരണാധികാരികൾ ആണ്

വി. അഗസ്തിനോസ്

271. മറ്റുള്ളവരുടെ തെറ്റുകൾ തിരുത്താൻ വേണ്ടി എല്ലാവരിലും ഉപരിയായി പ്രതിഷ്ഠിച്ചിരിക്കുന്നയാൾ പ്രശംസാർഹകനും അനിന്ദ്യനുമായിരിക്കണം

ഹോർമിസ്ഡാസ് മാർപാപ്പ

272. പുരോഹിതർ നന്മകളുടെ പ്രകാശത്താൽ തിളങ്ങിയിരിക്കണം

പിസാ കൗൺസിൽ

273. ജനങ്ങളുടെ രക്ഷയെന്നത് അവരെ നിയന്ത്രിക്കുന്നവരുടെ സത്യസന്ധതയാണ്

വി. ലിയോ

274. പുരോഹിതൻ വിശുദ്ധിയുടെ ഗുരുനാഥൻ

വി. ഗ്രിഗറി

275. ജനത്തെ പഠിപ്പിക്കാൻ ചുമതലപ്പെടുത്തുന്നയാളാണ് പുരോഹിതൻ

വി. ഇസിഡോർ



276. പുരോഹിതരുടെ ജീവിതം മറ്റുള്ളവർക്ക് രക്ഷയുടെ തിരുകർമം ആയിരിക്കണം

വി. അഗസ്തിനോസ്

277. എല്ലാ മനുഷ്യരും അവരെ ദർശിക്കുന്ന ലോകത്തിന്റെ കണ്ണാടിയാണ് പുരോഹിതർ

ട്രന്റ് കൗൺസിൽ

278. നല്ല മാതൃകയാൽ പുരോഹിതൻ മറ്റുള്ളവരുടെ ഇടയിൽ തിളങ്ങണം

വി. ഗ്രിഗറി

279. പൗരോഹിത്യ തിരുവസ്ത്രം, ജീവിതാവസ്ഥ എന്നിവ ജീവിത വിശുദ്ധി ആവശ്യപ്പെടുന്നു

വി. ജറോം

280. എല്ലാ ആത്മീയതകളുടെയും രക്ഷ അവരുടെ കടമകളാൽ കടപ്പെട്ടിരിക്കുന്നു

വി. യുക്കേറിയസ്

281. പുരോഹിതൻ തന്റെ നാവ് സുവിശേഷത്തിനായി സമർപ്പിച്ചു കഴിഞ്ഞിരിക്കുന്നു

വി. ബർണാർദ്

282. ബ്രഹ്മചര്യം എന്ന നന്മയുടെ യോഗ്യതയാൽ പുരോഹിതർ മാലാഖമാരെപ്പോലെ തന്നെയാണ്

കാസിയൻ

www.malankaralibrary.com

283. യഥാർത്ഥ പുരോഹിതർ ആയിരിക്കുന്നവർ ബ്രഹ്മചര്യത്തിന്റെ ജീവിത വിശുദ്ധി നയിക്കുന്നവർ മാത്രമാണ്

വി. ക്ലമന്റ്

284. വിശുദ്ധിയും ബ്രഹ്മചര്യവും എല്ലാവർക്കും വളരെ അത്യാവശ്യമാണ് പ്രത്യേകിച്ച് അൾത്താരയിലെ ശുശ്രൂഷകർക്ക്

വി. അഗസ്തിനോസ്

285. എല്ലാത്തിനുമുപരി ദൈവത്തിന്റെ അൾത്താരയിൽ ശുശ്രൂഷ ചെയ്യുന്ന പുരോഹിതർ ബ്രഹ്മചര്യ വിശുദ്ധിയിൽ വലയം ചെയ്യപ്പെട്ടിരിക്കണം

ഒറിജൻ

286. മാലാഖമാരുടെ നടുവിൽ നിൽക്കാൻ വേണ്ടുന്ന വിശുദ്ധി ഒരു പുരോഹിതനുണ്ടായിരിക്കണം

വി. ജോൺ ക്രിസോസ്റ്റം

287. ബ്രഹ്മചര്യം തിരുസഭയുടെ അഭിമാനമാണ് – പുരോഹിതരുടെ മഹത്വമാണ്

വി. ജറോം

288. ദൈവത്തിന്റെ ഭവനമായ പുരോഹിതൻ, യേശുവിന്റെ ആലയമായ പുരോഹിതൻ, ആത്മാക്കൾ വിശുദ്ധികരിക്കപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ഉപകരണമായ പുരോഹിതൻ ആവശ്യമായും ബ്രഹ്മചര്യം പരിശീലിക്കണം

വി. ഇഗ്നേഷ്യസ്



289. പുരോഹിതർ അവിശുദ്ധമായ പ്രവർത്തികൾ ഒഴിവാക്കണമെന്നു മാത്രമല്ല കണ്ണുകളാൽ ഒരു കടാക്ഷം പോലും അരുത്

വി. ജറോം

290. പുരോഹിതന്റെ വാക്കുകൾ ഏറ്റവും ചുരുങ്ങിയതും കരുതലോടും സൂക്ഷിച്ചും വേണം

വി. അഗസ്തിനോസ്

291. ഒരാൾക്ക് മറ്റൊരാളുമായുള്ള ആത്മീയ അടുപ്പം ജഡികാസക്തിയായി മാറിയോ എന്നറിയാൻ 5 അടയാളങ്ങൾ നൽകുന്നു.

a. നീണ്ടതിനും ഒന്നിനും ഉതകാത്തതുമായ സംഭാഷണങ്ങൾ തുടരുമ്പോൾ
b. അന്യോന്യമുള്ള നോട്ടങ്ങളും അന്യോന്യമുള്ള പുകഴ്ത്തലുകളും ഉണ്ടാകുമ്പോൾ.
c. ഒരാൾ മറ്റൊരാളുടെ തെറ്റുകൾ ക്ഷമിച്ചു തുടങ്ങുമ്പോൾ.
d. ചെറിയ അസൂയകൾ അവർ പ്രകടിപ്പിക്കുമ്പോൾ.
e. ഒരാളുടെ അസാന്നിദ്ധ്യം മറ്റേയാളിൽ മാനസികമോ ശാരീരികമോ ആയ പിരിമുറുക്കം ഉണ്ടാക്കി തുടങ്ങുമ്പോൾ

വി. ബൊണവെഞ്ചർ

292. വിഷയ ലമ്പടത്തെ കഠിനാദ്ധ്വാനം കൊണ്ട് അടിച്ചമർത്തണം

വി. ഇസിഡോർ

293. അലസനായി ഇരിക്കുന്ന പുരോഹിതനെ നിരവധി പിശാചുക്കൾ തുടർച്ചയായി എതിരിട്ടുകൊണ്ടിരിക്കും

വി. ബൊണവെന്തുര

www.malankaralibrary.com

294. ഭക്ഷണത്തിലുള്ള അതിസംതൃപ്തി ആത്മനിയന്ത്രമില്ലായ്മയെ പ്രകോപിപ്പിക്കുന്നു

വി. ജറോം

295. വിനയാന്വിതനല്ലാത്ത ഒരാൾ വിശുദ്ധിയിലായിരുന്ന് ബ്രഹ്മചര്യം പാലിക്കാനാവില്ല

കാസിയൻ

296. എളിമയിലൂടെയാണ് നാം വിശുദ്ധി ആർജ്ജിക്കുന്നത്

വി. ബർണാർദ്

297. ആത്മനിയന്ത്രണത്തെ വിനയവുമായി സംയോജിപ്പിക്കണം

വി. ജോൺ ക്ലിമാക്കസ്

298. ദൈവത്തിന്റെ സഹായമില്ലാതെ പുരോഹിതന് വിശുദ്ധിയിൽ തന്നെത്തന്നെ നിലനിർത്താനാവില്ല

കാസിയൻ

299. പുരോഹിതൻ പൂർണ്ണ ഹൃദയത്തോടെ ദൈവത്തോട് പ്രാർത്ഥിക്കണം

ലൂയിസ് ആബെല്ലി

300. ബ്രഹ്മചര്യവും, വിശുദ്ധിയും ലഭ്യമാകുന്നതിന് ആദ്യത്തെ മാർഗം ദൈവത്തോട് ചോദിക്കുകയെന്നതാണ്

വി. സിപ്രിയൻ



301. പുരോഹിതന്റെ മനസിൽ മോശം ചിന്തകൾ വളരാൻ അനുവദിക്കരുത്. പാടില്ല. ശത്രു ചെറുതായിരിക്കുമ്പോൾ തന്നെ അതിനെ നശിപ്പിക്കുക

വി. ജറോം

302. പുരോഹിതൻ അടക്കവുമൊതുക്കവുമില്ലാതെ ഉടുത്തൊരുങ്ങി വരുന്ന സ്ത്രീകളെ നോക്കുന്നതിൽ നിന്നും കണ്ണുകൾ പിൻവലിക്കണം

വി. ജോൺ ക്രിസോസ്റ്റം

303. നോട്ടത്തിൽ നിന്നും തിന്മയുടെ ചിന്തകൾ ഉടലെടുക്കുന്നു

വി. അഗസ്തിനോസ്

304. പുരോഹിതൻ സ്ത്രീകളെ നോക്കരുതെന്നു മാത്രമല്ല ഒരു കാര്യവും സംസാരിക്കയുമരുത് കണ്ണുകളാൽ ഒരു കടാക്ഷം പോലും അരുത്

വി. ജറോം

305. പുരോഹിതൻ സ്ത്രീകളുമായ സമ്പർക്കങ്ങളിൽ നിന്നും വിനാശകരമായ ആസക്തികൾ മുളക്കും

കൊർണ്ണിലിസ് എലാപിഡ്

306. ഒരു പുരോഹിതൻ ഒരു സ്ത്രീയുമായി സൗഹൃദം തുടരുകയും അതോടൊപ്പം ബ്രഹ്മചര്യം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നതാണ് മരണപ്പെട്ട മനുഷ്യനെ ജീവിപ്പിക്കുന്നതിലും മഹത്തരമായ പുണ്യം ഒരാളിൽ ആവശ്യമാണ്

വി. ബർണാർദ്

www.malankaralibrary.com

307. സ്ത്രീകളുമായി ഇടപെടുമ്പോൾ നാം ആകാശത്ത് വിമാനത്തിൽ സഞ്ചരിക്കുമ്പോഴെന്ന പോലെ വളരെ ക്ഷണികവും കടന്നുപോകുന്ന സ്ഥിതി ഉളവാകുന്ന പോലെയും ആയിരിക്കണം

വി. സിപ്രിയാൻ

308. പുരോഹിതൻ തന്റെ ബന്ധുക്കളായവരെപ്പോലും കൂടെ താമസിപ്പിക്കരുത്

വി. ജറോം

309. പുരോഹിതൻ സ്ത്രീകളുമായി ഒരേ ഭവനത്തിൽ അതിൽ ബന്ധുക്കളാണെങ്കിൽ കൂടിയും താമസിക്കാൻ പാടില്ല

വി. ചാൾസ് ബൊറോമിയൊ

310. പുരോഹിതൻ സ്ത്രീകളെ നോക്കാതെ തന്നെ അൽപം ദൂരം പാലിച്ച് അങ്ങനെയുള്ള ഘട്ടങ്ങളിൽ അവരോട് പെരുമാറണം

ഫാ. പീറ്റർ കൺസോളിനി

311. വചനം പ്രസംഗിക്കുക

2 തിമോത്തിയോസ് 4/2

312. വെറുപ്പ് ഉളവാക്കുന്ന സ്വഭാവമുള്ള ഒരാളുടെ പ്രബോധനം എല്ലാവരാലും പുച്ഛിക്കപ്പെടും

വി. ഗ്രിഗറി

313. ഏററവും നല്ലരീതിയിൽ പ്രബോധനം ചെയ്യണമെങ്കിൽ യേശു ക്രിസ്തുവിനെ തീക്ഷ്ണമായി സ്നേഹിക്കുക

ഫാ. ജോൺ ഡി ആവിലായ്



314. പുരോഹിതൻ അഗ്നിയിൽ ജ്വലിച്ചു നിൽക്കുന്നില്ലെങ്കിൽ മറ്റുള്ളവരെ പ്രത്യു ജ്വലിപ്പിക്കാനാവില്ല

വി. ഗ്രിഗറി

315. കേൾവിക്കാരുടെ ഉൾക്കൊള്ളാനുള്ള ശേഷിയെ ആശ്രയിച്ചായിരിക്കണം പുരോഹിതൻ ദൈവവചനം പങ്കുവക്കേണ്ടത്

ട്രന്റ് കൗൺസിൽ

316. കുമ്പസാരം നല്ലതുപോലെ കേൾക്കുന്നതിന് പുരോഹിതന് അതിവിശാലമായ അറിവിന്റെ ആവശ്യമുണ്ട്

വി. ലോറൻസ് ജസ്റ്റിനിയൻ

317. കലകളുടെ കലയാണ് ആത്മാക്കളെ നയിക്കുന്ന കലയായ കുമ്പസാരം

വി. ഗ്രിഗറി

318. കുമ്പസാരക്കാരന്റെ പദവിയാണ് മറ്റേതു പദവികളേക്കാളുപരി ഏറ്റവും പ്രധാനപ്പെട്ടതും പ്രയാസമേറിയതും

വി. ഫ്രാൻസിസ് ഡി. സാലസ്

319. കുറ്റകൃത്യങ്ങളുടെ ന്യായാധിപനായിട്ടല്ല നിങ്ങളെ കുമ്പസാരക്കാരനായി നിയമിച്ചിരിക്കുന്നത്. കഠിന ശിക്ഷ വിധിക്കാനുമല്ല. മറിച്ച് രോഗങ്ങളെ സുഖപ്പെടുത്തുന്ന വിധികർത്താക്കളായാണ്

വി. വിക്റ്റർ

www.malankaralibrary.com

320. വിശുദ്ധ ലിഖിതങ്ങൾ പ്രകാരം അധികാരമില്ലെങ്കിൽ മാരകപാപം പ്രസ്താവിക്കാൻ പുരോഹിതൻ അത്ര തുനിയരുത്

വി. റെയ്മണ്ട്

321. പുരോഹിതർ അവരെത്തന്നെ എല്ലാ സമയവും പ്രാർത്ഥനയിൽ അർപ്പിക്കുന്നു

വി. അംബ്രോസ്

322. ബലിയർപ്പിക്കുന്ന പദവിയും സുഗന്ധ ദ്രവ്യങ്ങളർപ്പിക്കുന്ന പദവിയും ഒരേപോലെയായിരിക്കും ഒരു പുരോഹിതൻ വഹിക്കുന്നത്

ഫാ. ജോൺ ഡി ആവിലാ

323. ദൈവ കൃപ ലഭിക്കാൻ പുരോഹിതൻ ദൈവത്തോട് പ്രാർത്ഥിക്കണം

വി. ഗ്രിഗറി

324. മാനസിക പ്രാർത്ഥന അവഗണിക്കുന്ന പുരോഹിതൻ പിശാചുക്കൾ എടുത്തു കൊണ്ടു പോകുന്നതിനു കാത്തു നിൽക്കേണ്ടി വരില്ല, മറിച്ച് അയാൾ തന്നെ അയാളെ കൊണ്ടെത്തിച്ചു കൊള്ളും

വി. തെരേസ

325. എല്ലാ സമയത്തും ആത്മാവിൽ പ്രാർത്ഥനാ നിരതരായിരിക്കുവിൻ

എഫേസൂസ് 6/18



326. മാനസിക പ്രാർത്ഥന ചെയ്യാത്ത ആത്മാവ് മരണപ്പെട്ടിരിക്കുന്നു

വി. ജോൺ ക്രിസോസ്റ്റോം

327. മാനസിക പ്രാർത്ഥനക്കുള്ള വലിയ തീക്ഷ്ണതയില്ലാതെ ഒരു ആത്മാവും മഹത്തായ നന്മകൾ കൈവരിക്കില്ല

വി. അലോഷ്യസ് ഗൊൺവാഗ

328. പുരോഹിതൻ പ്രാർത്ഥിക്കാൻ പോകുന്നത് ദൈവത്തെ പ്രസാദിപ്പിക്കാനാകണം

വി. ഫ്രാൻസിസ് ഡി. ഡാലസ്

329. മനസാലെയുള്ള പ്രാർത്ഥനയല്ലാതെ പൗരോഹിത്യത്തിന്റെ ആത്മാവിനെ ഒട്ടും ആർജിക്കാനാവില്ല

വി. അഗസ്തിനോസ്

330. പുരോഹിതൻ അവനെപ്പറ്റി ആദ്യം ശ്രദ്ധിക്കുക എന്നു പറഞ്ഞാൽ പ്രാർത്ഥിക്കുക, അതിനുശേഷം ഉപദേശിക്കുക. അതായത് പഠിക്കുക. മറ്റുള്ളവരുടെ രക്ഷ ഉറപ്പാക്കുന്നതിന് യത്നിക്കുക. ദൈവത്തെ അറിയുന്നവൻ സന്തോഷവാനായിരിക്കും

വി. അഗസ്തിനോസ്

331. സ്നേഹം എന്നത് അറിവാണ്

വി. ഗ്രിഗറി

332. സ്നേഹം എന്നത് കാഴ്ചപ്പാടാണ്

വി. അഗസ്തിനോസ്

www.malankaralibrary.com

333. കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ

സങ്കീർത്തനം 34/8

334. "കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മദ്ധ്യേ നിന്ന് കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കട്ടെ"

ജോയേൽ 2/17

335. നിന്നെക്കുറിച്ചും ശ്രദ്ധിക്കുക. അവയിൽ ഉറച്ചു നിൽക്കുക. അങ്ങനെ ചെയ്യുന്നതുവഴി നീ നിന്നെത്തന്നെയും നിന്റെ ശ്രോതാക്കളെയും രക്ഷിക്കും"

1 തിമോത്തിയോസ് 4/16

336. യേശു ക്രിസ്തു ആയിരിക്കട്ടെ പുരോഹിതരുടെ ജ്ഞാനവും, സമ്പത്തും, രാജ്യവും

വി. പനളിനസ്

337. എന്റെ ദൈവം എന്റെ എല്ലാം.

വി. ഫ്രാൻസിസ് അസീസി

338. പുരോഹിതൻ ബാഹ്യമായ കരുണയിൽ വ്യാപൃതനായി തിരക്കിലാകുമ്പോൾ ധ്യാനിക്കുന്ന ശീലം വിട്ടു കളയരുത്

വി. ബർണാദ്

339. ഒരു പുരോഹിതൻ പരോപകാര പുണ്യപ്രവൃത്തികളിൽ മുഴുകുന്നതിനു മുൻപ് പ്രാർത്ഥനയോട് ശരണമുണ്ടായിരിക്കണം

വി. ലോറൻസ് ജസ്റ്റീനിയൻ



340. മുഴുവൻ ജനത്തേയും പരിവർത്തനപ്പെടുത്തുന്നതിന് തീക്ഷ്ണതയാൽ ജ്വലിച്ചു നിൽക്കുന്ന ഒരു പുരോഹിതൻ മതിയാകും

വി. ജറോം

341. സങ്കീർത്തകൻ പ്രാർത്ഥിക്കുമ്പോൾ നാമും പ്രാർത്ഥിക്കണം. സങ്കീർത്തകൻ നെടുവീർപ്പെടുമ്പോൾ നമ്മളും നെടുവീർപ്പിടണം. പ്രതീക്ഷിക്കുമ്പോൾ നാമും സങ്കീർത്തകനോടൊപ്പം പ്രതീക്ഷിക്കണം

വി. അഗസ്തിനോസ്

342. കർത്താവിന്റെ വിശുദ്ധരേ അവിടുത്തെ പാടി പുകഴ്ത്തുവിൻ

സങ്കീർത്തനം 30/4

343. ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ

വി. മത്തായി. 11/29

344. പുരോഹിതന്റെ അന്തസ് എത്രയധികമായി ഉയർത്തപ്പെടുന്നുവോ അത്രയധികമായി അദ്ദേഹത്തിന്റെ വിനയവും മഹോന്നതമായിരിക്കും

വി. ബർണാർദ്

345. എളിമയെന്ന ഭാവത്തെ തന്റെ സ്വഭാവത്തിൽ ഏറ്റവും തിളങ്ങി നിൽക്കുന്ന വിലപ്പെട്ട വസ്ത്രമായി പുരോഹിതൻ കരുതണം

വി. ലോറൻസ് ജസ്റ്റിനിയൻ

www.malankaralibrary.com

346. നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയ വനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോ ലെയും ആയിരിക്കണം

വി. ലൂക്കാ 22/26

347. കർത്താവേ അങ്ങ് ആരാണ്? ഞാൻ ആരാണ്?

വി. ഫ്രാൻസിസ് അസീസി

348. ദൈവം സർവ്വശക്തനാണ്. നിങ്ങൾ എളിമപ്പെടുക. അവി ടുന്ന് നിങ്ങളിൽ ഇറങ്ങി വരും

വി. അഗസ്തിനോസ്

349. 'അഹങ്കരിക്കുന്നവനോട് കർത്താവിന് വെറുപ്പാണ്'

സുഭാഷിതങ്ങൾ. 16/5

350. വിനീതന്റെ പ്രാർത്ഥന മേഘങ്ങൾ തുളച്ചു കയറുന്നു

പ്രഭാഷകൻ 16/21

351. അഹങ്കാരിയായ ഒരു പുരോഹിതനെ പിശാച് അവന്റെ കളി പ്പാട്ടം പോലെ ഉപയോഗിക്കുന്നു

വി. ജോസഫ് കാലസാൻഷ്യസ്

352. പുരോഹിതരായ നമ്മുടെ അന്തസ് എത്രയോ ഔന്നത്യ ത്തിലേക്ക് അവരോധിക്കപ്പെടുന്നുവോ അത്രത്തോളം നാം നമ്മെക്കുറിച്ച് ആത്മപ്രശംസ നടത്താനുള്ള പ്രലോഭന ങ്ങൾക്ക് കീഴ്പ്പെടാൻ അവസരങ്ങൾ തുറന്നിരിക്കും

വി. ജറോം



353. ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്

1 കോറിന്തോസ് 15/10

354. ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്

2 കോറിന്തോസ് 5/20

355. സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്

2 കോറിന്തോസ് 3/5

356. ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്

1 കോറിന്തോസ് 9/16

357. എളിമ എന്നത് മുൻപേ പോയില്ലെങ്കിൽ എത്ര നല്ല പ്രവൃത്തി ചെയ്താലും അതിനൊക്കെ അഹങ്കാരം നമ്മിൽ നിന്നും കവർന്നെടുക്കും

വി. അഗസ്തിനോസ്

358. നന്മകളുടെ നിരവധി പ്രവർത്തികൾ ചെയ്യുന്ന ഒരാളിൽ എളിമയില്ലെങ്കിൽ അയാൾ കാറ്റിൽ പൊടി വിതറുന്ന മനു ഷ്യനു തുല്യനാണ്

വി. ഗ്രിഗറി

359. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല

വി. യോഹന്നാൻ 15/5

www.malankaralibrary.com

360. സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്

2 കോറിന്തോസ് 3/16

361. ഉപയോഗ ശൂന്യരായ വേലക്കാർ എന്ന് നമുക്ക് നമ്മെ വിളിക്കാം. അങ്ങനെ നന്മകൾ ഉപയോഗപ്രദമാകട്ടെ.

വി. ജോൺ ക്രിസോസ്റ്റം

362. യുഗങ്ങളുടെ രാജാവും അനശ്വരനും അദൃശ്യനുമായ ഏക ദൈവത്തിന് എന്നെന്നും ബഹുമാനവും മഹത്വവുമുണ്ടായിരിക്കട്ടെ

1 തിമോത്തിയോസ് 1/17

363. ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു ഞാൻ പൂർവാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും

2 കോറിന്തോസ് 12/9

364. എളിമയുള്ളവൻ ദൈവത്തിൽ പ്രവർത്തിച്ച് ദൈവികമായ കരത്തിന്റെ ശക്തിയാൽ പ്രവർത്തിക്കുന്നു

വി. ലിയോ

365. ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും

ഏശയ്യ. 40/31

366. ദൈവം തന്നിലൂടെ വലിയ കാര്യങ്ങൾ പ്രവർത്തിക്കണമെന്ന് അഗ്രഹിക്കുന്ന ഒരാൾ മറ്റെല്ലാവർക്കും ഉപരിയായി വിനീതനായി വർത്തിക്കാൻ പ്രയത്നിക്കണം

വി. ജോസഫ് കാലസാൻഷ്യസ്



367. 'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും

ഫിലിപ്പിയർ 4/13

368. എങ്കിലും വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തെരെഞ്ഞെടുത്തു.

1 കോറിന്തോസ് 1/27

369. ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മക്കായി പരിണമിച്ചിരിക്കുന്നുവെന്നു നമുക്കറിയാമല്ലോ?

റോമാ. 8/28

370. ദുരിതങ്ങൾ എനിക്കുപകാരമായി

സങ്കീർത്തനം. 111/71

371. എളിമ നടിച്ച് അഭിനന്ദനം അന്വേഷിക്കുന്നത് എളിമയല്ല. മറിച്ച് എളിമയുടെ നാശമാണ് സംഭവിക്കുന്നത്.

വി. ബർണാർദ്

372. നിന്ദനങ്ങൾ എളിമയാക്കി പരിവർത്തനം ചെയ്യുന്നയാളാണ് വിനയാന്വിതൻ

വി. ബർണാർദ്

373. നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല

വി. മത്തായി. 18/3

www.malankaralibrary.com

374. അഹങ്കാരം നെറികേടിന്റെ അടയാളമാണെങ്കിൽ ദൈവഹിതത്തിന്റെ തെളിവാണ് വിനയം

വി. ഗ്രിഗറി

375. ദൈവം അഹങ്കാരികളെ എതിർക്കുകയും എളിമയുള്ളവർക്കു കൃപ കൊടുക്കുകയും ചെയ്യുന്നു

യാക്കോബ് 4/6

376. ദൈവത്തിന്റെ മുൻപിൽ നീ എളിമപ്പെടുക. ദൈവത്തിന്റെ കാര്യങ്ങൾക്കായി കാത്തിരിക്കുക

പ്രഭാഷകൻ. 13/9

377. ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ.

വി. മത്തായി 11/29

378. നിന്ദിക്കപ്പെട്ടപ്പോൾ അവൻ പകരം നിന്ദിച്ചില്ല. പീഠനമേറ്റപ്പോൾ ഭീഷണിപ്പെടുത്തിയില്ല. പിന്നെയോ നീതിയോടു വിധിക്കുന്നവനു തന്നെത്തന്നെ ഭരമേൽപിക്കുകയാണ് ചെയ്തത്

1 പത്രോസ് 2/23

379. സൗമ്യതയാണ് മറ്റേതു നന്മകളേക്കാളും ദൈവത്തോട് നമ്മെ സാമ്യപ്പെടുത്തുന്നത്. ശാന്തശീലരെ യേശു ദൈവത്തെ അനുകരിക്കുന്നവരെന്ന് വിളിക്കുന്നു

വി. ജോൺ ക്രിസോസ്റ്റം



380. പരോപകാരത്തിലെ പുഷ്പമാണ് സൗമ്യത

വി. ഫ്രാൻസിസ് ഡി സാലസ്

381. കർത്താവ് എളിയവരെ ഉയർത്തുന്നു

സങ്കീർത്തനം 147/6

382. കോപം എന്ന വികാരം ഒന്നെങ്കിൽ ഒഴിവാക്കണം അല്ലെങ്കിൽ തടയണം, നിയന്ത്രിക്കണം.

വി. അംബ്രോസ്

383. ശാന്തശീലതയെന്ന സ്വഭാവം അറിയാത്ത ആളോട് സൗമനസ്യത്തോടെ, മാധുര്യത്തോടെ പെരുമാറണം

വി. ജോൺ ക്രിസോസ്റ്റം

384. സൗമ്യമായ മറുപടി ക്രോധം ശമിപ്പിക്കുന്നു. പരുഷമായ വാക്ക് കോപം ഇളക്കിവിടുന്നു

സുഭാഷിതങ്ങൾ 15/1

385. ജലം അഗ്നിയെ കെടുത്തുന്നതുപോലെ സൗമ്യമായ മറുപടി കോപത്തെ മയപ്പെടുത്തുന്നു

വി. ജോൺ ക്രിസോസ്റ്റം

386. മധുരമൊഴി സ്നേഹിതന്മാരെ ആകർഷിക്കുന്നു. മധുരഭാഷണം സൗഹൃദത്തെ ഉത്തേജിപ്പിക്കുന്നു

പ്രഭാഷകൻ 6/5

www.malankaralibrary.com

387. പുരോഹിതൻ കഴിയുന്നത്ര സൗമ്യതയോടുകൂടി മറ്റുള്ള വരെ ദൈവത്തിങ്കലേക്ക് അടുപ്പിക്കണം.

വി. ജോൺ ക്രിസോസ്റ്റം

388. മറുപടി വൈകിക്കുന്നതാണ് ഏറ്റവും നല്ല പ്രതിവിധി. വികാരം ആത്മാവിന്റെ നയനങ്ങളെ മൂടുന്ന ഒരുതരം ആവരണമാണ്.

സെനെക്ക

389. കോപാവേശത്താൽ അസ്വസ്ഥപ്പെടുന്ന കണ്ണുകൾക്ക് കാണാനാവില്ല

വി. ബർണാർദ്

390. കോപിച്ചു കൊള്ളുക എന്നാൽ പാപം ചെയ്യരുത്

സങ്കീർത്തനം 4/5

391. പുരോഹിതൻ കോപം നിയന്ത്രിക്കണം – നിങ്ങൾ ഒരിക്കലും ദേഷ്യപ്പെട്ടിട്ടില്ല എന്നു പറയുന്നതിനെക്കാൾ നല്ലത് നിങ്ങൾ ഉചിതമായി, ബുദ്ധിപരമായി കോപിച്ചിട്ടുണ്ട് എന്ന് പറയുന്നതാണ്.

വി. ഫ്രാൻസിസ് ഡി സാലസ്

392. കോപത്തോടും കാർക്കശ്യത്തോടും ഒരു മേലധികാരി കീഴ്ജോലിക്കാരനെ തിരുത്തുന്നത് വലിയ നീചത്വമാണ്

പീറ്റർ ഡി. ബ്ലോയിസ്



393. ഏറ്റവും സുന്ദരമായ മുഖഭാവത്തിന് ഭയാനകരമായ ആകാരം നൽകി വികൃതമാക്കുന്ന വികാരമാണ് കോപം

സെനെക്കാ

394. തിരുത്തലിനു മുൻപായി സഹോദരനോട് രോഷമല്ല, അനുകമ്പയാണ് വേണ്ടത്

വി. അഗസ്തിനോസ്

395. എന്റെ കോപം അവരുടെ നിന്ദനങ്ങളെക്കാൾ എന്നെ വേദനിപ്പിക്കും

സെനെക്കാ

396. ശാന്തശീലരുടെ സ്വച്ഛതയും, പ്രശാന്തതയും തടസപ്പെടുത്താനാവില്ല

വി. ലിയോ

397. നിങ്ങളുടെ കോപം സുര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുപോകാതിരിക്കട്ടെ

എഫേസൂസ് 4/26

398. ശാന്തശീലർ ഭാഗ്യവാന്മാർ, അവർ ഭൂമി അവകാശമാക്കും

വി. മത്തായി 5/5

399. പുരോഹിതൻ മറ്റുള്ളവരുടെ മേൽ ഒരു അധികാരവും ആഗ്രഹിക്കരുത് – പുരോഹിതൻ എല്ലാവർക്കും വിധേയപ്പെടണം – പുരോഹിതൻ ആക്ഷേപങ്ങൾ നിശബ്ദമായി സ്വീകരിക്കണം

വി. ബർണാർദ്

www.malankaralibrary.com

400. പുരോഹിതൻ അവഹേളനങ്ങൾ സമാധാനത്തോടെ സ്വീക രിച്ചാൽ വിനയാന്വിതനാകും

വി. ഡോറോത്തേവൂസ്

401. അവഹേളനങ്ങൾ വിനയമാക്കി മാറ്റുന്നയാളാണ് വിനയാ ന്വിതൻ

വി. ബർണാർദ്

402. അവഹേളനങ്ങൾ ഏൽക്കുന്ന സമയം എന്നത് നമ്മുടെ കാഴ്ചപ്പാടുകൾ നീക്കം ചെയ്യപ്പെടുന്ന സമയമാണ്

ഫാ. അൽവാറസ്

403. പുകഴ്ത്തലുകൾ വഴിയായി കുറ്റബോധമുള്ള മനസ് സൗഖ്യപ്പെടുന്നില്ല – ഒരു നല്ല മനസ് നിന്ദനങ്ങളിൽ മുറി വേൽക്കപ്പെടുന്നില്ല

വി. അഗസ്തിനോസ്

404. ശാന്തശീലർ അവർക്കും മറ്റുള്ളവർക്കും ഉപകാരപ്രദമാണ്

വി. ജോൺ ക്രിസോസ്റ്റം

405. അറിയപ്പെടാതിരിക്കാൻ ഇഷ്ടപ്പെടുക. ഒന്നുമല്ലെന്ന് കരു തപ്പെടാനും അഗ്രഹിക്കുക

വി. ബോണവെന്തുര

406. ദൈവത്തെ ദർശിക്കണമെങ്കിൽ ഹൃദയം ശുദ്ധീകരിക്കണം

വി. അഗസ്തിനോസ്



407. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും

വി. മത്തായി 5/8

408. ഉപ്പ് മാംസത്തെ മലിനമാക്കാതെ സൂക്ഷിക്കുന്നതുപോലെ ഇന്ദ്രിയ നിഗ്രഹം ആത്മാവിനെ പാപത്തിൽ നിന്നും കാത്തു കൊള്ളുന്നു

വി. ഫ്രാൻസിസ്

409. നാം ദിവ്യരഹസ്യങ്ങൾ അൾത്താരയിൽ കൊണ്ടാടുമ്പോൾ കർത്താവിന്റെ പീഢാനുഭവങ്ങൾ നാം ആചരിക്കുന്നു – അതിനാൽ ആ വ്യാകുലാനുഭവങ്ങൾ നമ്മുടെ ജീവിത ത്തിൽ പുനർജനിപ്പിക്കണം

സെന്റ് വിക്റ്ററിന്റെ ഹ്യൂഗോ

410. പ്രാർത്ഥന ഹൃദയത്തിലേക്ക് ദിവ്യമായ സ്നേഹം നിവേ ശിപ്പിക്കുന്നു. പരോപകാരത്തിനു ഒരു വേദി തയ്യാറാക്കു ന്നത് ഇന്ദ്രിയ നിഗ്രഹമാണ്

വി. ഫ്രാൻസിസ് ബോർജിയ

411. ഇന്ദ്രിയ നിഗ്രഹമില്ലാതുള്ള പ്രാർത്ഥന ഒന്നുകിൽ ഒരു മിഥ്യാ ധാരണയാവും അല്ലെങ്കിൽ പ്രവർത്തിക്കുന്നത് വളരെ ഹ്രസ്വ മായ സമയത്തേക്ക് മാത്രമായിരിക്കും

വി. ബൽറാസ്ളർ അൽവാറിസ്

412. ഇന്ദ്രിയ നിഗ്രഹമില്ലാതെ മണിക്കൂറുകളോളം പ്രാർത്ഥി ക്കുന്ന ആത്മാവിനേക്കാൾ, ഇന്ദ്രിയ നിഗ്രഹങ്ങൾ പാലി ക്കുന്ന ഒരാത്മാവ് ദൈവവുമായി വളരെ പെട്ടെന്ന് തന്നെ ഏറെ ഗാഢമായ ബന്ധം പുലർത്തി സംയോജിക്കപ്പെടും

വി. ഇഗ്നേഷ്യസ്

www.malankaralibrary.com

413. ഏറ്റവും നിസാരമായ കാര്യങ്ങളിൽപോലും സ്വയം ഉപേക്ഷിക്കുക എന്നത് ഒരു നിസാര കാര്യമല്ല

വി. തോമസ് അക്വിനാസ്

414. ഒരാൾ തന്നെത്തന്നെ സ്വയം വിട്ടൊഴിഞ്ഞില്ലെങ്കിൽ എല്ലാം പരിത്യക്തമാകുന്നതിന് ഒരു മനുഷ്യന് ഗുണപ്രദമാകുന്നത് ഒന്നുമുണ്ടാവില്ല

വി. പീറ്റർ ഡാമിയൻ

415. നിങ്ങൾ നിങ്ങളെത്തന്നെ നിരാകരിക്കാതെ നിങ്ങൾക്ക് ഒരിക്കലും യേശു ക്രിസ്തുവിനെ അനുയായി ആയിരിക്കാനാവില്ല

വി. ബർണാർദ്

416. നിങ്ങൾ നിങ്ങളോട്തന്നെ ബലപ്രയോഗം നടത്തുമ്പോൾ നന്മകളിൽ നിങ്ങൾ വളരെ വലിയ മുന്നേറ്റം നടത്തുന്നു

വി. ജറോം

417. ഉപവാസം കൊണ്ട് ശരീരം ശോഷിപ്പിച്ചിട്ട് അതിനുശേഷം അഹങ്കാരം കൊണ്ട് അതേ ശരീരം വീർപ്പിച്ചിട്ട് എന്തു പ്രയോജനം?

വി. ജറോം

418. ദൈവത്തിനു പൂർണമായി സ്വന്തമായിരിക്കാൻ ആഗ്രഹിക്കുന്നവർ വസ്തുവിനോട്, ബഹുമതികളോട്, ബന്ധുക്കളോട്, തന്നിഷ്ടം ഇവയിൽ നിന്ന് മാറി നിൽക്കണം

വി. ജോൺ ക്ലിമാക്കസ്



419. കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും

സങ്കീർത്തനം 16/5

420. പുരോഹിതൻ ദൈവത്തെ ഓഹരിയായി സ്വീകരിച്ച ശേഷം സമ്പത്ത് കൈവശപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നത് അദ്ദേഹത്തിന്റെ സ്രഷ്ടാവിന് വലിയ അപമാനം വരുത്തിവക്കുന്നു

വി. പീറ്റർ ഡാമിയൻ

421. അത്യാഗ്രഹമുള്ളവരുടെ ഗണത്തിൽ പണത്തോട് അങ്ങേയറ്റം മമതയുള്ളവരിൽ പുരോഹിതനേക്കാൾ കൂടുതൽ പണത്തിലാശയുള്ളവർ വേറെ ഇല്ല

വി. ബർണാർദ്

422. എത്ര മാനക്കേടാണത്. ഒരു പുരോഹിതൻ സമ്പത്ത് വാരികൂട്ടുന്നതിൽ വ്യാപൃതനാകുന്നത്?

വി. ജറോം

423. ധനവും, സമ്പത്തും ശേഖരിച്ചു കൂട്ടുന്ന പുരോഹിതർ വലിയ അനർത്ഥങ്ങളിലാണ്

വി. ഹിലാരി

424. സ്വർണം കുന്നുകൂട്ടി വെക്കുന്നയാൾ ദൈവത്തിന്റെ കൃപകൾ നഷ്ടപ്പെടുത്തുന്നു

വി. അംബ്രോസ്

www.malankaralibrary.com

425. സ്വർണത്തോടും, സമ്പത്തിനോടുമുള്ള ദാഹം വേരോടെ പിഴുതു കളയുക. എങ്കിൽ നിങ്ങൾ എല്ലാ കുറ്റകൃത്യങ്ങളും വേരോടെ തന്നെ പിഴുതു കളയും

വി. ജോൺ ക്രിസോസ്റ്റം

426. സമ്പത്തിനെ അന്വേഷിക്കുന്ന ഒരു പുരോഹിതൻ ഒരിക്കലും ഒരു വിശുദ്ധനാകില്ല

വി. ഫിലിപ്പ് നേരി

427. നമ്മുടെ സമ്പത്ത് എന്നു പറയുന്നത് വിശുദ്ധി, ദൈവഭക്തി, എളിമ, ശാന്തശീലത, സൗമ്യത ഇവയാണ്

വി. പ്രോസ്പർ

428. ഭൂമിയിൽ പുരോഹിതർ നിധികൾ സംഭരിക്കരുത്. എന്നാൽ സൽപ്രവൃത്തികളും ആത്മാക്കളും സ്വർഗത്തിനായി കരുതുക

മിലാൻ കൗൺസിൽ

429. വലിയ ദൗത്യങ്ങളിൽ നിങ്ങളെ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതാണ്. ബാലിശമായ കാര്യങ്ങളിൽ നിങ്ങൾ വ്യാപൃതരാവരുത്

പീറ്റർ ഡി ബ്ലോയ്സ്

430. ഭൗമിക വ്യവഹാരങ്ങൾ ചിലന്തി വല അല്ലെങ്കിൽ പിന്നെന്താണ്?

വി. ബർണാർദ്



431. സർവ്വത്തിന്റെയും സൃഷ്ടാവിനെ സ്വന്തമാക്കാമെന്നിരിക്കെ ഒന്നുമല്ലാത്തതിനെക്കുറിച്ച് നാമെന്തിനു നമ്മെത്തന്നെ വിഷമിപ്പിക്കുന്നു?

വി. ബൊണവെന്തുര

432. എത്ര കണ്ട് പുരോഹിതർ ലൗകിക കാര്യങ്ങളിൽ ബദ്ധശ്രദ്ധരാകുന്നുവോ അത്രകണ്ട് അവർ സ്വർഗീയ കാര്യങ്ങളിൽ നിന്നും വേർപെട്ടു പോകുന്നു

വി. ഇസിഡോർ

433. ഒരു പുരോഹിതൻ വാദിക്കേണ്ട കാര്യങ്ങൾ പാവപ്പെട്ട പാപികൾക്കു വേണ്ടിയാണ്

വി. അംബ്രോസ്

434. ഒരാൾ പതിവായിട്ടുള്ള വിനോദങ്ങൾ ഒഴിവാക്കണമെന്നല്ല എല്ലാ വിനോദങ്ങളും തന്നെ ഒഴിവാക്കണം – ഒരു വിനോദം ചിലപ്പോൾ യുക്തമായിരിക്കാം. എന്നാൽ അത് പുരോഹിതർക്ക് യുക്തമായിരിക്കില്ല.

വി. അംബ്രോസ്

435. ബഹുമതികളോടുള്ള അഭിനിവേശം ആത്മാക്കളുടെ നാശമാണ്

പീറ്റർ ഡി ബ്ലോയിസ്

436. ബഹുമതി എത്ര വലുതാണോ അത്രയും അനർഹമായിരിക്കും. മറ്റുള്ളവരാൽ അയാൾ ഉപേക്ഷിക്കപ്പെടും

വി. ബർണാർദ്

www.malankaralibrary.com

437. ബഹുമതിയുടെ ആഴം അളക്കേണ്ടത് അത് വഹിക്കുന്ന യാളുടെ ശക്തിയെ അടിസ്ഥാനമാക്കിയാവണം

വി. അംബ്രോസ്

438. ശരിയിലും, തെറ്റിലുമായി പൗരോഹിത്യ ബഹുമതിയിലേക്ക് കയറി പറ്റാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് ആ പദവി ലഭിക്കുകയില്ല. മറിച്ച് അയാൾ ആ പദവി ബലം പ്രയോഗിച്ച് പിടിച്ചെടുക്കുകയാണ് ചെയ്യുന്നത്

വി. ആൻസെലം

439. സ്വന്തം മാതാവിനോടും, പിതാവിനോടും നിങ്ങളെ അറിയില്ല എന്ന് പറയാത്ത ഒരാളെ പുരോഹിതനായി തെരെഞ്ഞെടുക്കരുത്

പീറ്റർ ഡി. ബ്ലോയിസ്

440. ദൈവത്തെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്ന ഒരാൾ അയാളുടെ ബന്ധുക്കളെ നിരാകരിക്കണം

വി. അംബ്രോസ്

441. നാം നമ്മുടെ മാതാപിതാക്കളെ ബഹുമാനിക്കണം. പക്ഷെ ആദ്യം നാം ദൈവത്തെ അനുസരിക്കണം

വി. അഗസ്തിനോസ്

442. ബന്ധുക്കളോട് വലിയ കരുണ കാണിക്കുന്നതും, ദൈവത്തെ അനുസരിക്കാതിരിക്കുന്നതും ദൈവഭക്തിയല്ല ഭക്തിയില്ലായ്മയാണ്

വി. ജറോം



443. സ്വന്തം കുടുംബത്തിൽപ്പെട്ടവർ തന്നെയായിരിക്കും ഒരുവന്റെ ശത്രുക്കൾ

വി. മത്തായി 10/36

444. ദൈവവുമായി ഐക്യപ്പെടണമെങ്കിൽ ബന്ധുക്കളിൽ നിന്നും വേർപെട്ടിരിക്കണം

വി. ഗ്രിഗറി

445. മാംസത്തോടും രക്തത്തോടും ഉള്ള നമ്മുടെ സ്നേഹം ദൈവത്തോടുള്ള സ്നേഹത്തെ കവരും

പീറ്റർ ഡി. ബ്ലോയിസ്

446. ഓ യേശുവേ എന്റെ ബന്ധുക്കളുടെയിടയിൽ ഞാനെങ്ങനെ അങ്ങയെ കാണും? എന്തെന്നാൽ അങ്ങയുടെ ബന്ധുക്കൾക്കിടയിൽ അങ്ങയെ ഞാൻ കണ്ടിരുന്നില്ലല്ലോ?

വി. ബൊണവെന്തുര

447. തന്നിഷ്ടത്തിന്റെ ഇന്ദ്രിയ നിഗ്രഹത്തിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത്

വി. ഫിലിപ്പ് നേരി

448. തന്നിഷ്ടമെന്നത് അത്രകണ്ട് ദൈവത്തിനെതിരാണ്

വി. ബർണാർദ്

449. ഏതു കാര്യത്തിലും നമ്മുടെ ആത്മീയ ഗുരു നമ്മെ നയിക്കുമ്പോൾ അത് പാപകരമല്ലെന്ന് തീർച്ചപ്പെടുത്തുന്നെങ്കിൽ ദൈവം തന്നെ നമ്മോട് സംസാരിച്ചെന്ന് ഉറപ്പിച്ച് നാം സുരക്ഷിതരായിരിക്കുമെന്ന് മനസിലാക്കാം

വി. ബർണാർദ്

www.malankaralibrary.com

450. ദൈവത്തിന് ഒരാൾ തന്നിഷ്ടങ്ങൾ സമർപ്പിച്ചു കഴിഞ്ഞാൽ അയാൾ ചോദിക്കുന്നതെന്തും ദൈവം അയാൾക്കു നൽകും

വി. ലോറൻസ് ജസ്റ്റിനിയൻ

451. നിന്റെ സ്വന്തം വഴിയിലൂടെ നടക്കാതെയും നിന്റെ താല്പര്യങ്ങൾ അന്വേഷിക്കാതെയും ലോകത്തിലെ ഉന്നതസ്ഥാനങ്ങളിലൂടെ നിന്നെ ഞാൻ സവാരി ചെയ്യിക്കും

എശയ്യ 58/13

452. ഒരു വിശുദ്ധനാകാത്തയാൾ വിഡ്ഢിയാണ്

വി. ഫിലിപ്പ് നേരി

453. ഒരാൾ തന്നെത്തന്നെ പൂർണമായി ദൈവത്തിനു സമർപ്പിച്ചാലല്ലാതെ അയാൾക്ക് ദൈവത്തിന്റെ ശുശ്രൂഷകനാകാൻ യോഗ്യത ലഭിക്കുന്നില്ല

വി. ഗ്രിഗറി

454. പുരോഹിതൻ ആദ്യം തന്നെത്തന്നെ സ്വയം സമർപ്പിക്കണം. അതിനുശേഷം ബലിയർപ്പിക്കണം

വി. അംബ്രോസ്

455. ഒന്നും കാണാത്തതുപോലെ ഈ ലോകത്തിൽ ജീവിക്കുക. ദൈവമല്ലാതെ മറ്റൊന്നും സംതൃപ്തി നൽകില്ല എന്നതുപോലെ ജീവിക്കുക

ലാൻസ് പെർഗ്യസ്



456. സ്വന്തം സൗകര്യവും സ്വസ്ഥതയും തേടുന്നവർ ദൈവത്തിന്റെ സൗഹൃദ വലയത്തിൽ പ്രവേശനം ലഭിക്കുമെന്ന് ചിന്തിക്കുന്നത് വെറും വിഡ്ഢിത്തമാണ്

ആവിലായിലെ വി. തെരേസ

457. നാം ജനിച്ചത് ശരീരത്തിന്റെ അടിമകളായിരിക്കാനല്ല. വളരെ ഏറെ ശ്രേഷ്ഠമായ ലക്ഷ്യങ്ങൾക്കാണ്

സെനെക്ക

458. ജഢമോഹങ്ങളെ തൃപ്തിപ്പെടുത്തുന്നയാൾ ശത്രുക്കളെ പരിപോഷിപ്പിക്കുന്നു

വി. ഗ്രിഗറി

459. നിങ്ങളെത്തന്നെ പ്രഹരിക്കുകയും ഭേദഗതി വരുത്തുകയും ചെയ്യുക

വി. ജോൺ ക്രിസോസ്റ്റം

460. ഇന്ദ്രിയ നിഗ്രഹങ്ങളാൽ മാത്രമേ ആത്മാവിന് സ്വർഗീയ കാര്യങ്ങളിലേക്ക് ഉയരാനാകൂ

വി. ജറോം

461. കണ്ണിലൂടെ അശുദ്ധമായ സ്നേഹത്തിന്റെ അമ്പുകൾ ഹൃദയത്തിൽ പ്രവേശിക്കുന്നു

വി. ബർണാർദ്

462. കണ്ടിട്ടില്ലാത്തത് ആഗ്രഹിക്കപ്പെടില്ല

വി. ഫ്രാൻസിസ് ഡി. സാലസ്

www.malankaralibrary.com

463. ചില ചെറിയ കടാക്ഷങ്ങൾ വലിയ പാപങ്ങളിൽ ചെന്നെത്തിക്കുന്നതിനു തുടക്കം കുറിക്കുന്നു

തെർതുല്യൻ

464. കണ്ണുകൾ ചില ചൂണ്ടകളാണ്

വി. ജറോം

465. നിഷ്ക്കളങ്കത പരിരക്ഷിക്കാൻ അന്ധത ഒരു വലിയ സഹായമാണ്

സെനെക്ക

466. കണ്ണുകളെയും, കാതുകളേയും അവഹേളിക്കാൻ മുതിരുന്ന കാര്യങ്ങളിൽ നിന്ന് പുരോഹിതർ ജാഗ്രതയുള്ളവരായിരിക്കണം

ടൂർസ് കൗൺസിൽ

467. ചില അവസരങ്ങളിൽ കണ്ണുകൾ ഒരു സ്ത്രീയിൽ വന്നുപെടുന്നത് സംഭവിക്കുന്നെങ്കിൽ അവളിൽ നമ്മുടെ കണ്ണുകൾ ഉറയ്ക്കാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം.

വി. അഗസ്തിനോസ്

468. രൂപവതിയിൽ കണ്ണു പതിയരുത്. മറ്റൊരുവനു സ്വന്തമായ സൗന്ദര്യത്തെ അഭിലഷിക്കരുത്

പ്രഭാഷകൻ 9/8

469. പുരോഹിതൻ കണ്ണുകൾ ഭൂമിയിൽ താഴ്ത്തി ഉറപ്പിക്കണം. അത്മാവ് സ്വർഗത്തിൽ ഉയർത്തി പ്രതിഷ്ഠിക്കണം

വി. ബേസിൽ



470. മുഖഭാവം ആത്മാവിന്റെ കണ്ണാടിയാണ്. വിശുദ്ധമായ നയനങ്ങൾ വിശുദ്ധമായ ഹൃദയത്തിന്റെ അടയാളമാണ്

വി. ജറോം

471. മര്യാദ കെട്ട കണ്ണുകൾ ഒറ്റു കൊടുക്കുന്നത് തിന്മകളാൽ നിറഞ്ഞ ഹൃദയത്തെയാണ്

വി. അഗസ്തിനോസ്

472. ശരീര ഭാഷയും ചലനങ്ങളും ചേഷ്ടകളും ആത്മാവിന്റെ ധ്യാനാത്മകതയുടെയോ, അല്ലെങ്കിൽ അഴിഞ്ഞാട്ടത്തിന്റെയോ സ്വഭാവത്തെ സൂചിപ്പിക്കുന്നു

വി. അംബ്രോസ്

473. ഒരു പുരോഹിതന്റെ മനസ് നന്മകളാൽ തിളക്കമേറിയതും തേജസുറ്റതുമായിരിക്കണം

വി. ജോൺ ക്രിസോസ്റ്റം

474. നിശബ്ദതയിൽ ആത്മാവ് അഭിവൃദ്ധി പ്രാപിക്കുന്നു

വി. തോമസ് അക്വിനസ്

475. മൗനം നീതിയുടെ രക്ഷകർത്താവാണ്

വി. പീറ്റർ ഡാമിയൻ

476. പുരോഹിതന്റെ അധരം ക്രിസ്തുവിന്റെ അധരമായിരിക്കണം

വി. അൻസെലം

www.malankaralibrary.com

477. സ്വർഗീയ പ്രബോധനങ്ങൾക്കു മാത്രമാണ് പുരോഹിതന്റെ അധരം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്

ഗിൽബർട്ട്

478. വലിയ ശബ്ദത്തിൽ സംസാരിക്കുന്നത് വിനയം ലംഘിക്കുന്നതിന്റെ ലക്ഷണമാണ്

വി. അംബ്രോസ്

479. ഒരു പുരോഹിതൻ ലളിതമായ വസ്ത്രം ധരിക്കണം - അവശ്യമുള്ളതിനപ്പുറം ഏതു തന്നെയായാലും അത് ആഡംബരമാണ്

നീസിലെ കൗൺസിൽ

480. എത്ര നാണക്കേടാണ്, ഒരു സ്ത്രീയുടെ തലപോലെ പുരോഹിതന്റെ തല മോടി പിടിപ്പിച്ചു കാണുന്നത്

വി. സിപ്രിയൻ

481. നാം പുരോഹിതരാണെന്ന് വിനയത്തിന്റെ മാതൃകകളാൽ അവതരിപ്പിക്കണം

മിനഷ്യസ് ഫെലിക്സ്

482. വിനയം ലംഘിക്കുന്ന ഒരു പുരോഹിതൻ ദൈവത്തിൽ അനാദരവ് ഉത്തേജിപ്പിക്കുന്നു

വി. അംബ്രോസ്

483. പരിപൂർണതയുടെ വഴിയെ സഞ്ചരിക്കണമെന്നാഗ്രഹിക്കുന്ന ഒരാൾ രുചിയെ നിഗ്രഹിക്കാൻ ആരംഭിക്കണം

വി. ആൻഡ്രൂസ്



484. ജീവനെ സഹായിക്കാൻ നാം ഭക്ഷിക്കാൻ കടപ്പെട്ടിരിക്കുന്നു

വി. ഫ്രാൻസിസ് ഡി. സാലസ്

485. അമിതാഹാരം കഴിക്കുന്നത് അശുദ്ധിയെ പരിപോഷിപ്പിക്കുന്നു

വി. ബൊണവെഞ്ചർ

486. അമിതമായ ഭക്ഷണത്താൽ ആത്മാവ് ഭാരപ്പെട്ടാൽ മനസ് അലസമാകുന്നു

വി. അഗസ്തിനോസ്

487. ആത്മാവിനെതിരായി യുദ്ധം ചെയ്യാൻ ജഢത്തിന് ശക്തി പകരരുത്

വി. അഗസ്തിനോസ്

488. അമിതാസക്തികളെ തരണം ചെയ്തു കഴിഞ്ഞാൽ മറ്റു തിന്മകളെ വളരെ അനായാസം കീഴടക്കാം

കൊർണേലിയസ് എലാപിഡ്

489. സമയക്രമത്തിലല്ലാതെ ഭക്ഷിക്കുന്നത്, ആർത്തിയോടെ ഭക്ഷിക്കുന്നത്, വളരെ കൂടുതലായി ഭക്ഷിക്കുന്നത്, അധികമായ രുചിഭേദങ്ങൾ ഉവ പുരോഹിതൻ ഒഴിവാക്കണം

വി. ബൊണവെഞ്ചർ

490. കൂടെക്കൂടെ അത്താഴത്തിനുള്ള ക്ഷണം സ്വീകരിക്കുന്ന പുരോഹിതർക്ക് അധിക്ഷേപങ്ങളിൽ നിന്നും രക്ഷപെടാനാവില്ല

വി. ജറോം

www.malankaralibrary.com

491. നിങ്ങളുടെ ശരീരാഭിലാഷങ്ങളെ നിഗ്രഹിക്കുക. നിങ്ങൾ പിശാചിനെ കീഴടക്കും

വി. അഗസ്തിനോസ്

492. തന്റെ പാപങ്ങൾക്ക് സ്വയമേ ശിക്ഷിക്കുന്ന ഒരു പാപിയെ ദൈവം പ്രഹരിപ്പിക്കുന്നത് അവസാനിപ്പിക്കും

വി. ആൻസെലം

493. ദൈവവുമായി സമാധാനത്തിലല്ലാതിരിക്കുന്ന ഒരു മനുഷ്യൻ തന്നോടുതന്നെ യുദ്ധം ചെയ്യുന്ന ഒരു ശത്രുവാണ്

വി. അഗസ്തിനോസ്

494. ഇന്ദ്രിയ സുഖങ്ങളെ തൃപ്തിപ്പെടുത്തുന്ന രീതിയിൽ നിന്ന് ദൂരം പാലിച്ച് ജീവിക്കുന്നവർ കഷ്ടപ്പാടിന്റെ ജീവിതമാണ് നയിക്കുന്നതെന്ന് മാലോകർ ധരിക്കുന്നു. അവർ കുരിശിനെ കാണുന്നു. പക്ഷെ അതിനുള്ളിലെ അഭിഷേകം കാണുന്നില്ല

വി. ബർണാർദ്

495. ദൈവത്തെ സ്നേഹിക്കുന്നയാൾ ഒന്നും ബുദ്ധിമുട്ടായി കാണുന്നില്ല

വി. അഗസ്തിനോസ്

496. നിത്യതയിൽ നിങ്ങൾ സഹിക്കാതിരിക്കാനായി ഈ ജീവിതത്തിൽ ആസ്വദിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ജാഗ്രതയോടെയിരിക്കുക.

വി. അഗസ്തിനോസ്



497. ദൈവത്തിനു വേണ്ടി പ്രതിഷ്ഠിക്കപ്പെട്ട വ്യക്തിയാണ് പുരോഹിതൻ

ഒരിജൻ

498 ദൈവമാണ് പുരോഹിതന്റെ ഓഹരി. പുരോഹിതൻ ദൈവത്തിനായി ജീവിക്കണം

വി. അംബ്രോസ്

499. എന്റെ ഓഹരി ദൈവമാണ്

വി. അഗസ്തിനോസ്

500. പൂർണമായും ദൈവത്തിന്റേതായി മാറാൻ അവിടുത്തേക്ക് പുരോഹിതൻ വിഭജിതമാകാത്ത സ്നേഹത്തോടു കൂടി കൊടുക്കണം

വി. അഗസ്തിനോസ്

501. പുരോഹിതന്റെ ആത്മാവ് ഏകമായിരിക്കട്ടെ. അങ്ങനെ പുരോഹിതൻ ദൈവത്തെ മാത്രം പരിചരിക്കട്ടെ

വി. ബർണാർദ്

502. ദൈവത്തെ അന്വേഷിക്കുന്നത് ശരീരത്തിന്റെ കാല്പാടുകൾ കൊണ്ടല്ല, പകരം ആത്മാവിന്റെ ആഗ്രഹങ്ങൾ കൊണ്ടാണ്

വി. ബർണാർദ്

503. പുരോഹിതന്റെ ചിന്തകൾ മഹനീയമായിരിക്കണം, പുരോഹിതൻ ദൈവത്തിൽ ആശ്രയിക്കണം

വി. തെരേസ

www.malankaralibrary.com

504. പുരോഹിതന്റെ ആത്മാവിന് ശക്തി കൊടുക്കുന്നത് ആഗ്ര ഹങ്ങളാണ്.

വി. ലോറൻസ് ജസ്റ്റിനിയൻ

505. തീക്ഷ്ണമേറിയ സ്നേഹത്തെക്കാൾ ദൈവം വിശുദ്ധമായ ആഗ്രഹങ്ങളാൽ പ്രീതിപ്പെടുന്നു

ബ്ലോഡിയൂസ്

506. പുരോഹിതൻ മഹത്തായ കൃപകൾ ആഗ്രഹിക്കുമ്പോൾ ദൈവത്തിന്റെ സുഹൃത്താകുന്നു

ബർണാർദ്

507. നമ്മൾ എത്ര കൊടുത്തുവെന്നല്ല പകരം എത്ര വലിയ സ്നേഹവായ്പോടെയാണ് കൊടുക്കുന്നതെന്ന് ദൈവം നോക്കുന്നു

വി. സിപ്രിയാൻ

508. തന്റെ ക്രൂശിതനായ ദൈവത്തെ സ്നേഹിക്കുന്നവന് നിന്ദ നകളും വേദനകളും സ്വീകാര്യമാണ്

വി. ബർണാർദ്

509. വിധി ദിവസം വരുമ്പോൾ നമ്മൾ എന്താണ് വിചാ രിച്ചതെന്ന് ചോദിക്കപ്പെടുകയില്ല. പകരം നമ്മൾ എന്തു ചെയ്തുവെന്നാണ്

വി. തോമസ് അക്വിനസ്



510. വിശുദ്ധന്റെ ജീവിതം ശാന്തതയുടെയും സമാധാനത്തി ന്റെയും ജീവിതമായിരിക്കരുത്. അത് വൈരുദ്ധ്യതകൾ കൊണ്ടും ക്ഷമയുടെ പരീക്ഷണങ്ങൾ കൊണ്ടും അന്യസ്ഥ മായിരിക്കണം

വി. ഹിലാരി

511. ഒരുവൻ തന്റെ മാനസിക പ്രാർത്ഥനയിൽ അഭ്യസിക്കുന്ന തെല്ലാം തന്റെ ഹിതത്തെ ദൈവഹിതവുമായി ഐക്യപ്പെ ടുത്തുവാനായി അന്വേഷിക്കണം

വി. തെരേസ

512. പുരോഹിതൻ ദൈവകൃപകൾക്കായി ദൈവമാതാവിന്റെ മദ്ധ്യസ്ഥം അപേക്ഷിക്കണം

വി. ബർണാർദ്

513. ദൈവത്തിൽ നിന്ന് നമ്മൾ സ്വീകരിക്കുന്ന എല്ലാ കൃപ കളും ദൈവമാതാവിലൂടെ വരുന്നു

വി. ബർണാർദ്

514. ഓ ഏറ്റവും വിശ്വസ്തയായ കന്യകേ അങ്ങയിലാണ് ഞങ്ങൾ ആത്മവിശ്വാസം അർപ്പിക്കുന്നത്

വി. എഫ്രേം

515. എല്ലാ കൃപകളുടെയും വിതരണക്കാരി ദൈവമാതാവാണ്

വി. ബർണഡൈൻ

516. പരിശുദ്ധ മറിയത്തിന്റെ മദ്ധ്യസ്ഥത കൂടാതെ കൃപകൾ സ്വീകരിക്കുന്നവൻ ചിറകുകൾ ഇല്ലാതെ പറക്കുവാൻ പരി ശ്രമിക്കുന്നതു പോലെയാണ്

വി. അന്തോണിയോസ്

www.malankaralibrary.com

517. ഓ മറിയമെ അങ്ങയിൽ നിന്ന് ഞങ്ങൾ അകന്ന് പോയാൽ രക്ഷ അസാദ്ധ്യമാണ്

വി. ആൻസലെം

518. പരിശുദ്ധ മറിയത്തെ അവഗണിക്കുന്നവൻ പാപത്തിൽ മരിക്കും

വി. ബൊണവെന്തുര

519. മറിയത്തെ വിശ്വസ്തതയോടെ പരിചരിക്കുന്നവൻ തീർച്ചയായും രക്ഷിക്കപ്പെടും

റിച്ചാർഡ്

520. ഓ, ദൈവ മാതാവേ ഞാൻ അങ്ങയിൽ ആശ്രയം വച്ചാൽ ഞാൻ രക്ഷിക്കപ്പെടും

വി. ജോൺ ഡാമിയൻ

521. ദൈവമാതാവിന്റെ ശക്തി സർവ്വശക്തമാണ്

കോസമോസ്

522. ദൈവമാതാവിന്റെ പ്രാർത്ഥനയ്ക്ക് കൽപനയുടെ സ്വഭാവം ഉണ്ട്. എന്തെന്നാൽ അത് ഒരു അമ്മയുടെ പ്രാർത്ഥനകളാണ്

വി. അന്തോണിയ

523. പാപികളെ രക്ഷിക്കാനുള്ള എല്ലാ ശക്തിയും ദൈവമാതാവിനുണ്ട്

വി. ജോൺ ഡമഷീൻ



524. പരിശുദ്ധ മറിയം തന്റെ ഭക്തർക്ക് വേണ്ട ഉപകാരങ്ങൾ ചോദിക്കാനായി ഈശോയുടെ അടുത്തേക്ക് പോകുന്നു

വി. പീറ്റർ ഡാമിയൻ

525. പരിശുദ്ധ മറിയം തനിക്ക് ഭരമേല്പിക്കുന്ന ഒരുവനോടു കാണിക്കുന്ന സ്നേഹം എല്ലാ അമ്മമാരുടെയും സ്നേഹം ഒരുമിച്ചു കൂട്ടിയാൽ പോലും അതിനു തുല്യമാകില്ല

ഫാ. നെരംബർഗ്

526. തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് പരിശുദ്ധ മറിയം കരുണ ചൊരിയുന്നു

കർദിനാൾ ഹ്യൂഗൊ

527. നമ്മുടെ ദൈവമാതാവ് നമുക്കുവേണ്ടി സ്വർഗത്തിൽ പ്രാർത്ഥിക്കുന്നു

വാഴ്ത്തപ്പെട്ട അമേറിയൂസ്

528. പരിശുദ്ധ മറിയം മനുഷ്യ പുത്രനു മുന്നിൽ നിന്നുകൊണ്ട് അവിരാമം പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു

ധന്യനായ ബീഡ്

529. പരിശുദ്ധ മറിയം കരുണയുടെ നിറകുടമാണ്

വി. ലിയോ

530. ഈശോ കഴിഞ്ഞാൽ നമ്മുടെ ക്ഷേമത്തെ പ്രതി ഇത്രയധികം വ്യഗ്രതപ്പെടുന്നത് കരുണയുടെ അമ്മയായ മറിയമാണ്

വി. ജർമ്മാനൂസ്

www.malankaralibrary.com

531. നമ്മൾ കൃപകൾ സ്വീകരിക്കാൻ ആഗ്രഹിക്കുന്നതിലുമുപരിയായി കൃപകൾ വിതരണം ചെയ്യാൻ മറിയം തീക്ഷ്ണമതിയാണ്

ബർണഡൈൻ ഡി ബസ്റ്റസ്

532. ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നല്ലാതെ വേറെയൊന്നും നമ്മൾ മാതാവിനോട് ചോദിക്കണ്ട

വി. ഇഡിഫോണസ്

533. തന്റെ പ്രാർത്ഥന ചോദിക്കുന്നവരെ പരിശുദ്ധ മറിയം എപ്പോഴും സഹായിക്കാൻ സന്നദ്ധയാണ്

റിച്ചാർഡ്

534. പരിശുദ്ധ മറിയത്തിന് ദയ കാണിക്കാനും, ദുരിതപൂർണരെ ആശ്വസിപ്പിക്കാനുമല്ലാതെ വേറെയൊന്നും അറിയില്ല

വി. ബൊണവെന്തുര

535. എല്ലാ പ്രാംസികരും ഉപസംഹാരത്തിനു മുമ്പ് എല്ലാ പ്രഭാഷണങ്ങളിലും ഏറ്റവും കുറഞ്ഞത് പരിശുദ്ധ മറിയത്തിന്റെ മദ്ധ്യസ്ഥം തേടുന്നതും ഉപകാരം ചോദിക്കുന്നതിനെക്കുറിച്ച് പറയാനായി ഏറ്റവും കുറഞ്ഞത് പരിശ്രമിക്കാം

വി. ബർണാർദ്



536.

ദൈവത്തെ നഷ്ടപ്പെടുന്നതിനെക്കാൾ മറ്റെല്ലാം നഷ്ടപ്പെടട്ടെ.

ദൈവത്തെ അപ്രീതിപ്പെടുത്തുന്നതിനെക്കാൾ മറ്റെല്ലാവരെയും നീരസപ്പെടുത്തട്ടെ.

പാപത്തെ മാത്രമേ നാം ഭയപ്പെടാവൂ; അത് നമ്മെ വേദനിപ്പിക്കണം.

അറിഞ്ഞുകൊണ്ട് ഒരു പാപം ചെയ്യുന്നതിലും ഭേദം, മരിക്കുന്നതാണ്; അത് ഒരു ലഘുപാപമാണെങ്കിൽക്കൂടി.

എല്ലാ കാര്യങ്ങൾക്കും ഒരു അവസാനമുണ്ട്; വളരെപ്പെട്ടെന്ന് കടന്നുപോകുന്ന ഒരു രംഗമാണ് ലോകം.

ഓരോ നിമിഷവും നിത്യതയ്ക്കുള്ള ഒരു നിധിയാണ്.

ദൈവത്തിന് പ്രീതികരമായതെല്ലാം നല്ലതാണ്.

മരണത്തിനടുത്ത മണിക്കൂറിൽ നിങ്ങൾ ചെയ്യാനാഗ്രഹിക്കുന്നത് ഇപ്പോൾ ചെയ്യുക.

ദൈവവും നിങ്ങളും അല്ലാതെ മറ്റൊരു ജീവജാലവും ലോകത്തിലില്ലാത്തതുപോലെ നിങ്ങൾ ജീവിക്കുക.

ദൈവം മാത്രമാണ് മനുഷ്യനെ തൃപ്തിപ്പെടുത്തുന്നത്.

ദൈവമല്ലാതെ മറ്റൊരു നല്ല കാര്യം ഇല്ല; പാപമല്ലാതെ മറ്റൊരു തിന്മയുമില്ല.

നിങ്ങളുടെ സ്വന്തം ചാരിതാർത്ഥ്യത്തിനു വേണ്ടി ഒരിക്കലും നിങ്ങൾ എന്തെങ്കിലും ചെയ്യരുത്.

ഈ ജീവിതത്തിൽ ഒരാൾ എത്രയേറെ ശരീരികദണ്ഡനങ്ങൾ ചെയ്യുന്നുവോ, അത്രയും സന്തോഷം അടുത്ത ജീവിതത്തിൽ അയാൾക്കുണ്ടാകും.

ദൈവത്തിന്റെ സുഹൃത്തുക്കൾക്ക് കയ്പ് എന്നത് മധുരമാണ്; മധുരം കയ്പുമാണ്.

www.malankaralibrary.com

ദൈവം ആഗ്രഹിക്കുന്നത് ആഗ്രഹിക്കുന്ന ഒരാൾക്ക് അയാൾ ആഗ്രഹിക്കുന്നതെല്ലാം ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

കയ്പുള്ളതെല്ലാം മധുരമായി മാറ്റാൻ ദൈവത്തിന്റെ ഹിതത്തിനു സാധിക്കുന്നു.

യഥാർത്ഥമായ നന്മ ആരിലൊക്കെയുണ്ടെന്ന് ഒരാൾക്ക് മനസ്സിലാകുന്നത് അസുഖമായ അവസ്ഥയിലാണ്.

ഈ ലോകത്തിലെ യാതൊന്നും ആഗ്രഹിക്കാത്ത ഒരാൾക്ക് മറ്റേതിന്റെയെങ്കിലും ആവശ്യമുണ്ടാകില്ല.

നിങ്ങൾ അധഃപ്പതിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, നല്ല തീരുമാനങ്ങൾ നടപ്പിലാക്കുന്നത് വൈകിക്കരുത്.

ചെയ്തുപോയ തെറ്റുകളെക്കുറിച്ച് സ്വയമെ ശല്യപ്പെടുത്തുന്നത് എളിമയല്ല, അഹങ്കാരമാണ്.

ദൈവത്തിനു മുൻപിൽ നാം എന്തായിരിക്കുന്നുവോ, അതു മാത്രമാണ് നാം.

ദൈവത്തെ സ്നേഹിക്കുന്ന ഒരാൾ അവിടുത്തെ അറിയുന്നതിനെക്കാൾ അവിടുത്തെ സ്നേഹിക്കാൻ ആഗ്രഹിക്കുന്നു.

തന്നെത്തന്നെ വിശുദ്ധീകരിക്കാനാഗ്രഹിക്കുന്നയാൾ തന്റെ ഹൃദയത്തിൽനിന്നും ദൈവമല്ലാത്തതെല്ലാം നിഷ്കാസനം ചെയ്യണം.

ദൈവത്തിന്റേതല്ലാത്ത എന്തെങ്കിലും അന്വേഷിക്കുന്ന ഒരാൾ പൂർണ്ണമായും ദൈവത്തിന്റേതല്ല.

സഹനം, ദാരിദ്ര്യം, നിന്ദനം ഇതെല്ലാമായിരുന്നു യേശുക്രിസ്തുവിന്റെ സഹചാരികൾ; നമ്മുടെ സഹചാരികരും അവരൊക്കെത്തന്നെയാകട്ടെ.

മാനസിക പിരിമുറുക്കം, അതിനുള്ള കാരണം എന്തുതന്നെയാകട്ടെ, അത് ദൈവത്തിൽ നിന്നുള്ളതല്ല.



എളിമയിൽ കഴിയുന്ന മനുഷ്യർ അയാൾ എല്ലാ ആദരവിനും അയോഗ്യനെന്ന് കരുതുന്നു; എല്ലാ അവഹേളനത്തിനും യോഗ്യനെന്നും കരുതുന്നു.

ഒരാൾ അർഹിച്ചിരിക്കുന്ന നരകത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പരിത്യാഗത്തോടുകൂടെ അയാൾ എല്ലാ വേദനകളും സഹിക്കുന്നു.

നിങ്ങളെ മറക്കുക; ദൈവം നിങ്ങളെക്കുറിച്ച് ഓർമ്മിക്കും.

അവഹേളനത്തെ ഇഷ്ടപ്പെടുക; അപ്പോൾ നിങ്ങൾ ദൈവത്തെ കാണും.

അൽപ്പം മാത്രം നല്ലത് എന്നുള്ളതിൽ തൃപ്തനായിരിക്കുന്നയാൾ തിന്മയിൽ നിന്നും വളരെ അകലെയല്ല.

ആദരിക്കപ്പെടണമെന്ന് അന്വേഷിക്കുന്നയാളെ ദൈവം ഒട്ടും ആദരിക്കുന്നില്ല.

വിശുദ്ധർ എപ്പോഴും ദൈവത്തെക്കുറിച്ച് സംസാരിക്കുന്നു; അവരെക്കുറിച്ച് അവർ മോശമായി സംസാരിക്കുന്നു; മറ്റുള്ളവരെക്കുറിച്ച് നല്ലതുമാത്രം സംസാരിക്കുന്നു.

ജിജ്ഞാസയുള്ളവർക്ക് എല്ലായ്പ്പോഴും പതർച്ചയുണ്ടാകും.

വിശുദ്ധിയെക്കാളും ആരോഗ്യത്തെ സ്നേഹിക്കുന്നയാൾക്ക് ദുരിതം.

അലസനായിരിക്കുന്നയാളെ എല്ലായ്പ്പോഴും പിശാച് പിന്തുടരും.

പാഴായിപ്പോയ ഒരു പുരോഹിതൻ എപ്പോഴും പിശാചിന്റെ കൈകളിലെ വിനോദോപാധിയായിരിക്കും.

സമാധാനത്തിൽ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നയാൾ തന്റെ എല്ലാ വികാരങ്ങളെയും ഒന്നുപോലും പ്രതീക്ഷിക്കാതെ നിഗ്രഹിക്കണം.

ദൈവത്തിന്റെ ദാസൻ അല്പമേ സംസാരിക്കാറുള്ളൂ; പക്ഷേ, കൂടുതൽ അധ്വാനിക്കുന്നു; എല്ലാം സഹിക്കുന്നു.

www.malankaralibrary.com

വിശുദ്ധർ വിശുദ്ധരായിരിക്കാൻ പരിശ്രമിക്കുന്നു; അല്ലാതെ വിശുദ്ധരെപ്പോലെ വെറുതെ കാണപ്പെടാനല്ല.

നാം പ്രാർത്ഥനയെ ഇഷ്ടപ്പെട്ടില്ലെങ്കിൽ പൂർണ്ണതയുടെ ഏതെങ്കിലും ഉയർന്ന തലത്തിൽ നാം ഒരിക്കലും എത്തിപ്പെടില്ല.

ആദ്യം ഒരാൾ, ശേഖരിക്കാൻ വേണ്ടിയുള്ള ഒരു സംഭരണിയാകണം; അതിനുശേഷമേ, നമുക്ക് അത് ഒഴുക്കാനായി ഒരു കൈത്തോടാകാൻ സാധിക്കുകയുള്ളൂ.

ഓരോ അഭിനിവേശവും ദൈവത്തോട് പൂർണ്ണഭാഗമായിരിക്കുന്നതിന് തടസ്സപ്പെടുത്തുന്നു.

യേശുക്രിസ്തുവിനെയും, യേശുക്രിസ്തുവിലുള്ള ആനന്ദത്തെയുമല്ലാതെ മറ്റൊന്നും ഒരു പുരോഹിതൻ ദർശിക്കരുത്.

സുവ്യക്തവും സ്പഷ്ടവുമായ നമ്മുടെ പ്രവർത്തികളിൽ അഹങ്കാരം മിക്കപ്പോഴും മറഞ്ഞിരിപ്പുണ്ട്.

ബലിയർപ്പണത്തിനു വേണ്ടുന്ന ഒരു മികവുറ്റ തയ്യാറെടുപ്പാണ് ഒരാൾ തന്നെത്തന്നെ പൂർണ്ണമായി ദൈവത്തിനു കാഴ്ചവെയ്ക്കുന്നത്.

ജനവാസകേന്ദ്രങ്ങളിലൂടെ നിങ്ങൾ നടന്നുപോകുമ്പോൾ നിങ്ങളുടെ കണ്ണുകൾ താഴ്ന്നിരിക്കട്ടെ; നിങ്ങൾ ഒരു പുരോഹിതനാണെന്നത് ഓർമ്മയുണ്ടാകണം; അല്ലാതെ ചായം അടിക്കുന്ന ഒരാളല്ല.

വി. അൽഫോൻസ് മരിയ ലിഗോരി

**537.**

ധ്യാനസാധനയുടെ ഫലം അധിക സമയം ധ്യാനിക്കുന്നതിലോ ആത്മീയ സന്തോഷം അനുഭവിക്കുന്നതിലോ, കണ്ണീർ ചിന്തുന്നതിലോ അല്ല അടങ്ങിയിരിക്കുന്നത്. പ്രത്യുത, ജീവിത നവീകരണത്തിലും സുകൃതാഭ്യസനത്തിലുള്ള



താത്പര്യത്തിലുമാണ്. ഈ ദിവസങ്ങളിൽ ഉന്നമിടേണ്ടത് ഈ രണ്ടു കാര്യങ്ങൾ സാധിക്കാനാണ്. ധ്യാനാരംഭത്തിൽ തന്നെ ഈ ലക്ഷ്യം വ്യക്തമായി കൺമുമ്പിൽ നിറുത്തുക. ദൈവത്തിന് നിന്നെ സംബന്ധിച്ച തിരുഹിതം എന്തെന്നു കണ്ടറിയാൻ എപ്പോഴും കണ്ണുണ്ടായിരിക്കട്ടെ. അതോടൊപ്പം, വിശുദ്ധിയിൽ വളരാൻ നിന്നിൽ തടസ്സമായിരിക്കുന്ന പ്രത്യേക ബലഹീനത ഏതെന്നു വ്യക്തമായി കണ്ടെത്താനും ശ്രദ്ധ വേണം. ദൈവവുമായി നിരന്തര സ്നേഹബന്ധത്തിൽ വളരാൻ ഏതേതു സുകൃതങ്ങളാണ് അഭ്യസിക്കേണ്ടതെന്നും ഈ ദിനങ്ങളിൽ നീ കണ്ടെത്തണം. ഈ ദിവസങ്ങളിൽ ഉപദേശങ്ങളും ധ്യാനങ്ങളും വായനകളും പരിചിന്തനങ്ങളും ഇതിനുപകരിക്കും.

ഇത്തരം ഏകാന്ത ദിനങ്ങൾ നമ്മുടെ ജീവിതത്തിൽ ആവശ്യമായ പ്രാധാന്യമുള്ളതുമാണ്. വിനീത ഹൃദയരിലാണ് ദൈവം തന്റെ പ്രസാദവരങ്ങൾ വാരിവിതറുന്നത്. അഹങ്കാരികളിൽ അവിടുന്ന് പ്രസാദിക്കുന്നില്ല. സ്വന്തശക്തിയിൽ ബലംകാണാതെ ദൈവത്തിൽ സർവ്വാശ്രയവും അർപ്പിച്ചു വേണം ധ്യാനത്തിലേയ്ക്കു പ്രവേശിക്കാൻ. ഔദാര്യവും ധീരതയുമുള്ള മനസ്സ് ദൈവത്തിനു നൽകുക. ദൈവത്തിന്റെ നന്മകളോട് എല്ലായ്പ്പോഴും സഹകരിക്കുമെന്ന് ആവർത്തിച്ചുറപ്പിക്കുക. അവിടുന്നു എന്നിൽനിന്നും ആഗ്രഹിക്കുന്നതെന്തും ഞാൻ നിറവേറ്റും എന്ന് ദൃഢനിശ്ചയം ചെയ്യുക. ദൈവം തന്റെ കാരുണ്യ പ്രവാഹത്തിലേയ്ക്ക് നിന്നെ കൊണ്ടുവന്നിരിക്കുന്നത് ആ അനന്ത സ്നേഹത്തിൽ നിന്നെ ആമഗ്നമാക്കാനാണ്. ഈ ഉറപ്പും പ്രതീക്ഷയും ആരംഭദിനത്തിൽ തന്നേ നിന്നിൽ നിറഞ്ഞു നിൽക്കട്ടെ.

ചിലരുടെ അഭിപ്രായത്തിൽ, ധ്യാനദിവസങ്ങളിൽ പാപകരമായ സംസാരങ്ങളിലും, കളിവിനോദങ്ങളിലും ഇടപെടരുത്, എന്നാൽ കാര്യങ്ങൾ പലതും ചെയ്യാം എന്നത്രേ. ഈ ചിന്ത പിശാചിന്റെ തന്ത്രമാണെന്നറിയുക. പലരിലും ഈ

www.malankaralibrary.com

സൂത്രം അവൻ പ്രയോഗിക്കുകയും വിജയിക്കയും ചെയ്യുന്നു. ഇതുവഴി ധ്യാനസാധനയുടെ ഫലം അവർക്കു ലഭിക്കാതെ പോകുന്നു. ഈ ദൗർഭാഗ്യം നിനക്കുണ്ടാവരുത്. നിന്നെ സംബന്ധിച്ചിടത്തോളം ഈ പുണ്യദിനങ്ങൾ ഏകാഗ്രഭക്തിയുടേതായിരിക്കട്ടെ. അന്യകാര്യങ്ങൾ അന്വേഷിച്ചു നടത്തുന്നതിന് നിനക്കാവശ്യമുണ്ടാകരുത്. അതിനു സഹായകമായി എല്ലാ കാര്യങ്ങളും മുമ്പേതന്നെ വേണ്ടവിധം ക്രമീകരിച്ചിരിക്കണം. അന്യവിചാരങ്ങൾക്കിട നൽകുന്ന പുസ്തകങ്ങൾ മുതലായവ എല്ലാ വസ്തുക്കളും ധ്യാനസ്ഥലത്തു നിന്നും നീക്കം ചെയ്തിരിക്കണം. ഒരു നോട്ടുബുക്ക് കൈയിൽ സൂക്ഷിക്കുക. അതിൽ നിനക്കു ലഭിക്കുന്ന ദൈവിക ഉൾക്കാഴ്ചകളും പ്രചോദനങ്ങളും ആത്മീയ ചിന്തകളും രേഖപ്പെടുത്തുക. നിന്റെ ഉന്നതമായ ജീവിതാന്തസ്സിനു ആവശ്യമായ ആത്മസംയമനത്തിനും സുകൃതാഭ്യാസനത്തിനും തുരങ്കംവയ്ക്കുന്ന ദുരാഗ്രഹങ്ങളും മമതകളും ആസക്തികളും ഏവയെന്ന് ഈ ദിനങ്ങളിൽ നീ കണ്ടെത്തും. നിന്റെ ചിതമല്ലാത്ത ചങ്ങാത്തങ്ങളും പിടിവാശികളും ഏവയെന്നും, അവയെ ഉപേക്ഷിക്കേണ്ടത് എങ്ങനെയെന്നും മനസ്സിൽ തെളിയും. ഇവയെല്ലാം ഡയറിയിൽ കുറിച്ചുവയ്ക്കുക. പിന്നീട് പലപ്പോഴും അത് വായിക്കുകയും, തദനുസരണമാണോ നീ മുന്നോട്ടു പോകുന്നതെന്ന് പരിശോധിക്കുകയും വേണം. ശ്രദ്ധാപൂർവ്വം ആചരിക്കേണ്ട ഒരു കാര്യമാണിത്.

മറ്റൊരു കാര്യം ശ്രദ്ധിക്കേണ്ടത് ഇതാണ്: ധ്യാനസാധനയ്ക്കായി വന്നിരിക്കുന്ന നീ പണ്ഡിതനും വിവേകിയുമായിരിക്കാം. എങ്കിലും ഈ ദിവസങ്ങളിൽ വിനീതമായി നിന്നെത്തന്നെ ആത്മപിതാവിന്റെ നിയന്ത്രണത്തിനായി സമർപ്പിക്കുക. അദ്ദേഹത്തെ കർത്താവിന്റെ സ്ഥാനപതിയായി കരുതുക. ഒന്നും ഒളിച്ചുവയ്ക്കാതെ ഹൃദയപരമാർത്ഥതയോടെ അദ്ദേഹത്തിനു മുമ്പിൽ സ്വയം തുറന്നുവയ്ക്കു



ക. സ്വർഗ്ഗീയ മദ്ധ്യസ്ഥരുടെ സഹായം തേടുന്നത്, പ്രചോദനങ്ങളും, ഉൾക്കാഴ്ചകളും അധികമായി ലഭിക്കുന്നതിന് വളരെ ഉപകരിക്കും.

ധ്യാന ദിവസങ്ങളിൽ ഏകാന്തത ലഭിക്കുന്നതിന് ഇന്ദ്രിയ നിഗ്രഹവും ആത്മസംയമനവും പാലിക്കേണ്ടത് അത്യാവശ്യമാണെന്ന് ഓർക്കുക. താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:

i കണ്ണുകളുടെ നിയന്ത്രണം: അനാവശ്യമായി മറ്റാളുകളെയോ വസ്തുക്കളെയോ നോക്കാതിരിക്കുക. പള്ളിയിലും മറ്റു സ്ഥലങ്ങളിലും പോകുമ്പോൾ ബോധപൂർവ്വം കണ്ണുകൾ താഴ്ത്തി സംയമനം പാലിക്കുക.

ii കാതുകളുടെ നിയന്ത്രണം: അനാവശ്യമായി മറ്റുള്ളവരുടെ സംസാരം ശ്രദ്ധിക്കാതിരിക്കുക. കത്തു വായിക്കുകയോ വായിക്കുന്നതു കേൾക്കുകയോ ചെയ്യരുത്.

iii മൗനം: ആവശ്യമില്ലാത്ത ഒരു വാക്കുപോലും സംസാരിക്കാതെ സമ്പൂർണ്ണമൗനം കാക്കുക.

iv ബോധനിയന്ത്രണം: ഈ ദിവസങ്ങളിൽ ധ്യാനവിഷയങ്ങളെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കുകയില്ല എന്നു ദൃഢ നിശ്ചയം ചെയ്യുക.

v മിതഭോജനം: ഭക്ഷണത്തെക്കുറിച്ച് ചിന്തിക്കാൻ അവസരം ഉണ്ടാകരുത്. അതിനായി ഭക്ഷണസംബന്ധമായ ക്രമീകരണങ്ങൾ മുൻ കൂട്ടി ചെയ്തിരിക്കണം. അമിതഭോജനം അരുത്. എന്നാൽ ശരീര സൗഖ്യത്തിനാവശ്യമായ ഭക്ഷണം കഴിക്കാവുന്നതാണ്.

vi ഏകാന്തത: അന്യചിന്തകളാൽ നിന്റെ മനസ്സ് കലുഷിതമാകാതിരിക്കാൻ ബോധപൂർവ്വം ചിന്തിക്കുക. ധ്യാനസ്ഥലത്തു നിന്നു പോവുകയോ മറ്റു കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുകയോ അരുത്.

www.malankaralibrary.com

**ധ്യാനസമയത്ത് ശ്രദ്ധിക്കേണ്ട സംഗതികൾ**

i ആചാരപൂർവ്വം ഇരിക്കുക. ചിതമായും സ്വസ്ഥമായും ഇരിക്കണം.

ii ധ്യാനസമയം വെട്ടിക്കുറയ്ക്കാതിരിക്കുക: മുഷിപ്പും വിരസതയും അന്യചിന്തകളും ഉണ്ടായാൽ തന്നേയും ധ്യാനത്തിനായുള്ള സമയം മുഴുവൻ ധ്യാനിക്കുക.

iii തീക്ഷ്ണതയോടെ ധ്യാനിക്കുക: ധ്യാനത്തിൽ നിന്നും ഫലം കിട്ടണമെന്ന് സർവ്വാത്മനാ ആഗ്രഹിക്കുകയും അതിനായി അധ്വാനിക്കുകയും ചെയ്യുക. പക്ഷേ, വിവേകരഹിതമായ പ്രതിജ്ഞകൾ എടുക്കുകയോ, നേർച്ച നേരുകയോ ചെയ്യരുത്. ബുദ്ധിഭ്രമം സംഭവിക്കാതിരിക്കാനും ശ്രദ്ധ വേണം. വിരസതയും ശുഷ്കതയും അനുഭവപ്പെടുമ്പോൾ ചിലർ തെറ്റായ മാർഗ്ഗങ്ങൾ അവലംബിക്കുകയും അതു വഴി മനസ്സിന്റെ സമനില തെറ്റാൻ ഇടയാകുകയും ചെയ്യുന്നു. ഉദാഹരണമായി, ചിലർ ഭക്തിയും കണ്ണീരും വരുത്തിക്കൂട്ടാൻ ശ്രമിക്കുന്നു. വേറെ ചിലരാകട്ടെ, ധ്യാനത്തിൽ ലഭിക്കുന്ന ആനന്ദാനുഭവങ്ങളെ യാന്ത്രികമായി വർദ്ധിപ്പിക്കാനും നില നിർത്താനും വൃഥായത്നം ചെയ്യുന്നു. അതിശ്രദ്ധകൊണ്ട് ബോധത്തെ അധികമായി നിർബന്ധിക്കരുത്. പകരം, മഹിമയുള്ള ഒരാളോട് ബന്ധപ്പെടുന്നതു പോലെ ശാന്തമായും സൗമ്യമായും ധ്യാനിക്കുക.

ധ്യാനസമയത്ത് ആനന്ദാനുഭവങ്ങൾ ഉണ്ടാകുന്നെങ്കിൽ രണ്ടു കാര്യം ഓർക്കുക:

ഒന്ന്: ഈ ആത്മീയ സന്തോഷവും മറ്റും നിലനിൽക്കുന്നതു വരെ മാത്രമേ ധ്യാനത്തിൽ താത്പര്യവും ഉത്സാഹവും ഉള്ളൂ എന്നു വരരുത്. പകരം, വിശുദ്ധിയിലും സുകൃതാഭ്യസനത്തിലും വളരാനുള്ള അവസരമായി അവയെ കാണുക.

രണ്ട്: ആത്മീയ സന്തോഷങ്ങൾ എന്നതുപോലെ തന്നെ ദുഃഖസങ്കടങ്ങൾ സ്വീകരിക്കാനും തയ്യാറായിരിക്കുക. ധ്യാനത്തിൽ മുഷിപ്പും വിരസതയും ഉണ്ടാകുമ്പോഴും ധ്യാനം മുടങ്ങാതെ നടത്താനും ശ്രദ്ധ കാണിക്കുക.



കർത്താവിന്റെ തിരുമുമ്പിൽ വിനീതരായി വ്യാപരിക്കുക. ക്ഷമാപൂർവ്വം അവിടുത്തെ കാത്തിരിക്കുക. വിശുദ്ധരുടെ ജീവചരിത്രം വായിക്കുമ്പോൾ അതിലുള്ള അത്ഭുതങ്ങൾ അറിയാനുള്ള ആഗ്രഹത്തെക്കാൾ അവരുടെ വിശുദ്ധി അനുകരിക്കാൻ താത്പര്യപ്പെടുക. പ്രസംഗങ്ങൾക്കിടയിൽ, അത്ഭുത സംഭവങ്ങൾ, ഉപമകൾ, മഹദ്‌വചനങ്ങൾ, ആദിയായവ കേൾക്കാനിടയാകും. അവ പിന്നീട് നിന്റെ പ്രസംഗങ്ങളിൽ ഉപയോഗിക്കാം എന്ന ലാക്കോടെ അവയുടെ വിശദാംശങ്ങൾ തേടിപ്പോകരുത്. മറിച്ച്, അവ നൽകുന്ന സന്ദേശങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക. ഇങ്ങനെ ചെയ്താൽ അവ നിന്റെ ഓർമ്മയിൽ നിലനിന്നുകൊള്ളും. നിന്റെ പ്രസംഗത്തിന് ആവശ്യമാകുമ്പോൾ അവ പിന്നീട് അന്വേഷിച്ചു കണ്ടുപിടിക്കാമല്ലോ. ധ്യാനസമയത്ത് അക്കാര്യത്തിൽ ശ്രദ്ധയൂന്നിയാൽ ധ്യാനത്തിന്റെ ഫലം കുറഞ്ഞുപോകും.

അവസാനമായി, പ്രിയസഹോദരാ, ഈ ചിന്താശകലങ്ങൾ മനസ്സിൽ സൂക്ഷിച്ച് ശ്രദ്ധാപൂർവ്വം ധ്യാനസാധന നടത്തുമെങ്കിൽ അനേകം ദൈവിക നന്മകൾ നിന്നിൽ വർഷിക്കപ്പെടും എന്നുറപ്പാണ്.

**538. പുരോഹിതനും ദൈവജനത്തെ നയിക്കാൻ നിയോഗിക്കപ്പെട്ടവരുമായവർ ദൈവതിരുമുമ്പിൽ പരിശുദ്ധരായി വ്യാപരിച്ച് തങ്ങളേയും മറ്റുള്ളവരെയും നന്മയിൽ വളർത്തുന്നതിനു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

സംഭാഷണ നിയമം: വ്യാജം പറയരുത്. ലൗകിക സംസാരത്തിൽ ഏർപ്പെടുകയും അരുത്. കോപവും രാഗദ്വോഷവും കാണിക്കാതെ വിനീതമായും മിതമായും സംസാരിക്കുക. അന്യരെപ്പറ്റി തിന്മയായി ഒരു വാക്കുപോലും നിന്റെ സംസാരത്തിൽ ഉണ്ടാകരുത്.

www.malankaralibrary.com

പുരോഹിതവസ്ത്രം ധരിക്കുക. അത് വൃത്തിയുള്ളതായിരിക്കണം.

ഇടവക ജനങ്ങളിൽ ചിലരോടുമാത്രം സവിശേഷസ്നേഹം പുലർത്താതിരിക്കുക. അവരുടെ കലഹം, വിവാഹം മുതലായവയിൽ വളരെ വിവേകത്തോടെ മാത്രം ഇടപെടുക. ദൈവമഹത്വം മാത്രമായിരിക്കട്ടെ ഇതിനുള്ള പ്രേരകശക്തി.

വിശുദ്ധ കൂദാശകളെ കൊടുക്കുന്നതിൽ യാതൊരു കുറവും സംഭവിക്കാതിരിക്കാൻ ശ്രദ്ധയുണ്ടായിരിക്കണം. ഭക്ത്യാദരവോടെയും വിശ്വാസത്തോടെയും മാത്രം അവയെ പരികർമ്മം ചെയ്യുക.

ധനമോഹവും ലൗകിക വസ്തുക്കളോടുള്ള മമതയും തങ്ങൾക്കു തന്നെ നാശം വരുത്തിവയ്ക്കുന്നു. അനേകർക്കു ഇടർച്ചയ്ക്കു അവസരമുണ്ടാക്കുന്നു. ആകയാൽ അവ നിങ്ങളുടെ ഹൃദയത്തിൽ വേരുപാകാൻ അവസരം അനുവദിക്കരുത്. പകരം, ദരിദ്രരേയും അനാഥരേയും അപകടസാഹചര്യങ്ങളിൽ കഴിയുന്നവരേയും സംരക്ഷിക്കുക. ഇത് അനേകരിൽ സദ്ചിന്തകൾ ഉണർത്തും; നന്മ ചെയ്യാനുള്ള പ്രേരണ ഉളവാക്കും. അത് അവരുടെ രക്ഷയ്ക്ക് കാരണമായി ഭവിക്കും.

സ്വന്തം കുടുംബത്തേയും ബന്ധുക്കളേയും ഉയർത്തുന്നതിനും അവരെ സമ്പന്നരാക്കാനും ഉള്ള വ്യഗ്രത അരുത്. നിങ്ങളുടെ നിലനിൽക്കുന്ന ഭവനം സ്വർഗ്ഗമാണ്; സ്വന്തക്കാർ സ്വർഗ്ഗവാസികളും. ഈ ചിന്ത സദാപി മനസ്സിൽ സൂക്ഷിക്കുക.

സമയം അലസമായി വിനിയോഗിക്കരുത്. നിന്റെ പ്രത്യേക കടമയായ ദൈവവചന പ്രഘോഷണത്തിൽ ഉത്സാഹം പുലർത്തുക. സദ്ഗ്രന്ഥവായന നിന്റെ ശീലമായിരിക്കട്ടെ. സന്മാർഗ്ഗ ശാസ്ത്രത്തിലുള്ള നിന്റെ അറിവും പരിചയവും സദാ പുത്തനാക്കി കാക്കുക.



സഭയുടെ മേലദ്ധ്യക്ഷരോട് വിധേയത്വം പുലർത്തുക. ഒരു പക്ഷേ, നീ രോഗിയാണെങ്കിൽ പോലും അതൊന്നും ഗൗനിക്കാതെ ശ്രേഷ്ഠന്മാരുടെ കല്പനകൾ അനുസരിക്കുന്നതും അവരോടുള്ള ആദരവ് കാണിക്കുന്നതും മറ്റുള്ളവർക്ക് പ്രയോജനകരമായ സദ്മാതൃകയായി ഭവിക്കും.

അനുരഞ്ജന കൂദാശ പതിവായി സ്വീകരിക്കുക. ഒരു നല്ല വൈദികനെ കണ്ടെത്തുകയും ആഴ്ചയിലൊരിക്കൽ അദ്ദേഹത്തോട് പാപസങ്കീർത്തനം നടത്തുകയും ചെയ്യുക. പതിവായുള്ള കുമ്പസാരം വഴി ലോകത്തെ ജയിക്കാനും, പാപശക്തികളോട് പടവെട്ടാനും, നമുക്കു ധൈര്യം ലഭിക്കുന്നു. മാലാഖമാരുടെ അപ്പമായ ദിവ്യകാരുണ്യം അനുദിനം യോഗ്യതയോടെ സ്വീകരിക്കാനും ഇതു നമ്മെ പ്രാപ്തരാക്കുന്നു.

ശ്രദ്ധയോടും സംയമനത്തോടും കൂടി മാത്രം സ്ത്രീകളോട് സംസാരിക്കുക. കഴിയുന്നതും കുമ്പസാരക്കൂട്ടിൽവച്ച് മാത്രം അവരോട് സംസാരിക്കുക. അത്യാവശ്യ സാഹചര്യങ്ങളിൽ മാത്രം നേരിട്ട് അവരോട് സംസാരിക്കാവുന്നതാണ്.

വലിയ ഭക്തിയോടും ആദരവോടുംകൂടി മാത്രം വിശുദ്ധ കുർബ്ബാന അർപ്പിക്കുക. കുർബ്ബാനക്കടങ്ങൾ തീർക്കാൻ ശ്രദ്ധിക്കുക. ഇതിലുള്ള അശ്രദ്ധയും സൂക്ഷ്മക്കുറവും അനേകർക്ക് നാശത്തിന് കാരണമായിട്ടുണ്ട്. യാമപ്രാർത്ഥനയും ഭക്തിപൂർവ്വം ജപിക്കുക. പള്ളി ദൈവഭവനമാണല്ലോ. അതിലെ സാമാനങ്ങളും തിരുവസ്ത്രങ്ങളും വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധവേണം. അവയ്ക്കു വേണ്ട ചെലവുകൾ, വേണ്ടിവന്നാൽ സ്വന്തം പോക്കറ്റിൽ നിന്നുതന്നെ എടുക്കുക. ഇക്കാര്യത്തിലുള്ള ശ്രദ്ധ പുരോഹിതർക്ക് അഭിമാനമാണെന്ന് കരുതാവുന്നതാണ്.

പള്ളിയിൽ ചെയ്യപ്പെടുന്ന അനാചാരങ്ങൾ ഈശോയ്ക്ക് അനിഷ്ടകരമാണ്. ദൈവഭവനത്തെ ആദരിക്കേണ്ടത് എങ്ങനെയെന്ന് തങ്ങളുടെ തന്നെ പ്രവൃത്തികൊണ്ടും വചനം കൊണ്ടും മറ്റുള്ളവരെ പഠിപ്പിക്കുക.

www.malankaralibrary.com

പള്ളിപ്പെരുന്നാളുകൾ അനാർഭാഢവും ഭക്തിജനകവും ആയിരിക്കട്ടെ. ഇക്കാര്യത്തിൽ ജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി തിരുസഭയുടെ ആദർശങ്ങൾക്കും മൂല്യങ്ങൾക്കും യോജിച്ച വിധത്തിൽ മാത്രം ആഘോഷങ്ങൾ നടത്തുക. ഭക്തിദ്യോതകമായ ആഘോഷങ്ങൾ ഇടവകജനങ്ങളിലും മറ്റുള്ളവരിലും സദ്ചിന്തകൾ ഉണർത്തും.

മാസവണക്കം, നൊവേനകൾ മുതലായ ഭക്താഭ്യാസങ്ങൾ വർഷം തോറും നടത്തുന്നത് ജനങ്ങളുടെ ആത്മീയ ഉണർവിനും ദൈവമഹത്വത്തിനും സഹായകമാണ്. അത്തരം ദിവസങ്ങളിൽ ജനങ്ങൾ വിശുദ്ധ കൂദാശകൾ സ്വീകരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

സഹജരുടെ രക്ഷയ്ക്കായി അദ്ധ്വാനിക്കുന്നതിൽ വലിയ താത്പര്യം പുലർത്തുക. മനുഷ്യജീവിതത്തിന്റെ മൂല്യവും അതിനെ പോഷിപ്പിക്കുന്നതിന്റെ ആവശ്യകതയും മനസ്സിലാക്കി എന്തു വിലകൊടുത്തും അതിനായി അദ്ധ്വാനിക്കുക. ഇതിലടങ്ങിയിരിക്കുന്ന ബുദ്ധിമുട്ടും കഷ്ടപ്പാടം മറ്റു ചെലവുകളും കാര്യമായി ഗണിക്കാതെ ഇത് നിന്റെ സുപ്രധാന കടമയായി കരുതുക.

നിനക്കു ശുശ്രൂഷ ചെയ്യുന്നവരുടെ ആത്മീയ പുരോഗതിയിൽ നിനക്കു ശ്രദ്ധ വേണം. അവരെ പ്രാർത്ഥനകളും വേദകാര്യങ്ങളും പഠിപ്പിക്കുന്നതിലും, അവരുടെ കൂദാശാസ്വീകരണത്തിലും നീ താത്പര്യം പുലർത്തുക. അവർ ഭക്തിയും ക്രമവുമില്ലാതെ വ്യാപരിക്കുന്നത് നിനക്ക് അപമാനകരമാകയാൽ വേലക്കാരെ നിയോഗിക്കുന്നതിൽ സൂക്ഷ്മത ആവശ്യമാണ്. അവർ മാതൃകാപരമായ ജീവിതം നയിക്കുന്നവരാകണം.

പള്ളിയോടു ചേർന്ന് പള്ളിക്കുടങ്ങൾ (സ്കൂളുകൾ) സ്ഥാപിക്കുക, ഉള്ളവയുടെ ശരിയായ നടത്തിപ്പ്, അതിലെ അദ്ധ്യാപകരുടെ അദ്ധ്യാപനരീതി, മാതൃകാജീവിതം എന്നിവയിൽ നീ ശ്രദ്ധ പതിക്കണം. എന്തെന്നാൽ ഇതുവഴിയായി ക്രിസ്ത്യാനികൾ നല്ലവരായി വളരുകയും അനേകർ രക്ഷ പ്രാപിക്കുകയും ചെയ്യാൻ ഇടയാകും. കൂടാതെ, മാതാപിതാക്കൾ തങ്ങളുടെ മക്കളെ സ്കൂളിൽ അയയ്ക്കുന്നതിനും, അവരെ നന്നായി വളർത്തുന്നതിനും മറ്റും ആവശ്യമായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നീ അവർക്കു നൽകിക്കൊണ്ടിരിക്കണം. മാതാപിതാക്കളുടെ കടമ അവരെ അനുസ്മരിപ്പിക്കാതിരുന്നാൽ അത് പല വീഴ്ചകൾക്കും നാശത്തിനും കാരണമായിത്തീരാം.



ഞായറാഴ്ചകളും കടമുള്ള പെരുന്നാൾ ദിവസങ്ങളും വിശുദ്ധമായി ആചരിക്കേണ്ടുന്നവിധം നീ ജനങ്ങളെ പഠിപ്പിക്കണം. അന്നേ ദിവസങ്ങളിൽ ലോകകാര്യങ്ങളിലും ജോലികളിലും ഏർപ്പെടാതിരിക്കാനും വിശുദ്ധ കുർബാനയിൽ സംബന്ധിക്കാനും അവരെ അനുസ്മരിപ്പിക്കണം. മാത്രമല്ല, ആ ദിവസങ്ങളിൽ സന്ധ്യാദിവസങ്ങളിൽ ജനങ്ങളെ പള്ളിയിൽ ഒരുമിച്ചുകൂട്ടി അവരുടെ ജീവിത കടമകളെ പറഞ്ഞുകൊടുക്കുക, ജപമാലയും മറ്റു പ്രാർത്ഥനകളും ചൊല്ലുക, എന്നിവയിലൂടെ അവരെ ആദ്ധ്യാത്മികതയിൽ വളരാൻ സഹായിക്കുക.

അനുരഞ്ജന കൂദാശ സ്വീകരിക്കേണ്ടത് എങ്ങനെയെന്ന് അറിവില്ലാത്തവരെയും പാവങ്ങളെയും പഠിപ്പിക്കാൻ നീ പ്രത്യേക താത്പര്യം കാണിക്കുക. അവർ പ്രാർത്ഥനകൾ ശരിയായി പഠിച്ചിട്ടില്ല, പാപമാർഗ്ഗങ്ങൾ ഉപേക്ഷിച്ചിട്ടില്ല എന്ന ന്യായങ്ങൾ പറഞ്ഞ് അവരുടെ കുമ്പസാരം കേൾക്കാതെ വിട്ടയയ്ക്കരുത്. അങ്ങനെ ചെയ്താൽ അവർ ഒരിക്കലും പാപമാർഗ്ഗം ഉപേക്ഷിക്കയില്ല; ഒരു പക്ഷേ, കൂടുതൽ തിന്മയിലേക്ക് വീണേക്കാം.

മദ്യപാനം അനേകരെ നശിപ്പിച്ചിട്ടുണ്ട്, കുടുംബകലഹങ്ങൾക്കും കാരണമായിട്ടുണ്ട്. അതിനാൽ ജനങ്ങളുടെ മദ്യ

www.malankaralibrary.com

പാനശീലത്തെയും മദ്യശാലകളെയും നിർത്തലാക്കാൻ നീ മുൻകൈ എടുക്കുക. ഈ ദുശ്ശീലത്തെയും മറ്റു പല വിധത്തിലുള്ള അഴിമതികളെയും തുടച്ചു നീക്കുന്നതിന് വികാരിമാരും മറ്റു വൈദികരും ഒറ്റക്കെട്ടായി ഒരുമിച്ചു നിന്നു അദ്ധ്വാനിക്കേണ്ടതുണ്ട്. ഇതു ഫലപ്രദമാകണമെങ്കിൽ ഇവർ തമ്മിൽത്തമ്മിലുള്ള ഹൃദയ ഒരുമയും സ്നേഹവും സുദൃഢമായിരിക്കണം. അല്പമായ രസക്കേടിനുപോലും ഇടം നൽകാതിരിക്കാൻ പ്രത്യേകം സൂക്ഷ്മത വേണം.

മരണാസന്നരെ കുമ്പസാരിപ്പിക്കുന്നതിനും നല്ല മരണത്തിന് ഒരുക്കുന്നതിനും താത്പര്യം പുലർത്തുക. അതിനായി അവരുടെ മരണം തൊട്ടടുത്ത് എത്തുന്നതുവരെ കാത്തിരിക്കേണ്ടതില്ല. നിന്റെ അലസതയും അല്പനേരത്തെ താമസവും മൂലം മരണസമയത്തു ലഭിക്കേണ്ട ആത്മീയ സഹായമില്ലാതെ മരിക്കാനിടയായാൽ അതയാളുടെ നിത്യനാശത്തിന് കാരണമായേക്കാം എന്ന ചിന്തയോടെ തക്കസമയത്ത് അവരെ സഹായിക്കാൻ ഉത്സാഹിക്കുക.

നീ ഒരാളുടെ കുമ്പസാരം മുടക്കിയാൽ അയാൾ നിത്യനാശത്തിന് അർഹനായി തീരാം. അതിനാൽ മതിയായ കാരണങ്ങളില്ലാതെ ആരുടെയും കുമ്പസാരം മുടക്കരുത്.

പരസ്യമായ ഇടർച്ചക്ക് കാരണക്കാരാകുന്നവരോട് ദയ വിചാരിക്കരുത്. അവരെ നീക്കം ചെയ്യുക തന്നെ വേണം. അവരെ നീക്കാൻ പറ്റാത്ത അവസ്ഥ വരുന്നതിനു മുമ്പേ നീക്കുകയോ അവരെ നേർവഴി തിരിക്കാൻ സാധിക്കുമെങ്കിൽ അതിനായി അദ്ധ്വാനിക്കുകയും ചെയ്യുക.

മരിയഭക്തി എല്ലാവരുടെ ഹൃദയങ്ങളിലും ഉറപ്പിക്കാൻ ശ്രദ്ധിക്കുക. എന്തെന്നാൽ അനുഗ്രഹത്തിന്റെ അമ്മയും പാപികളുടെ ശരണവുമായ പരിശുദ്ധ അമ്മയോട് ഭക്തിയില്ലാതെ രക്ഷ പ്രാപിക്കുക നമുക്ക് പ്രയാസമാണ്.



അവസാനമായി, സ്വയം വിശുദ്ധിയിൽ വളരുകയും സഹജരെ ആത്മീയതയിൽ വളർത്താൻ അദ്ധ്വാനിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ പുരോഹിതൻ.

539 ക്രിസ്തീയ പുരോഹിതൻ പുണ്യവൈദികരുടെ ജീവിതമാതൃകയിൽ നിന്നും ആത്മീയോന്നതി നേടുന്നതിൽ അവരുടെ സമൂഹത്തിൽ പതിവായി സന്ദർശിക്കേണ്ടതുണ്ട്.

തീക്ഷണോത്സാഹത്തിലും അനുസ്മരണങ്ങളിലും ജീവിക്കുന്നതിന്, ദിവസത്തിൽ ഒരു മണിക്കൂറെങ്കിലും അദ്ദേഹം ധ്യാനാത്മക പ്രാർത്ഥന നടത്തണം.

ദിവ്യകാരുണ്യ സന്നിധിയിൽ പതിവായി അദ്ദേഹം സന്ദർശനം നടത്തണം, പ്രത്യേകിച്ച്, എഴുന്നെള്ളിപ്പിന്റെ സമയത്ത്.

വിശുദ്ധരായ പുരോഹിതരുടെ ജീവചരിത്രം അദ്ദേഹം വായിക്കണം, അവരുടെ നന്മകൾ അനുകരിക്കുന്നതിനു വേണ്ടി.

വൈദികരുടെ അമ്മയും രാജ്ഞിയുമായ പരിശുദ്ധ കന്യകയോട് ഒരു പ്രത്യേക ഭക്തി അദ്ദേഹം പരിപോഷിപ്പിച്ചെടുത്ത്, പ്രധാനമായും മാതാവിന്റെ ശുശ്രൂഷകൾക്കായി സ്വയം പ്രതിഷ്ഠിക്കണം.

സഭാസംബന്ധിയായ അന്തസ്സിന്റെ ബഹുമാനാർത്ഥം, അദ്ദേഹത്തിന്റെ യശസ്സിനെക്കുറിച്ച് അങ്ങേയറ്റം ശ്രദ്ധിക്കേണ്ടതുണ്ട്.

ഭൗതിക സംഭാഷണങ്ങളിൽനിന്നും അദ്ദേഹം പാലയനം ചെയ്യണം; അല്മായരുമായി, പ്രത്യേകിച്ച് സ്ത്രീകളുമായി അടുപ്പം കാട്ടരുത്.

മേലധികാരികളിൽ ദൈവത്തെ കണ്ടുകൊണ്ട്, അദ്ദേഹം അവരെ അനുസരിക്കണം, എന്തെന്നാൽ ദൈവഹിതം അതു തന്നെയാണ്.

www.malankaralibrary.com

അദ്ദേഹം വിനയാന്വിതനായിരിക്കണം, എന്നാൽ, കാപട്യമോ കാർക്കശ്യമോ തൃപ്തിതോന്നായ്ക എന്നിവ ഇല്ലാതെ വേണം; എല്ലായ്പ്പോഴും ളോഹയും ചൌളകർമ്മ അടയാളവും ധരിച്ചിരിക്കണം.

ഭവനത്തിൽ അദ്ദേഹം ശാന്തനും സൗമ്യനുമായിരിക്കണം. വൈശിഷ്ട്യത്തിൽ അനുകരണീയനായിരിക്കണം; ദൈവാലയത്തിൽ പ്രബുദ്ധത കൈവരിക്കണം, പ്രത്യേകിച്ച് പൊതു ശുശ്രൂഷാവേളകളിൽ.

അദ്ദേഹം എട്ട് ദിവസം കൂടുമ്പോളെല്ലാം കുമ്പസാരിക്കുകയും, എല്ലായ്പ്പോഴും ആശയവിനിമയം നടത്തുകയും വേണം.

പാപത്തിൽ നിന്നകന്ന് അദ്ദേഹം സ്വതന്ത്രനായി ജീവിക്കണം, എല്ലാ നന്മകളും പരിശീലിക്കണം.

ഞാൻ പുരോഹിതനാണ്. എന്റെ അന്തസ്സ് മാലാഖമാരിലും മേലെയാണ്. അതിനാൽ മാലാഖയെപ്പോലുള്ള നിർമ്മലതയിൽ ഞാൻ ജീവിതം നയിക്കണം. സാധ്യമായ എല്ലാ മാർഗ്ഗ ളുമുപയോഗിച്ച്, ഇതിനായി പരിശ്രമിക്കാൻ ഞാൻ കടപ്പെട്ടിരിക്കുന്നു.

എന്റെ സ്വരത്തിന് വഴങ്ങാൻ ഒരു ദൈവം പ്രസാദിക്കുന്നു. ആയതിനാൽ, അതിലും മഹനീയമായ കാരണങ്ങളാൽ ആ ദൈവത്തിന്റെ പ്രബോധനങ്ങളാൽ ദൈവം എന്നോട് സംസാരിക്കുന്നതും, എന്റെ മേലധികാരികളിലൂടെ ആ ദൈവം എന്നോട് നിർദ്ദേശിക്കുന്നവയും ഞാൻ അനുസരിക്കേണ്ടതുണ്ട്.

തിരുസ്സഭ എന്നെ ബഹുമാനിച്ചിരിക്കുന്നു; അതിനാൽ, എന്റെ ജീവിത വിശുദ്ധി, തീക്ഷണത, കഠിനാദ്ധ്വാനം തുടങ്ങിയവയാൽ, ഞാൻ എന്നെത്തന്നെ ബഹുമാനിക്കണം.



അങ്ങനെയാകുമ്പോൾ, യേശുക്രിസ്തുവിന്റെ പുണ്യങ്ങൾ ധരിച്ച്, എന്റെ ശുശ്രൂഷകർക്ക് അനുയോജ്യനായിരിക്കേണ്ടത് എന്റെ കടമയാണെന്നുള്ളത് നിത്യപിതാവിനും, അവിടുത്തെ പുത്രൻ, യേശു ക്രിസ്തുവിനും ഞാൻ സമർപ്പിക്കുന്നു.

ക്രിസ്തുവിന്റെ ജനം എന്നിൽ, അനുരഞ്ജനത്തിന്റെ സഭാ ശുശ്രൂഷകനെ, ദൈവത്തിനും മനുഷ്യനും ഇടയിലുള്ള മദ്ധ്യസ്ഥനെ കാണണം; തത്ഫലമായി, എപ്പോഴും ഞാൻ ദൈവത്തിലുള്ള കൃപയിലും സൗഹൃദത്തിലും എന്നെ സൂക്ഷിക്കണം.

പുണ്യങ്ങളുടെ ഒരു മാതൃക എന്നിൽ ദർശിക്കാൻ വിശ്വാസികൾ ആഗ്രഹിക്കുന്നു, അതിനായി അവർ അഭിലഷിക്കേണ്ടതുണ്ട്; അതുകൊണ്ട്, എല്ലായ്പ്പോഴും എല്ലാ സന്ദർഭങ്ങളിലും ഞാൻ ആത്മീയോന്നതിയിലായിരിക്കണം.

ആത്മീയമായി പ്രത്യുജ്ജീവിപ്പിക്കപ്പെടാൻ വേണ്ടി ദൈവകൃപയുടെ പ്രകാശം നഷ്ടപ്പെട്ട എളിയ പാപികൾ എന്റെയടുത്ത് വരുന്നു: അവരെ എന്റെ പ്രാർത്ഥനയാൽ, അനുശാസനത്താൽ സത്മാതൃകയാൽ തുണയേകണം.

ലോകത്തിനുമേലും ജഡത്തിനുമേലും പിശാചിനുമേലും വിജയം കൈവരിക്കുന്നതിന് ധൈര്യം ആവശ്യമാണ്. അതിനായി, ഈ വിധ തിന്മകളുമായി പൊരുതി ജയിക്കുന്നതിന് ദൈവികമായ പുണ്യങ്ങളുമായി ഞാൻ നിരന്തരം ആശയവിനിമയം നടത്തണം.

മതവിശ്വാസത്തെ പ്രതിരോധിക്കാനും തെറ്റുകൾക്കെതിരെ പൊരുതാനും ഒരാൾക്ക് അറിവ് ഉണ്ടായിരിക്കണം. ഇതിനാവശ്യമായ അറിവ് ആർജ്ജിക്കാൻ എന്റെ പരിധിയിലുള്ള എല്ലാ വഴികളും ഉപയോഗിക്കുന്നതിന് ഞാൻ കഠിനാധ്വാനം ചെയ്യും.

www.malankaralibrary.com

മാനുഷിക ബഹുമാനങ്ങളും ലോകത്തോടുള്ള സ്നേഹ ബന്ധങ്ങളും പൗരോഹിത്യത്തെ അപകീർത്തിപ്പെടുത്തുന്നു; അതിനാൽ ഞാൻ അവയൊക്കെ ഒഴിവാക്കും.

അഭിലാഷങ്ങളും വ്യക്തിപരമായ താല്പര്യങ്ങളും ഒരു പുരോഹിതന്റെ വിശ്വാസം നഷ്ടപ്പെടുത്താൻ മിക്കപ്പോഴും ഇടയാക്കിയിട്ടുമുണ്ട്. അതിനാൽ ഈ തിന്മകൾ പാപാത്മകമായ ഉറവിടങ്ങളായിക്കരുതി ഞാൻ അവയെ അതികഠിനമായി വെറുക്കേണ്ടതുണ്ട്.

ഒരു പുരോഹിതനിൽ കുടികൊള്ളേണ്ട സഹാനുഭൂതിയെ ആകർഷണശീലത പിന്തുടരേണ്ടതുണ്ട്. അതിനാൽ ഞാൻ വിവേകമതിയായും പരിമിതഭാഷണശീലനായും – പ്രത്യേകിച്ച് സ്ത്രീകളോട് – എന്നാൽ അഹങ്കാരിയാവാതെയും, പരുഷസ്വഭാവം കാട്ടാതെയും ഗർവിഷ്ടനാവാതെയും പെരുമാറും.

പ്രാർത്ഥനയുടെ പരിശീലനങ്ങളെ പരിപോഷിപ്പിക്കുന്നതായ പരിചിന്തനങ്ങളിലൂടെയും, അതനുസരിച്ചുള്ള ഉത്സാഹത്തോടെയും സുദൃഢമായ നന്മകളിലൂടെയും മാത്രമേ എനിക്ക് ദൈവത്തെ പ്രീതിപ്പെടുത്താനാകൂ; അവയെ കൈവശപ്പെടുത്തുന്നതിനു ഉദ്യമിക്കുന്നവയെ ഒന്നും ഞാൻ ഉപേക്ഷിക്കില്ല.

ദൈവത്തിന്റെ മഹത്വവും, അതിലുള്ള എന്റെ തൃപ്തിയും, അതിലൂടെ ആത്മാക്കളുടെ രക്ഷയും മാത്രമേ ഞാൻ ആരായേണ്ടതുള്ളു; തത്ഫലമായി, അവ നേടിയെടുക്കുന്നതിന് എന്റെ ജീവൻ ഹോമിക്കേണ്ടി വന്നാൽ പോലും.

ഞാൻ പുരോഹിതനാണ്; വലിയ പുരോഹിതനായ യേശു ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നതിനുവേണ്ടി ഞാൻ പുരോഹിതനായി.

ഈ ലക്ഷ്യം ഒരിക്കലും തന്റെതന്നെ അറിവിന്റെ വ്യക്തിവൈശിഷ്ട്യമോ, പ്രാഗൽഭ്യമോ വാഗ്മിത്വമോ ആർജ്ജിക്കുന്നതിനാവരുത്, മറിച്ച്, കേൾവിക്കാരുടെ വിശുദ്ധീകരണം വഴിയായി ദൈവത്തിന് മഹത്വം നൽകാൻ വേണ്ടിയാവണം.



പ്രസംഗിക്കുന്ന വിഷയവുമായി യോജിക്കാതെയുള്ള ആശയങ്ങൾ അന്വേഷിക്കാതിരിക്കാൻ പ്രാസംഗികൻ പ്രത്യേകം ശ്രദ്ധിക്കണം: മാത്രമല്ല, അവതരിപ്പിക്കുന്ന ഒരു നൂതന ആശയസങ്കൽപ്പത്തിന്റെ സൗന്ദര്യത്തിൽ കേൾവിക്കാരുടെ മനസ്സ് ഉറച്ചുപോവും വിധത്തിലുള്ളതും, അവരുടെ താല്പര്യം വരണ്ടുപോകുന്നതും ഫലങ്ങൾ പുറപ്പെടുവിക്കാനുതകാത്തതുമായ പുതിയതും പ്രൗഢവുമായ ചിന്തകളും കടന്നു കയറാതിരിക്കാൻ ശ്രദ്ധിക്കണം. ഔചിത്യത്തോടെ ചിട്ടപ്പെടുത്തിയുള്ള നീക്കങ്ങളാൽ തന്റെ കേൾവിക്കാരിൽ ഉറച്ച നല്ല തീരുമാനങ്ങളെടുക്കാൻ പ്രേരിപ്പിക്കുംവിധമാകട്ടെ, പ്രാസംഗികൻ അവതരിപ്പിക്കുന്ന വിഷയങ്ങളിലെ വിനിമയ ശൈലി.

ആ ലക്ഷ്യം പ്രാപിക്കുന്നതിന്, " ഓരോ പ്രവൃത്തിയും ചെയ്യുമ്പോൾ ജീവിതാന്ത്യത്തെപ്പറ്റി ഓർക്കണം; എന്നാൽ, നീ പാപം ചെയ്യുകയില്ല" (പ്രഭാ. 7: 36), എന്ന പരിശുദ്ധാത്മാവിന്റെ തിരുവചനംപോലെ, പ്രാസംഗികൻ തന്റെ പ്രബോധനങ്ങളിൽ കൂടെക്കൂടെ തന്റെ കേൾവിക്കാരെ നിത്യതയിലെ സത്യങ്ങൾ ഓർമ്മപ്പെടുത്തട്ടെ; അതിന്റെ അടിസ്ഥാനത്തിലാണ് സ്ഥിരോൽസാഹം നേടാനാവുന്നതെന്നും.

540. പുരോഹിതനും ബലിവസ്തുവും വേർപെടുത്താനാകാത്ത വിധം ഒന്നാണെന്ന് യേശു സാക്ഷ്യപ്പെടുത്തി. പൗരോഹിത്യത്തെയും ബലിയെയും ഒരേ ധാരയിൽ ഒന്നായി ചേർത്തു നിവർത്തിക്കുക വഴിയാണ് ക്രിസ്തുദൗത്യം വേറിട്ട ചൈതന്യത്താൽ ദീപ്തവും, വ്യത്യസ്തവുമായത്. ക്രിസ്തു നമുക്കു പാപങ്ങൾക്കുവേണ്ടി തന്നെത്തന്നെ നൽകി – ആ പാത പിന്തുടർന്നു പുരോഹിതൻ സ്വയം ബലിയായി സമർപ്പിക്കണം

www.malankaralibrary.com

541. പുരോഹിതൻ സ്വയം ബലിയായി പാപികളായ വിശ്വാസികളെ ആത്മാവിൽ ചേർത്തു കൊണ്ടു തന്നെത്തന്നെ സമർപ്പിക്കുമ്പോഴാണ് രക്ഷകനോടൊപ്പം ആ പൗരോഹിത്യത്തിന്റെ പിൻതുടർച്ചയിൽ എത്തപ്പെടുകയുള്ളൂ. പുരോഹിതൻ ക്രിസ്തുവിന്റെ പാതയിൽ തുടരണം, മാതൃക അനുഷ്ഠിക്കണം.

542. പുരോഹിതൻ വിശുദ്ധബലി അർപ്പിക്കുമ്പോൾ പാപികൾക്കായി മരണം വരിച്ച ക്രിസ്തുവിന്റെ ജീവ സമർപ്പണത്തോട് സാത്മ്യം ഭവിച്ച് നമ്മെതന്നെ നാം ബലിയായി സമർപ്പിക്കുകയും നമുക്കുതന്നെ മരണത്തെ അർപ്പിക്കുകയും ചെയ്യണം.

543. പുരോഹിതൻ എന്ന നിലയിൽ കുർബ്ബാന വേളയിൽ ക്രിസ്തുവിന് സമർപ്പിക്കണം – അക്കൂട്ടത്തിൽ ബലിയായി ക്കൂടി സമർപ്പിക്കണം. നിത്യവും ജീവിതത്തിൽ കുരിശു പേറുകയെന്നതു ദൗത്യനിയോഗമായി വരിച്ചവരാണ് പുരോഹിതർ. ബലി അനുകരണവും ആവർത്തനവും ആകരുത്.

544. നമ്മുടെ കരങ്ങളിൽ, ഹൃദയത്തിൽ യേശുവിനോടുള്ള ധ്യാനത്തിന്റെ ലിഖിത മുദ്രകൾ അവിടുന്നു കാണുന്നുവെങ്കിൽ മാത്രമേ പുരോഹിതർ എന്ന നിലയിലും സ്വയം ബലിയായവർ എന്ന നിലയിലും നമ്മുടെ നിയോഗം സഫലവും അനുഗ്രഹ പൂർണവുമാകുന്നുള്ളൂ.

545. പുരോഹിതന്റെ ശരീരമാകുന്ന അപ്പം നുറുക്കപ്പെടാതെ, ഉടയാതെ, നശ്വരമാക്കപ്പെടാതെ അർപ്പിക്കുന്ന ബലി ദൈവ തിരുമുൻപിൽ അപൂർണമാണ്. ദൈവം നമ്മളോട് സമ്പൂർണ്ണ സമർപ്പണം ആവശ്യപ്പെടുന്നു.

546. കുർബ്ബാന വേളയിൽ ഓരോ തവണയും അപ്പം നുറുക്കുമ്പോൾ ഓരോ പുരോഹിതനും തിരുവത്താഴ മേശയിൽ ക്രിസ്തുവിനിരുവശവും നിരന്ന ശിഷ്യന്മാർക്കു കഴിഞ്ഞതുപോലെ അവിടുത്തെ ബലിയെ തിരിച്ചറിയുന്നു – ക്രിസ്തു അവരെയും തിരിച്ചറിയുന്നു – ആ അറിവ് അംഗീകാരമാകുന്നു. നുറുക്കപ്പെടാത്ത, ഉടയാത്ത ശരീരം മഹാപുരോഹിതനായ ഈശോക്ക് സ്വീകാര്യമല്ല.



547. പുരോഹിതൻ പഠിക്കുന്നത് ബലിയാകുവാനാണ്– ദൈവവിളി ബലി വസ്തുവാകാനുള്ള വിളിയാണ് – പുരോഹിതന്റെ ഉള്ളിൽ തന്നെയാണ് ക്രൂശിക്കപ്പെടേണ്ട ബലിവസ്തു. പുരോഹിതൻ തന്നെയാണ് ബലിവസ്തു.

548. പുരോഹിതൻ തന്റെ ആട്ടിൻ കൂട്ടത്തെക്കുറിച്ച് കരുതലുള്ളവനായിരിക്കണം – അവർക്കായി ബലിയായി സമർപ്പിക്കണം – മറ്റൊരാളെ പുരോഹിതൻ കരുതണം– ഈ കരുതലാണ് സ്നേഹമായി പ്രസരിക്കുന്നത്– ഇടവകാംഗങ്ങൾ ഒരു പുരോഹിതന്റെ ഹൃദയമാണ്, ദേഹിയാണ്, രക്തമാണ്.

549. ആട്ടിടയന്റെ നിയോഗം ഏറ്റെടുക്കുന്ന പുരോഹിതൻ തന്റെ മരണത്തിലേക്ക് നടന്നടുക്കുന്നത് കുഞ്ഞാടായിട്ടാണ് – കാണാതെപോയ കുഞ്ഞാടിനെ തേടുകയും കണ്ടെത്തിയാൽ സമാശ്വാസനമായി കൂടെ നിൽക്കുകയുമാണ് ആട്ടിടയന്റെ പ്രഥമ ധർമ്മം – ക്രിസ്തുവിനു വേണ്ടി അജഗണങ്ങളുമായി പുരോഹിതൻ ഇടപഴകണം, ഇടപെടണം – അവരെ കരുതണം. അപ്പോഴാണ് പൗരോഹിത്യത്തിന് അർത്ഥപൂർണത വരുന്നത്. ലൗകികമായ മേധാവിത്വത്തെ മറികടക്കുകയും ക്ഷമാപൂർവ്വം വിസ്തരിക്കുകയും ചെയ്യുന്ന കുഞ്ഞാടായി സ്വയം സമർപ്പിക്കുമ്പോൾ മാത്രമേ പുരോഹിതൻ ആത്മാക്കളുടെ നല്ലിടയനാകുകയുള്ളൂ.

550. മനുഷ്യനെ ദൈവത്തിങ്കലേക്കും ദൈവത്തെ മനുഷ്യനിലേക്കും ബന്ധിപ്പിക്കുന്ന, ദൈവത്തിനും മനുഷ്യനുമിടയിലുള്ള മദ്ധ്യസ്ഥനാണ് പുരോഹിതൻ. പുരോഹിതൻ ശക്തിബലങ്ങൾക്കായി അവിടുത്തെ ദാസർ എന്ന നിലയിൽ ക്രിസ്തുവിൽ ആശ്രയം തേടുന്നു. ദൈവമർമ്മങ്ങളുടെ ഹൃദയ വിചാരകന്മാരാണ് പുരോഹിതന്മാർ. പുരോഹിതൻ യാക്കോബിന്റെ ഗോവണിക്കു സമമാണ് – ലൗകിക ബന്ധങ്ങളിൽ നിന്നുള്ള മോചനമാണ് ഒരു പുരോഹിതനെ സംബ

www.malankaralibrary.com

ന്ധിച്ച് ദൈവഭവനത്തിലെത്താനുള്ള ആദ്യപടി. അപ്പോൾ ദൈവം കൂടുതൽ അനുഗ്രഹങ്ങൾ പുരോഹിതനിൽ ചൊരിയും.

551. പുരോഹിതന് സ്വർഗത്തിൽ കയറി ചെല്ലാനുള്ള ഗോവണിയാണ് ക്രിസ്തു – പുരോഹിതൻ ക്രിസ്തുവിന്റെ പ്രതിപുരുഷനാകുമ്പോൾ യാക്കോബിന്റെ ഗോവണിയായി മാറുന്നു. സ്വർഗത്തിലുള്ള ക്രിസ്തുവിനോടു ലംബതലത്തിൽ നെടുകെ ബന്ധപ്പെടാനും ഭൂമിയിലെ മനുഷ്യരോട് ചിരഃസ്ഥിത തലത്തിൽ കുറുകെ ഇടപെഴകുവാനുമാണ് പുരോഹിതന്റെ നിയോഗം. ദൈവവിളി പുരോഹിതന് ലഭിക്കുന്നത് ക്രിസ്തുവിൽ നിന്നാണ് – പൗരോഹിത്യത്തിന്റെ ഫലം ലഭിക്കുന്നതും ക്രിസ്തുവിൽ നിന്നാണ്. യേശു പുരോഹിതനുവേണ്ടി മദ്ധ്യസ്ഥനാകുന്നു. പുരോഹിതനായി നിത്യജീവൻ നേടി തരുന്നു.

552. ദിവ്യകാരുണ്യത്തിന്റെ കാര്യസ്ഥനും അഭിഭാഷകനുമായവനോട് നേരിട്ടു സംവദിക്കുവാൻ ഊഴം ലഭിച്ചവനാണ് പുരോഹിതൻ – സ്ഥാനപതിയാണ് പുരോഹിതൻ – പുരോഹിതനെ തേടി വരുന്നവർക്ക് സ്വാസ്ഥ്യത്തിന്റെ കരുണ ലഭിപ്പാനായി അവരുടെ പക്ഷം ദൈവസന്നിധിയിൽ ഉണർത്തിക്കാൻ പുരോഹിതന് കടമയുണ്ട്. വിശുദ്ധിയുടെ വിശുദ്ധസ്ഥലത്തേക്കുള്ള വഴി തിരിച്ചറിയുന്ന ഒരു പുരോഹിതൻ അവർക്കു വേണ്ടി വിശുദ്ധ കുർബ്ബാന മദ്ധ്യേ സ്വയം സമർപ്പിച്ചു മദ്ധ്യസ്ഥനായി അർത്ഥിക്കുവാൻ ബാധ്യസ്ഥനാണ്. ഗോവണിയുടെ മുകൾഭാഗം ദൈവവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

553. നമ്മുടെ പുരോഹിതനാകുവാൻ ക്രിസ്തു മനുഷ്യനായി. യേശുവിന്റെ പൗരോഹിത്യമാണ് പുരോഹിതൻ അനുവർത്തിക്കേണ്ടത്. ഗോവണിയുടെ അടിഭാഗം മനുഷ്യരുമായുള്ള ചിരഃസ്ഥിത ബന്ധമാണ്. പുരോഹിതൻ ദൈവസന്നിധിയിൽ യേശുവിനോടു നിരന്തരം ബന്ധപ്പെടണം. പാപികളായ മനുഷ്യരുടെ കുറവുകളും പരിമിതികളും വല്ലായ്മകളും ഏറ്റെടുക്കുവാൻ പുരോഹിതൻ ബാധ്യസ്ഥനായിരിക്കുന്നു.



554. പുരോഹിതൻ ദൈവത്തോട് വിധേയപ്പെടണം, ബന്ധിക്കപ്പെടണം. അപ്പോൾ പുരോഹിതൻ ഉയർത്തപ്പെടും, ശക്തിപ്പെടും, പുതിയ ജീവൻ പ്രാപിക്കും. പുരോഹിതൻ ക്രിസ്തുവിനോടൊപ്പം ജീവിക്കും. പുരോഹിതൻ ജനങ്ങൾക്കുവേണ്ടി ബലിയർപ്പിക്കുമ്പോൾ തന്നെ തനിക്കുവേണ്ടികൂടിയും ബലിയർപ്പിക്കണം.

555. പുരോഹിതൻ ഇഹവുമായുള്ള വേർപെടൽ നേടണം – അപ്പോൾ ദൈവഭവനത്തിൽ എത്തും. ഗോവണിയുടെ താഴെ പടവുകൾ ഏറ്റവും നന്നായി കണ്ടെത്തപ്പെടുന്നത് മുകളിൽ നിന്നാണ്. പുരോഹിതൻ ക്രിസ്തുവിനെ കണ്ടെത്തിയാൽ മനുഷ്യരെയും കണ്ടെത്തും എന്നർത്ഥം.

556. പുരോഹിതൻ ലോകത്തിൽ നിന്ന് വേർതിരിക്കപ്പെടുന്നത് ദൈവത്തോട് ചേർക്കപ്പെടാൻ വേണ്ടിയാണ്. പ്രസിദ്ധി പ്രചാരങ്ങൾ നേടുകയെന്നതും ജനഹൃദയങ്ങളിൽ സ്വാധീനമുള്ളവനായി മാറുക എന്നതും രണ്ടും രണ്ടാണെന്ന് പുരോഹിതൻ മനസിലാക്കണം, വേർതിരിച്ചറിയണം. പുരോഹിതൻ ഭൂമിയിലാണെങ്കിലും സ്വർഗത്തിലേക്കു ചാഞ്ഞല്ലാത നിലനിൽക്കുകയില്ല. ഭൂമിയിൽ തുടരുക. സ്വർഗവുമായി സംവദിക്കുക.

557. ക്രിസ്തുവിന്റെ പാതയിൽ തുടരുമ്പോൾ വൈദികൻ അനുവർത്തിക്കുന്നത് അവിടുത്തെ ജീവിതം തന്നെയാണ്. ചിന്തയിലും, വാക്കിലും, പ്രവൃത്തിയിലും പുരോഹിതൻ ക്രിസ്തുവിന്റെ വ്യക്തി സത്തയുടെ ഭാഗവും തുടർച്ചയുമായി മാറുകയാണ്. ക്രിസ്തുവിനുള്ളതിനപ്പുറത്തെ ഒരുവിധ ഉത്തരവാദിത്വ സ്രോതസും ഒരു പുരോഹിതൻ ഏറ്റെടുക്കുന്നില്ല, തേടുന്നില്ല, തേടേണ്ടതുമില്ല. പുരോഹിതൻ തന്റെ അഹത്തെ ത്യജിക്കുകയും, പുരോഹിതനും ബലിവസ്തുവായ ക്രിസ്തുവായി മാറണം.

www.malankaralibrary.com

558. പൗരോഹിത്യത്തിലേക്കു പുരോഹിതനെ നയിച്ചതു സ്വയം ക്രൂശിതരാകാനാണ് – പുരോഹിതൻ തന്റെ അഹത്തെയും, സ്വാർത്ഥത്തേയും ത്യജിക്കുമ്പോൾ ക്രിസ്തു വന്നു നിറയും. പുരോഹിതനിലൂടെ ക്രിസ്തു ഒരുപാടു കാര്യങ്ങൾ നിർവ്വഹിക്കാൻ ആഗ്രഹിക്കുന്നു. പുരോഹിതൻ ദൈവത്തോട് പൂർണവിധേയനാവുകയും, അവിടുത്തെ തൃക്കരങ്ങളിൽ ഒരുപകരണമായി പൂർണമായും സമർപ്പിക്കണം.

559. ലൗകിക മോഹങ്ങളിൽ നിന്നും, ആസക്തിയിൽ നിന്നും, കെട്ടുപാടുകളിൽ നിന്നും പുരോഹിതൻ വിമോചിതനായിരിക്കണം – പുരോഹിതന്റെ എല്ലാ പ്രവൃത്തികളും ക്രിസ്തുവിന്റെ സത്തയോടും വ്യക്തിപ്രഭാവത്തോടും ചേർന്നു നിൽക്കണം.

560. പുരോഹിതൻ സംസാരിക്കുന്നത്, ചിന്തിക്കുന്നത്, ജീവിക്കുന്നത്, ഉത്ബോധിപ്പിക്കുന്നത് തന്റെ സ്വന്തം നാമത്തിലോ വ്യക്തിപരമായ നിലയിലോ അല്ല, യേശുവിനാലാണ് – പുരോഹിതൻ ക്രിസ്തുവിന്റെ ശാഖ മാത്രമാണ് – ക്രിസ്തു മുന്തിരിവള്ളിയാണ് – ഒരേ ഫലം കായ്ക്കുവാനാണ് അവ ഒന്നായി വർത്തിക്കുന്നത്. ഒരേ കർമ്മമാണ് അവയ്ക്ക് – അവ ഒന്നു തന്നെയാണ്.

561. അൾത്താര മുന്നിലും, കുമ്പസാരക്കൂട്ടിലും സുവിശേഷ പീഠത്തിലും പുരോഹിതനിൽ വിശ്വാസികൾ യേശുവിനെ കാണുന്നു– ബാഹ്യരൂപം കൊണ്ടല്ല കർമ്മം കൊണ്ടും അതിൽ ചൈതന്യമായി വിളങ്ങുന്ന ആത്മചൈതന്യം കൊണ്ടും വിശ്വാസികൾ പുരോഹിതനിൽ ക്രിസ്തുവിനെ കാണണം.

562. ആത്മീയ സന്താനങ്ങളാകുവാൻ പുരോഹിതൻ ആത്മീയ പിതാവാകണം. അതാണ് പുരോഹിതന്റെ നിയോഗം – സ്വയം സമർപ്പിക്കലാണ് അതിനുള്ള വഴി.

563. പുരോഹിതനെ പേരു ചൊല്ലി വിളിക്കുകയും തിരഞ്ഞെടുക്കുകയും അയക്കുകയും ചെയ്ത ദൈവത്തോട് പുരോഹിതൻ വിശ്വസ്തനായിരിക്കണം. പുരോഹിതൻ ഈ ലോകത്തിലൂടെ കടന്നുപോകുന്ന വിശ്വാസികളോട്, ദൈവത്തിന്റെ വചനം സംസാരിക്കുന്ന നേതാവാണ്. പുരോഹിതൻ തന്റെ അജഗണത്തിന് അനുകരണീയമായ വിശ്വാസജീവിതം നയിക്കുന്നവനായിരിക്കണം. പുരോഹിതൻ തന്റെ അജഗണത്തിനു വേണ്ടി കണക്കു ബോധിപ്പിക്കാൻ കടപ്പെട്ടവനെന്ന നിലയിൽ അവരുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിക്കണം.



564. പുരോഹിതൻ ദൈവത്തിന്റെ വചനം സംസാരിക്കണം. യേശുമിശിഹായെ അവന്റെ ദൈവിക–മാനുഷിക പൂർണതയോടെ പ്രഘോഷിക്കണം – ലോകത്തിനുള്ള ദൈവത്തിന്റെ സുവിശേഷമായ യേശുമിശിഹായെ പ്രഘോഷിക്കുക. പുരോഹിത വിശ്വസ്തതയുടെ അടിത്തറ അയാളുടെ ക്രിസ്തുവിശ്വാസമാണ് – വിശ്വസ്തനായ യേശുക്രിസ്തുവിൽ പുരോഹിതൻ വിശ്വസിക്കണം– വിശ്വസ്തനായിരിക്കാൻ വിശ്വാസം അത്യാവശ്യമാണ്– യേശുവിന്റെ കാരുണ്യത്താൽ ലഭിച്ച സൗജന്യ ദാനമാണ് പൗരോഹിത്യം. പ്രത്യാശയിൽ അഭിമാനിക്കാൻ പുരോഹിതനു കഴിയണം.

565. പുരോഹിതൻ വചനത്തിന്റെ പ്രഘോഷകനാണ്. കൂദാശകളുടെ ശുശ്രൂഷകനാണ് –പുരോഹിതൻ യജമാനന്റെ ഭവനത്തിലുള്ളവർക്ക് കൃത്യ സമയത്ത് ഭക്ഷണം കൊടുക്കണം.

566. പുരോഹിതൻ വിശുദ്ധീകരണത്തിനു യേശുക്രിസ്തുവിനോടു ബന്ധപ്പെട്ടാൽ മതി. അവനോട് ഒന്നാകുക. അവനോട് ഐക്യപ്പെടുക. യേശു മിശിഹാ തന്റെ പൗരോഹിത്യ ശുശ്രൂഷയാൽ മനുഷ്യകുലത്തെ വിശുദ്ധീകരിച്ചു. വിശുദ്ധീകരണത്തിന്റെ തിരുമണിക്കൂറിലേക്ക് പുരോഹിതൻ കണ്ണും നട്ടിരിക്കണം.

567. ദൈവമായ കർത്താവിന്റെ ദിവ്യ രഹസ്യങ്ങളുടെ കാര്യവിചാരകനാണ് പുരോഹിതൻ – യജമാനന്റെ ഭവനമായ സഭയിലെ ഭൃത്യനാണ് പുരോഹിതൻ – പുരോഹിതൻ പരികർമ്മം ചെയ്യുന്ന രഹസ്യങ്ങൾ സ്വീകർത്താക്കളെ വിശുദ്ധീകരിക്കുന്നു. പുരോഹിതൻ കൂദാശകൾ ശുശ്രൂഷിക്കു

www.malankaralibrary.com

മ്പോൾ അദ്ദേഹവും വിശുദ്ധീകരിക്കപ്പെടുന്നു. പുരോഹിതൻ തങ്ങളുടെ ശുശ്രൂഷകൾ ക്രിസ്തുവിന്റെ ചൈതന്യത്തിൽ ആത്മാർത്ഥമായും തീക്ഷ്ണമായും നിർവഹിക്കുമെങ്കിൽ അവർ പ്രത്യേകമായ വിശുദ്ധി പ്രാപിക്കും.

568. വി. കുർബ്ബാനയെന്ന രഹസ്യങ്ങൾ ആഘോഷിക്കുമ്പോൾ അത് അണയ്ക്കുന്ന പുരോഹിതനും വിശുദ്ധീകരിക്കപ്പെടുന്നു. പുരോഹിതൻ നിൽക്കുന്നത് തീച്ചൂളയിലാണ് – കർത്താവിനെ ബലിപ്പിക്കുന്ന പുരോഹിതൻ തന്നെത്തന്നെ വിശുദ്ധീകരിക്കണം.

569. മദ്ബഹ തീയാണ്. ആരാധന തീയാണ്. പുരോഹിതന്റെ അകത്ത് തീക്കനലും, പുറത്തു തീജ്വാലയും. പുരോഹിതൻ അകംപുറം തീച്ചൂളയിൽ. പുരോഹിതന്റെ ശരീരം ദൈവാലയവും മനസ് ശുദ്ധ സ്ഥലവും ആയിരിക്കണം.

570. വി. കുർബ്ബാന ബലിയർപ്പിക്കുന്ന പ്രധാന പുരോഹിതനും ബലിവസ്തുവും അർപ്പണ ക്രമവും ബലി സ്വീകരിക്കുന്നവനും ബലിപീഠവും ക്രിസ്തുവാണ്. പരിശുദ്ധാത്മാവ് വിളിച്ചവനാണ് പുരോഹിതൻ – സഭ നിയോഗിച്ചവനാണ് പുരോഹിതൻ – ക്രിസ്തുവിനും സഭക്കും പ്രതിനിധീഭവിക്കുന്ന പുരോഹിതൻ കേവലമൊരു മനുഷ്യൻ. പുരോഹിതൻ ബലഹീനനും പാപിയുമാണ്. പുരോഹിതൻ ദൈവത്തിന്റെ കരുണ യാചിച്ച് വിശുദ്ധീകരിക്കപ്പെടണം.

571. പരമമായ ശക്തി ദൈവത്തിന്റേതാണെന്ന് പുരോഹിതൻ മനസിലാക്കണം – ദൈവത്തിന്റെ ബലിപീഠത്തിൽ പ്രവേശിക്കാനുള്ള അനുഗ്രഹമോർത്ത് പ്രായമേറുന്തോറും പുരോഹിതന്റെ യുവത്വം പുതുക്കപ്പെടുകയും കൂടുതൽ യുവമാക്കപ്പെടുകയും ചെയ്യണം. ക്രിസ്തു ഹൃദയത്തിലുണ്ടെങ്കിൽ ഹൃദയത്തിന് ഒരിക്കലും വയസാകില്ല. ഓരോ ദിവസത്തെയും ദിവ്യബലി ജീവിതത്തിലെ ആദ്യത്തെ ദിവ്യബലി പോലെയും അവസാനത്തെ ദിവ്യബലി പോലെയും അർപ്പിക്കണം.



572. പുരോഹിതന്റെ അലക്ഷ്യമായ കുർബ്ബാനയർപ്പണം അർപ്പണത്തെ അപൂർണ്ണമാക്കും. പുരോഹിതന് അകൃത്രിമമായ ആരാധനഭാവം വേണം – കുർബ്ബാന പുരോഹിതന്റെ ആത്മാവിന്റേതായിരിക്കണം – പ്രീതികരമായ സജീവ ബലിയായിരിക്കണം – പുരോഹിതൻ റൂഹായെ ഭൂഷണമാക്കി ബലിയർപ്പിക്കണം.

573. വി. കുർബ്ബാനയുടെ പരമമായ ഉദ്ദേശ്യം പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സ്തുതിയും, സ്തോത്രവും ആരാധനയും അർപ്പിക്കുകയാണ്. കുർബ്ബാനയിൽ പുരോഹിതൻ യേശുവിന്റെ സ്വയാർപ്പണം എന്ന ബലിക്രമം പാലിക്കണം.

574. പുരോഹിതൻ ആരാധനക്രമത്തിന്റെ സൗന്ദര്യം ധ്യാനിക്കണം. അത് ധ്യാനിക്കാൻ വിശ്വാസികളെ സഹായിക്കുകയും വേണം– സത്യം, നന്മ, സൗന്ദര്യം എന്നിവ ദൈവത്തിങ്കലേക്കു തുറക്കപ്പെട്ട മൂന്ന് വാതിലുകളാണ്. ഇവ ദൈവത്തിന്റെ മൂന്ന് നാമങ്ങളാണ് – പുരോഹിതൻ യോഗ്യനായി, വിശുദ്ധിയോടെ കൂദാശകൾ പരികർമ്മം ചെയ്യണമെന്നു സഭ ആഗ്രഹിക്കുകയും നിഷ്കർഷിക്കുകയും ചെയ്യുന്നു.

575. പുരോഹിതൻ പരികർമ്മം ചെയ്യുന്ന ശുശ്രൂഷകളെല്ലാം അയാളുടെ വിശുദ്ധീകരണത്തിനുതകുന്നവയാണ് – വി. കുർബ്ബാനയുടെ ആഘോഷം പരികർമ്മിയായ പുരോഹിതന്റെ പുനശുദ്ധീകരണത്തിന് ഏറ്റവും സഹായകരമായ ശുശ്രൂഷയാണ് – പുരോഹിതനു സ്വന്തം വിശുദ്ധീകരണം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ശുശ്രൂഷയാണ് വി. കുർബാനയുടെ ആഘോഷം. യേശു മിശിഹാ വി. കുർബ്ബാന വഴി പുരോഹിതനെ സ്പർശിക്കുകയും, പുരോഹിതനിൽ വസിക്കുകയും ചെയ്യുന്നു. മിശിഹാ അവനിലും അവൻ മിശിഹായിലും വസിക്കുന്നു. പുരോഹിതൻ വിശുദ്ധിയുടെ ശുശ്രൂഷകനും, വിശുദ്ധിയുടെ പരിമളധാരിയും ആകുന്നു.

www.malankaralibrary.com

576. പുരോഹിതന് വിശുദ്ധി ലഭിക്കുന്നത് ദൈവത്തിന്റെ കരുണയാലും അവിടുത്തെ സ്വന്തവും സ്വാതന്ത്ര്യവുമായ തീരുമാനത്താലുമാണ്. ദൈവം നൽകുന്ന വിശുദ്ധീകരണം പ്രാപിക്കാൻ പുരോഹിതൻ ഒരുക്കമുള്ളവനായിരിക്കണം. ശുശ്രൂഷാസമയം പുരോഹിതൻ വിലപിക്കണം. പുരോഹിതൻ ഉച്ചരിക്കുന്ന ഓരോ വാക്കും ചെയ്യുന്ന അനുഷ്ഠാന കർമ്മവും പരിശുദ്ധാത്മാ നിറവിന്റെ അനുഭവത്താൽ സഭയോടു ചേർന്നു സ്വന്തമാക്കി ഉച്ചരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യണം. ജനത്തോട് ബന്ധപ്പെട്ടാണ് ഈ ശുശ്രൂഷ നിർവഹിക്കുന്നതെന്ന കാര്യം പുരോഹിതൻ ഓർക്കണം.

577. പുരോഹിതൻ സഹായത്തിനായി, കരുണ സ്വീകരിക്കാനും, കൃപ കണ്ടെത്താനും, കൃപാ സിംഹാസനത്തെ ആത്മ ധൈര്യത്തോടെ സമീപിക്കണം. നുറുങ്ങിയ ഹൃദയത്തോടും, വിനയമുള്ള ആത്മാവോടും കൂടെ പുരോഹിതൻ ബലിയർപ്പിക്കണം. കാഴ്ച വയ്പ് യഥാർത്ഥമാകാൻ ഞാനും എന്റെ ജീവനും ഒപ്പം കാഴ്ച വയ്ക്കപ്പെടണം. ആത്മാവായ ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും, സത്യത്തിലും ആരാധിക്കണം. യേശു തന്നെയാണ് സ്വർഗീയ ബലിപീഠവും, ബലിക്രമവും.

578. ക്രിസ്തുവിന്റെ ബലി അശക്തരുടെ ബലഹീനതയെ വഹിച്ചു കൊണ്ടുള്ളതാണ്. തിരുഹിതത്തിനു പ്രസാദകരമായ ബലി ദൈവവചനത്തിൽ ഉപേക്ഷ കാണിക്കാതെയുള്ള ശുശ്രൂഷക്കുതകുംവിധം പ്രാർത്ഥനയിലും വചന ശുശ്രൂഷയിലും വ്യാപരിച്ചിട്ടുള്ളതാണ്.

579. സജീവ ബലിയായി, ജീവനുള്ള ബലിയായി സ്വയം സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് പുരോഹിതർ പ്രാർത്ഥിക്കണം. ദൈവമെ നിർമലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമെ എന്ന് പുരോഹിതൻ പ്രാർത്ഥിക്കണം. നമ്മുടെ ഹൃദയം നിർമ്മലമായിരിക്കുന്നത് ഒരിക്കലും നമുക്കു സ്വയം കുറ്റപ്പെടുത്തേണ്ട അവസ്ഥ ഇല്ലാതിരിക്കുമ്പോഴാണ്. പുരോഹിതൻ ദൈവത്തെ നോക്കണം. ദൈവത്തിന് നന്ദിയർപ്പിക്കണം. അപ്പോൾ നമ്മുടെ ഹൃദയം അവിടുത്തെ ശക്തിയിൽ നിർമ്മലമായി കൊള്ളും.



580. പുരോഹിതൻ ദൈവത്തെ അനുനിമിഷം ആരാധിക്കണം. അപ്പോൾ ദൈവ സാന്നിദ്ധ്യം നമ്മിൽ ഉണ്ടാകും. അപ്പോൾ നമ്മുടെ മനസും നിർമ്മലമാകും.

581. പുരോഹിതൻ ജീവനുള്ള ബലി അർപ്പിക്കണം. ജീവനുള്ള ബലി മാത്രമേ തിരുഹിതത്തിനു പ്രസാദകരവും, സ്വീകാര്യവുമാകൂ. ബാഹ്യമായും ആന്തരികമായും വളരെയേറെ ഒരുങ്ങി വിശുദ്ധ കുർബാനക്കു ദൈവാലയത്തിലേക്ക് പുരോഹിതൻ പോകണം. വാക്, കർമ, മനോവ്യാപാരങ്ങളിൽ പുരോഹിതൻ സംയമനം പാലിക്കണം. ദൈവത്തെ ഏറ്റവും വലിയ സമ്പത്തായി കണ്ടെത്തണം.

582. യാമ നമസ്കാരം ബലിയാണ്. സാധാരണ വിശ്വാസികൾക്കു പ്രാർത്ഥിക്കാൻ നേരം കിട്ടാത്ത ഇക്കാലയളവിൽ അവരെ പ്രതികൂടിയും സഭയുടെ പൊതു പ്രാർത്ഥനയർപ്പിക്കാൻ പുരോഹിതനായ എനിക്കുള്ള ഉത്തരവാദിത്തത്തിന്റെ ഭാരം ഏറുകയാണ്. യാമനമസ്കാരം പുരോഹിതന്റെ വിശുദ്ധീകരണത്തിനാണ്. പുരോഹിതൻ എല്ലാ സമയവും ആത്മാവിൽ പ്രാർത്ഥിക്കണം. യാമനമസ്കാരം അവഗണിക്കുന്നത് കൂടുതൽ അഹങ്കാരത്തിലേക്കു നയിക്കും. സഭയുടെ താൽപര്യപ്രകാരം യാമ നമസ്കാരം യഥാവിധി നടത്തുന്നവൻ സ്വയം എളിമപ്പെടുത്തുന്നു. യാമ പ്രാർത്ഥന തന്നെത്തന്നെ ഉയർത്തുന്നവനെ നിയന്ത്രിക്കാൻ യുക്തമായ കടിഞ്ഞാണാണ്.

583. സമാധാനം അനുഭവിക്കാൻ പുരോഹിതൻ കർത്തൃഹിതം നിർവ്വഹിക്കുന്നവനാകണം. എന്നിൽത്തന്നെ യുദ്ധമില്ലാതിരിക്കണം. ദൈവേഷ്ഠവും, എന്നിഷ്ഠവും തമ്മിലുള്ള യുദ്ധം ഇല്ലാതിരിക്കണം. സമാധാനം കർത്താവ് തന്റെ ജനത്തിനു

www.malankaralibrary.com

നൽകുന്ന ശക്തിയാണ്. കർത്താവുമായി സമ്പൂർണ ഐക്യത്തിലായിരിക്കുന്നയാൾക്കാണ് സമാധാനം പൂർണമായി അനുഭവിക്കാനാകുക. സമാധാനത്തിനു ദൈവിക സ്വഭാവമുണ്ട്. സമാധാനത്തിലായിരിക്കുന്നയാൾ സമ്പൂർണനായിരിക്കും. അയാൾ പൂർണതയുടെ അവസ്ഥയിലായിരിക്കും. ഭൗതിക സമ്പത്തുണ്ടെങ്കിലും ദൈവവുമായി സമ്പൂർണ ഐക്യത്തിലായിരിക്കുന്നയാളേ സമാധാനത്തിലായിരിക്കുക. എന്തെന്നാൽ ദൈവമല്ലാത്ത സമാധാനവും ദൈവമില്ലാത്ത സമാധാനവും ദൈവത്തിൽ നിന്നല്ലാത്ത സമാധാനവും സത്യമായ സമാധാനമല്ല.

584. പൗരോഹിത്യത്തിലെ മുദ്രവഴി, മാമ്മോദീസ, സൈഥര്യലേപനം എന്നിവയിലെ മുദ്രപോലെ തന്നെ ഒരു പുതിയ സൃഷ്ടി സംജാതമാകുകയാണ്. ദൈവിക മുദ്രയെന്നത് അസ്ഥിത്വാത്മകവും, പ്രവർത്തനാത്മകവുമാണ്. ദൈവിക മുദ്ര പുരോഹിതന്റെ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്നു. തിരുപട്ട കൂദാശയുടെ ശക്തിയാൽ നിത്യപുരോഹിത ശ്രേഷ്ഠനായ ക്രിസ്തുവിന്റെ പ്രതിരൂപത്തിൽ വൈദികർ അഭിഷിക്തരാകുന്നത് സുവിശേഷം പ്രസംഗിക്കാനും, വിശ്വാസികളെ പരിപാലിക്കാനും, ദൈവാരാധന നടത്തുവാനുമാണ്. ക്രിസ്തുവെന്ന വ്യക്തിയിൽ പ്രവർത്തിക്കാൻ വൈദികർക്ക് അധികാരം നൽകുന്നു.

585. തിരുപട്ട കൂദാശ വഴി ക്രിസ്തുവിന്റ പൗരോഹിത്യത്തിൽ പങ്കു പറ്റുന്നവർക്ക് ബ്രഹ്മചര്യമെന്ന ദാനം നൽകപ്പെടുന്നു. പുരോഹിതൻ ജനങ്ങളുടെയിടയിൽ വചനത്തിന്റെയും, കൃപാവരത്തിന്റെയും ശുശ്രൂഷകരാണ്. സുവിശേഷം പ്രസംഗിക്കാനും വിശ്വാസികളെ പരിപാലിക്കാനും ദൈവികാരാധന ആഘോഷിക്കുവാനും വേണ്ടിയാണ് പുരോഹിതൻ അഭിഷിക്തനായിരിക്കുന്നത്. തിരുപട്ടം വഴി പുതിയ രീതിയിൽ ദൈവത്തിനു പുരോഹിതൻ അഭിഷിക്തനാണ്. ക്രിസ്തുവിന്റെ ജീവനുള്ള ഉപകരണങ്ങളാണവർ. പുരോഹിതൻ ക്രിസ്തുവിന്റെ പ്രവർത്തി നിർവഹിക്കണം.



586. പുരോഹിതനായി അഭിഷിക്തനാകുക എന്നതിന്റെ അർത്ഥം സവിശേഷമായ ദൈവിക ശുശ്രൂഷക്കായി വേർതിരിച്ചു വയ്ക്കപ്പെടുകയെന്നാണ്. ദൈവം താൻ വിളിച്ച പുരോഹിതന് താൻ നൽകിയ ശുശ്രൂഷ നിർവഹിക്കാൻ വേണ്ട അധികാരവും കൃപയും നൽകുന്നു. അവിടുന്ന് അദ്ദേഹത്തെ സ്നേഹിക്കുകയും തന്റെ പരിശുദ്ധാത്മാവിനെ അദ്ദേഹത്തിന് നൽകുകയും ചെയ്യുന്നു. സ്വയം സമർപ്പിച്ച ക്രിസ്തുവിനെപ്പോലെ മനുഷ്യവംശത്തിന്റെ സേവനത്തിനു വേണ്ടി വൈദിക ജീവിതം സമർപ്പിക്കുകയെന്നതിലാണ് അഭിഷേകം അടങ്ങിയിരിക്കുന്നത്.

587. ക്രിസ്തുവിന്റെ ശുശ്രൂഷകൾ നിർവഹിക്കാൻ ആദ്ധ്യാത്മികമായ ഒരധികാരം പുരോഹിതനു നൽകപ്പെടുന്നു. പുരോഹിതന്റെ ശുശ്രൂഷ ക്രിസ്തുവിന്റെ ബലിയിലാണ് ബലിയുടെ ബലത്തിലാണ് വേരുറപ്പിച്ചിരിക്കുന്നത്. ബലി വഴിയാണ് പുരോഹിതന്റെ ജീവിതബലി ദൈവത്തിനു സ്വീകാര്യമായി തീരുന്നത്. വൈദിക ശുശ്രൂഷകൾ മുഴുവനും ക്രിസ്തുവിന്റെ ബലിയെ, ബലത്തെ ലക്ഷ്യം വക്കുന്നു.

588. പുരോഹിതൻ വിശുദ്ധമായ ശക്തി ഉപയോഗിച്ച് ജനത്തെ രൂപപ്പെടുത്തുകയും നയിക്കുകയും ചെയ്യുന്നു. എല്ലാ ജനങ്ങൾക്കും വേണ്ടി ബലി ദൈവത്തിന് അർപ്പിക്കുന്നു. വിശ്വാസികളിലൂടെ സമൂഹത്തിൽ ബലിയർപ്പിക്കാനും പാപങ്ങൾ മോചിക്കാനും പുരോഹിതൻ തിരുപ്പട്ട ശക്തിയാൽ പ്രാപ്തനാണ്. പുരോഹിതന്റെ ശുശ്രൂഷ യാഥാർത്ഥമായ ഒന്നാണ്, അത് ഒരു പ്രത്യേക തരത്തിലുള്ള ശക്തിയാണ്, അദ്ധ്യാത്മിക ശക്തിയാണ്, നയിക്കുവാനുള്ള ദൗത്യമാണ്..

589. വൈദികന്റെ ശക്തി പണിതുയർത്തുക എന്ന ലക്ഷ്യത്തിനു വേണ്ടിയാണ് - പുരോഹിത ശുശ്രൂഷ ക്രിസ്തുവിന്റെ പൗരോഹിത്യപരമായ ശക്തിയിൽ ഭാഗഭാഗിത്വമുള്ള സേവനമാണ്. പുരോഹിതൻ ശിരസായ ക്രിസ്തുവിന്റെ ശരീരം എടുത്തുയർത്തണം. വിശുദ്ധ ശുശ്രൂഷ ചെയ്യുന്നവർ യേശു

www.malankaralibrary.com

വിന്റെ അധികാരത്തോടെ പഠിപ്പിച്ചും, വിശുദ്ധീകരിച്ചും, നയിച്ചും ദൈവകടുംബത്തെ പോഷിപ്പിക്കുന്നു. വൈദികൻ തിരുപ്പട്ട കൂദാശ വഴി പുരോഹിതനായ ക്രിസ്തുവിനോട്, ശിരസിന്റെ ദാസന്മാരെന്നു നിലയിൽ അനുരൂപമാക്കപ്പെടുന്നു.

590. തിരുപ്പട്ട കൂദാശയിൽ ആദ്ധ്യാത്മികമായ ഒരധികാരം നൽകപ്പെടുന്നു. ശിരസായ ക്രിസ്തു എപ്പോഴും പുരോഹിതന്റെ ശരീരത്തിൽ സന്നിഹിതനായിരിക്കണം – പുരോഹിതൻ ക്രിസ്തുവിന്റെ പൂർണതയുള്ള വിശ്വാസികളുടെ തലവൻ എന്ന നിലയിൽ ക്രിസ്തുവിന്റെ പ്രതിനിധിയാണ്. പുരോഹിതന്റെ അധികാരം സേവനമാണ്. ക്രിസ്തുവിന്റെ ഒരു സേവകനെന്ന നിലയിൽ തലവനായ ക്രിസ്തുവിന്റെ അധികാരത്തിന്റെ ഉപകരണമാകാനുള്ള അവകാശമോ അധികാരമോ ആണ് ശുശ്രൂഷാപൗരോഹിത്യത്തിനുള്ളത്.

591. രക്ഷയെന്ന ദാനത്തിന്റെ ഉടമസ്ഥതയല്ല സഭക്കെന്നും അത് ക്രിസ്തുവിൽ പൂർണമായി ആശ്രയിച്ചിരിക്കുന്നുവെന്നും ഓർത്തുകൊണ്ടാണ് പുരോഹിതൻ സേവനം ചെയ്യേണ്ടത്. പുരോഹിതൻ മനുഷ്യനെന്ന നിലയിൽ ക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുന്നു. പുരോഹിതൻ എല്ലാ മനുഷ്യരോടും അടുത്തായിരിക്കണം. പുരോഹിതൻ മനുഷ്യരോട് മാനുഷികതയോടും, ധാരണയോടും കൂടി പെരുമാറണം. അധികാരം സേവനത്തിന്റെ പ്രവൃത്തിയാണ്.

592. പുരോഹിതന്റെ അധികാരം വ്യക്തിപരമായിരിക്കാൻ നൽകപ്പെട്ടതല്ല. മറ്റുള്ളവർക്കായി നൽകപ്പെട്ടതാണ്. ആദ്ധ്യാത്മിക നേതൃത്വം ആന്തരികമായി പുരോഹിതന്റെ വ്യക്തിത്വത്തിൽ ഉൾച്ചേർന്നതാണ്. തിരുപ്പട്ട കൂദാശവഴി പുരോഹിതൻ ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും, അഭിഷേകത്തിലും, അധികാരത്തിലും പങ്കു പറ്റുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കു പറ്റുകയെന്നതിന്റെ അർത്ഥം പരിശുദ്ധാത്മാവിനെ സ്വീകരിക്കുക, കൃപാവരവും, അധികാരവും



സ്വീകരിക്കുക. നിത്യപുരോഹിതനായ ക്രിസ്തുവിന്റെ സജീവോപകരണങ്ങളായി വേർതിരിക്കപ്പെടുക എന്നതാണ്.

593. ക്രിസ്തു സഭയാകുന്ന തന്റെ ശരീരത്തിന്റെ ശിരസും ഇടയനുമാണ്. തിരുപ്പട്ടം വഴി പുരോഹിതൻ ശിരസും ഇടയനുമായ ക്രിസ്തുവിന്റെ കൗദാശിക സാന്നിധ്യമായി തീരുന്നു. വൈദികന് ക്രിസ്തുവിന്റെ യഥാർത്ഥമായ പ്രതിച്ഛായയുണ്ട്. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ യഥാർത്ഥമായ അസ്തിത്വപരമായ ഭാഗഭാഗിത്വവുമുണ്ട്. പരിശുദ്ധാത്മാവ് വെദികനെ അഭിഷേകം ചെയ്തു കൊണ്ടും തലവനും ഇടയനുമായ യേശുവിനോട് അനുരൂപപ്പെടുത്തി കൊണ്ടും ഒരു ബന്ധം സ്ഥാപിക്കുന്നു. ആ ബന്ധം ഒരു ഉടമ്പടിയാണ്.

594. പുരോഹിതൻ തനിക്കുവേണ്ടിത്തന്നെയുള്ളവനല്ല. പൗരോഹിത്യം സഭക്കു മുകളിലുള്ള ഒരു പദവിയുമല്ല. പിന്നെയോ സഭയിലും, സഭക്കു വേണ്ടിയുമാണു നില കൊള്ളുന്നത്. ദൈവത്തിന്റെ അജഗണത്തിന്റെ കൂട്ടായ്മക്കുവേണ്ടിയും ആ അജഗണത്തിനു സേവനം ചെയ്യാൻ വേണ്ടിയുള്ളതാണ്. പൗരോഹിത്യ ക്രമത്തിലുള്ള കൗദാശിക ഭാഗഭാഗിത്വത്തിലൂടെ ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുകയും തന്റെ മെത്രാനുമായി ഹൈരാർക്കിപരമായ കൂട്ടായ്മയിലായിരിക്കുകയും ചെയ്യുന്നിടത്തോളം മാത്രമേ തിരുപ്പട്ടം വഴിയുള്ള ശുശ്രൂഷ നിർവഹിക്കാൻ പുരോഹിതനു കഴിയുകയുള്ളൂ.

595. ഓരോ വൈദികനും വൈദികഗണത്തിലുള്ള മറ്റ് അംഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ പുരോഹിതരും ശിരസും ഇടയനുമായ ക്രിസ്തുവിന്റെ ഒരേ പൗരോഹിത്യത്തിൽ പങ്കു പറ്റുന്നു. അവർ ഒരേ ലക്ഷ്യത്തിനു വേണ്ടി അദ്ധ്വാനിക്കുന്നു. ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുകയെന്നതാണ് ലക്ഷ്യം. വൈദികർ മെത്രാനോടൊപ്പം ഒരേ പൗരോഹിത്യത്തിലും ശുശ്രൂഷയിലും പങ്ക് പറ്റുന്നതുകൊണ്ട് അവർക്ക് അൽമായരെക്കാൾ കൂടുതൽ എളുപ്പത്തിൽ മെത്രാനെ സമീപിക്കാൻ കഴിയും.

www.malankaralibrary.com

596. പുരോഹിതന്റെ അഭിഷേകം ദൗത്യത്തിന് വേണ്ടിയുള്ളതാണ്. പുരോഹിതൻ സവിശേഷവും ആധികാരികവുമായ വിധത്തിൽ ക്രിസ്തുവിന്റെ അഭിഷേകത്തിലും ദൗത്യത്തിലും ഭാഗഭാക്കാകുന്നു. വൈദികൻ ക്രിസ്തുവിന്റെ കൗദാശിക പ്രതിനിധിയാണ് – തിരുപ്പട്ട കൂദാശയിലൂടെ പുരോഹിതൻ പുതിയ രീതിയിൽ അഭിഷേകിക്കപ്പെടുന്നു. പുരോഹിതനെ ക്രിസ്തുവിന്റെ ഉപകരണവും പ്രതിനിധിയുമാക്കുന്നു. ഈ പ്രാതിനിധ്യം പുരോഹിതന് ഒരു സവിശേഷ ദൈവകൃപ നൽകുന്നു. അതുവഴി പുരോഹിതൻ തന്റെ പരിപാലനക്ക് ഏൽപിക്കപ്പെട്ട ജനത്തിനും താൻ ആരുടെ സ്ഥാനം വഹിക്കുന്നുവോ ആ ക്രിസ്തുവിന്റെ പൂർണത നേടാൻ കൂടുതൽ നന്നായി പ്രവർത്തിക്കാൻ കഴിവുള്ളവനായി തീരുന്നു.

597. തിരുപട്ടഭിഷേകം ശുശ്രൂഷയുടെ അടിത്തറയാണ്. ശുശ്രൂഷ അഭിഷേകത്തെ പ്രകടിപ്പിക്കുന്നു. അഭിഷേകം അജപാലന സമർപ്പണത്തിനുള്ള പ്രചോദനമാണ്. അജപാലന പ്രവർത്തനം വൈദിക വിശുദ്ധിയെ ആഴപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ശുശ്രൂഷ നിർവഹിക്കാൻ പുരോഹിതന് ഒരു ആദ്ധ്യാത്മിക അധികാരമുണ്ടായിരിക്കണം. ക്രിസ്തുവിന്റെ ബലം, ശക്തി, അധികാരം എന്നിവയിൽ പുരോഹിതന് ഭാഗഭാഗിത്വം ഉണ്ടായിരിക്കണം.

598. പുരോഹിതൻ സമൂഹത്തിൽ തിരുപ്പട്ടത്തിന്റെ വിശുദ്ധാധികാരമുള്ളവനാണ്. ബലിയർപ്പിക്കാനും, പാപങ്ങൾ പൊറുക്കാനും അധികാരമുള്ളവനാണ്. ക്രിസ്തുവിന്റെ നാമത്തിൽ പൗരോഹിത്യ ധർമ്മം നിർവ്വഹിക്കാനുള്ളവനാണ്. ദൈവവും, മനുഷ്യരും തമ്മിലും, സഹോദരങ്ങൾ തമ്മിലുമുള്ള അനുരഞ്ജനത്തിന്റെ ശുശ്രൂഷയാണ് പുരോഹിതന്റേത് – ക്രിസ്തുവിന്റെ ബലിയോടു ചേർന്ന് ദൈവത്തിനു സ്വീകാര്യമായ ആദ്ധ്യാത്മിക ബലികളായി തങ്ങളെത്തന്നെ സമർപ്പിക്കാൻ ജനങ്ങളെ സഹായിക്കുകയെന്നതാണ് പൗരോഹിത്യ ധർമ്മം



599. പുരോഹിതന്റെ പൗരോഹിത്യ ധർമ്മം ജനങ്ങളുടെ ജീവിത മണ്ഡലം മുഴുവനും വ്യാപിക്കുന്നു. ജനങ്ങളെ അനുദിന സംഭവങ്ങളിലൂടെ വിശുദ്ധീകരിക്കാൻ പുരോഹിതൻ സഹായിക്കുന്നു. പൗരോഹിത്യം എന്ന ധർമ്മം രക്തബന്ധം, വംശം, കാലഘട്ടം എന്നിവയുടെ യാതൊരു അതിരുകളാലും ബന്ധിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് പുരോഹിതൻ പള്ളിമേടയിൽ കഴിഞ്ഞുകൂടുന്ന ഒരു പുരോഹിതനല്ല. ലോകത്തിലും, അതിന്റെ പ്രവർത്തനങ്ങളിലും വ്യാപരിക്കുന്നവനാണ്.

600. അധികാരം ശുശ്രൂഷയുടെ സ്വന്തമല്ല. അതു കർത്താവിന്റെ ശക്തിയുടെ പ്രകടനമാണ്. അതുവഴി വൈദികൻ ക്രിസ്തുവിന്റെ അംബാസിഡർ ആയി തീരുന്നു. വൈദികന് തന്റെ മനോഭാവങ്ങളെയും, പെരുമാറ്റത്തെയും പരിശോധിച്ച് അവയുടെ ഗുണമേന്മ തിരിച്ചറിയാനുള്ള ഉരകല്ല് ക്രിസ്തുവാണ്.

601. വൈദികൻ ഓരോ ദിവസവും ദൈവവചനം വായിക്കുകയും , ശ്രവിക്കുകയും വേണം. അത് മറ്റുള്ളവരെ പഠിപ്പിക്കണം. അത് സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കാൻ പരിശ്രമിച്ചാൽ അവർ അനുദിനം കർത്താവിന്റെ കൂടുതൽ പൂർണതയുള്ള ശിഷ്യന്മാരാകും. വൈദികർ ദൈവവചനത്തിൽ നിറയപ്പെടുമ്പോൾ കൂടുതൽ ഫലപ്രദമായി ദൈവവചനം പ്രഘോഷിക്കാൻ സാധിക്കും. സുവിശേഷം ഏറ്റവും പൂർണമായി പ്രഘോഷിക്കപ്പെടുന്നത് ജീവിത സാക്ഷ്യത്തിലാണ്. വൈദികരുടെ വ്യക്തിപരമായ ജീവിക്കുന്ന വിശ്വാസത്തിനാണ് പ്രാധാന്യം. ക്രിസ്തുവിനെപ്പോലെ വൈദികന്റെ വാക്കുകൾ ജനങ്ങളുടെ വിശ്വാസത്തെ ഉണർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

602. വൈദികൻ കേവലം അനുഷ്ഠാനങ്ങളുടെ ഒരു വിദഗ്ധനോ മാനേജരോ ആയിരിക്കരുത്. പിന്നെയോ ദൈവവചനത്തിന്റെ ജീവിക്കുന്ന ഗാഢ ധ്യാനമായിരിക്കണം. ദൈവത്തിനു പ്രീതികരമായ ബലിയായി സ്വയം സമർപ്പിച്ച്, ദൈവിക ജനമെന്ന

www.malankaralibrary.com

നിലയിൽ പൂർണത പ്രാപിക്കുന്നതിന് എല്ലാ മനുഷ്യരെയും നയിക്കുകയെന്നതാണ് വൈദിക ശുശ്രൂഷയുടെ ലക്ഷ്യം. ഇതിന് വിശുദ്ധീകരണം ആവശ്യമാണ്.

603. വൈദികരുടെ ജീവിതത്തിന്റെ ഏകീകരണ ശക്തിയായ അജപാലക സ്നേഹം പ്രധാനമായും കുർബാനയെന്ന ബലിയിൽ നിന്ന് ഒഴുകുന്നു. വൈദികൻ തന്റെ എല്ലാ പൗരോഹിത്യ ദൗത്യങ്ങളും ശരിയായി നിർവഹിക്കണമെങ്കിൽ കുർബാന ജീവിത കേന്ദ്രമാകണം. വൈദികൻ ക്രിസ്തുവുമായുള്ള തങ്ങളുടെ ഐക്യം പ്രധാനമായും കണ്ടെത്തുന്നത് കുർബ്ബാനയിലാണ്. കുർബ്ബാന വൈദിക ശുശ്രൂഷയുടെ കേന്ദ്രമാണ്. പൗരോഹിത്യത്തിന്റെ ഉന്നതമായ സ്ഥാനമാണ്. വൈദികന് ക്രിസ്തു തന്നെ ശക്തി നൽകിയിരിക്കുന്നു. ക്രിസ്തുവിന്റെ നാമത്തിൽ പ്രവർത്തിക്കുന്ന വൈദികൻ ദൈവ ജനത്തിന്റെ വിശുദ്ധീകരണം സാധ്യമാക്കുന്നു.

604. പുരോഹിതൻ മുഴുവനായി ദൈവത്തിനു സമർപ്പിക്കാൻ ഓരോ ദിവസവും കുർബ്ബാനയർപ്പിക്കണം. വൈദികർ സഭയെ പടുത്തുയർത്തുമ്പോൾ നമ്മുടെ കർത്താവിന്റെ മാതൃകയനുസരിച്ച് എല്ലാവരോടും അങ്ങേയറ്റം കാരുണ്യത്തോടെ പെരുമാറണം. വൈദികൻ മാതൃകയായി ക്രിസ്തുവിനെ നോക്കണം. വൈദികൻ സമൂഹത്തിന്റെ ഏകശിരസും ഇടയനുമായവന്റെ ഉപകരണവും, ശുശ്രൂഷകനുമാണ്.

605. ക്രൈസ്തവ പക്വത പ്രാപിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നതിലാണ് പുരോഹിതന്റെ നേതൃത്വം അടങ്ങിയിരിക്കുന്നത്. പുരോഹിതൻ ഓരോ വ്യക്തിയെയും വ്യക്തിപരമായി സഹായിക്കണം. വൈദികൻ ക്രിസ്തുവിന്റെ ഭൗതിക ശരീരത്തിന്റെ ഭാഗമായ സജീവമായ ഒരു ക്രൈസ്തവ സമൂഹത്തെ രൂപപ്പെടുത്തണം. ജീവിതത്തിലെ ചെറുതും, വലുതുമായ അനുദിന സംഭവങ്ങളിൽ എന്താണ് ആവശ്യമുള്ളതെന്നും ഏതാണു ദൈവേഷ്ടമെന്നും മനസ്സിലാക്കാൻ പുരോഹിതൻ ജനങ്ങളെ ഉദ്ബോധിപ്പിക്കണം.



കുർബ്ബാനയിൽ നിന്ന് സമൂഹത്തിന്റെ ജീവിതം ഉത്ഭവിക്കണം.

606. വൈദികനായിരിക്കുന്നതിലുള്ള സന്തോഷം തന്റെ ശുശ്രൂഷയിൽ പങ്കുപറ്റാൻ നമ്മെ വിളിച്ച കർത്താവിനോടുള്ള സമ്പൂർണ വിശ്വസ്തതയെയാണ് ആശ്രയിച്ചിരിക്കുന്നത്.

607. ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ അടിസ്ഥാനപരമായ സവിശേഷത മദ്ധ്യസ്ഥതയാണ്. ആ മദ്ധ്യസ്ഥത വഴി പുരോഹിതൻ നേരിട്ടു ദൈവത്തെ സമീപിക്കുന്നു. യേശുവിന്റെ പൗരോഹിത്യത്തിന്റെ അടിസ്ഥാനപരമായ സവിശേഷത രക്ഷാകരമായ ആത്മദാനവും, ആത്മബലിയുമാണ്.

608. വൈദികൻ ക്രിസ്തുവിനോട് ആന്തരികമായി ബന്ധപ്പെട്ടിരിക്കുന്നു. തിരുപട്ടത്തിലൂടെ വൈദികൻ ദൈവത്തിന്റെ സ്വന്തമാകുന്നു. വൈദികൻ ക്രിസ്തുവിന്റെ സ്ഥാനത്തുനിന്ന് അവിടുത്തെ ഉപകരണമായി പ്രവർത്തിക്കുന്നു.

609. ഇടയൻ, ദാസൻ, പിതാവ്, മണവാളൻ എന്നീ പ്രതിഛായകളിലൂടെ യേശുവിനെ പുരോഹിതൻ ലോകത്തിന് കാണിച്ചു കൊടുക്കണം. തിരുപട്ട കൂദാശ വഴി പുരോഹിതൻ മറ്റുള്ളവർക്ക് വേണ്ടിയുള്ളവനായി തീരുന്നു.

610. പുരോഹിതൻ ക്രിസ്തുവിന് സദൃശ്യനായിരിക്കണം. പുരോഹിതൻ ക്രിസ്തുവിന്റെ പാപരഹിതവും, വിനീതവും, ആത്മപരിത്യാഗ പരവും, ദരിദ്രവും, അനുസരണയുള്ളവനും, നിർമലവും, വാത്സല്യ പൂർണവും, സംലഭ്യവും, സകരണാത്മകവും, ധാരണാ പൂർവകവുമായി ജീവിതത്തെ അനുകരിക്കണം. ക്രിസ്തുവിന്റെ സജീവവും, സുതാര്യവുമായ പ്രതിഛായകളായിരിക്കണം. ക്രിസ്തുവിന്റെ വികാരങ്ങളിലും, മനോഭാവങ്ങളിലുമുള്ള ഭാഗഭാഗിത്വവും ക്രിസ്തുവിന്റെ തന്നെ മനസും പുരോഹിതന് ഉണ്ടായിരിക്കണം. സ്വയം ശൂന്യവത്കരിക്കാനുള്ള മനസുണ്ടായിരിക്കണം. അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ ക്രിസ്തുവിന്റെ

www.malankaralibrary.com

തന്നെ ജീവിത രീതി പിന്തുടർന്നു കൊണ്ട് ക്രിസ്തുവിന്റെ മനസിനെ പ്രാപിക്കാവുന്നതാണ്.

611. വൈദികന്റെ ക്രിസ്തു കേന്ദ്രീകതത്വം ത്രിത്വാത്മകമാണ്. വൈദികന്റെ ക്രിസ്തു കേന്ദ്രീകൃതത്വം അസ്ഥിത്വപരമാണ്. വൈദികന്റെ ക്രിസ്തു കേന്ദ്രീകൃതത്വം കൗദാശികമാണ്. വൈദികന്റെ ക്രിസ്തു കേന്ദ്രീകൃതത്വം സഭാത്മാകമാണ്.

612. വൈദികൻ ക്രിസ്തു കേന്ദ്രീകൃതനാകണമെങ്കിൽ ക്രിസ്തുവിന്റെ തിരുഹൃദയത്തിൽ തന്നെത്തന്നെ സ്വയം കേന്ദ്രീകരിക്കണം. യേശുവിന്റെ തിരുഹൃദയത്തോടുള്ള അഗാധമായ ഭക്തി വഴി വൈദികന്റെ ആദ്ധ്യാത്മിക ജീവിതത്തിനും, പരിശീലനത്തിനും, സമൃദ്ധവും, ഫലദായകവുമായ പ്രയോജനമുണ്ടാകും. തിരുഹൃദയ ഭക്തി ഒരേ സമയം സുശക്തവും, മൃദുലവുമായിരിക്കണം. വിശ്വാസവും സ്നേഹവുമുള്ളതായിരിക്കണം. ക്രിസ്തു കേന്ദ്രീകൃതത്വം നേടാൻ വൈദികർക്കുള്ള ഏറ്റവും ഉറപ്പുള്ള മാതൃകയും മാർഗവും ക്രിസ്തു കേന്ദ്രീകൃതയായ പരിശുദ്ധ ദൈവമാതാവാണ്.

613. ക്രിസ്തു തന്റെ അപ്പസ്തോലന്മാരെ ഭരമേൽപിച്ച ദൗത്യം യുഗാന്ത്യത്തോളം സഭയിൽ നിർവഹിക്കപ്പെടുന്നതു തിരുപ്പട്ട കൂദാശയിലൂടെയാണ്. അങ്ങനെ അത് അപ്പസ്തോലിക ശുശ്രൂഷയുടെ കൂദാശയാണ്. ദൈവിക കാര്യങ്ങളിൽ മനുഷ്യർക്കു വേണ്ടി പാപങ്ങളെ പ്രതി, കാഴ്ചകളും, ബലികളും അർപ്പിക്കാൻ നിയുക്തരാണ് പുരോഹിതന്മാർ. യേശു ക്രിസ്തു മാത്രമാണു യാഥാർത്ഥ പുരോഹിതൻ, മറ്റുള്ളവർ അവിടുത്തെ ശുശ്രൂഷകർ മാത്രമാണ്.

614. യേശു ക്രിസ്തുവെന്ന അതേ പുരോഹിതനിലെ വിശുദ്ധ വ്യക്തിയായാണ് അവിടുത്തെ ശുശ്രൂഷകർ യഥാർത്ഥത്തിൽ സംവഹിക്കുന്നത്. ഈ ശുശ്രൂഷകൻ താൻ സ്വീകരിക്കുന്ന പൗരോഹിത്യ പ്രതിഷ്ഠ മൂലം മഹാപുരോഹിതനെപ്പോലെയായിത്തീരുന്നു. ക്രിസ്തുവിന്റെ വ്യക്തിത്വത്തോടും അവിടുത്തെ ശക്തിയോടും കൂടി പ്രവർത്തിക്കാനുള്ള അധികാരം



അദ്ദേഹത്തിനു കരഗതമായിരിക്കുന്നു. ക്രിസ്തുവാണ് പൗരോഹിത്യത്തിന്റെ മുഴുവൻ ഉറവിടം.

615. പൗരോഹിത്യം ശുശ്രൂഷാപരമാണ്. അതു പൂർണമായും ക്രിസ്തുവിനോടും, മനുഷ്യരോടും ബന്ധപ്പെട്ടതാണ്. അതു ക്രിസ്തുവിനെയും അവിടുത്തെ അതുല്യമായ പൗരോഹിത്യത്തേയും ആശ്രയിച്ചിരിക്കുന്നു. മനുഷ്യ നൻമക്കും സഭാസമൂഹത്തിനു വേണ്ടി അതു സ്ഥാപിതമായിരിക്കുന്നു. തിരുപട്ട കൂദാശ ഒരു വിശുദ്ധ ശക്തി പ്രദാനം ചെയ്യുന്നു. അത് ക്രിസ്തുവിന്റെ മാത്രം ശക്തിയാണ്. ഈ അധികാരത്തിന്റെ വിനിയോഗത്തിന് സ്നേഹത്തെപ്രതി തന്നെത്തന്നെ ഏറ്റവും ചെറിയവനും എല്ലാവരുടെയും ദാസനുമായ ക്രിസ്തുവിന്റെ മാതൃകയാണ് മാനദണ്ഡമാകേണ്ടത്.

616. ശുശ്രൂഷാ പൗരോഹിത്യം വഴി സഭയുടെ പ്രാർത്ഥന ദൈവത്തിന് അർപ്പിക്കുന്നു. അപ്പോൾ പുരോഹിതൻ സഭ മുഴുവന്റെയും നാമത്തിൽ പ്രവർത്തിക്കുന്നു. ശുശ്രൂഷാ പൗരോഹിത്യം ക്രിസ്തുവിന്റെ പ്രാതിനിധ്യം വഹിക്കുന്നതു കൊണ്ടാണ് സഭയെയും പ്രതിനിധാനം ചെയ്യാൻ കഴിയുന്നത്.

617. മെത്രാഭിഷേകം വഴി തിരുപ്പട്ട കൂദാശയുടെ തികവു നൽകപ്പെടുന്നു. പ്രസ്തുത തികവും സഭയുടെ ആരാധനാ പാരമ്പര്യത്തിലും സഭാ പിതാക്കന്മാരുടെ പ്രബോധനങ്ങളിലും, പ്രധാനാചാര്യനും വിശുദ്ധ ശുശ്രൂഷയുടെ മകുടം, എന്നിങ്ങനെ അറിയപ്പെടുന്നു.

618. തിരുപ്പട്ട കൂദാശ വഴി പൗരോഹിത്യ പദവിയിലേക്കു ചേർക്കപ്പെടുന്ന എല്ലാ വൈദികരും ഗാഢമായ ഒരു സാഹോദര്യത്തിൽ പരസ്പരം ബന്ധിതരാകുന്നു. എന്നാൽ സ്വന്തം മെത്രാന്റെ കീഴിൽ ഏതു രൂപതയുടെ സേവനത്തിനു നിയുക്തരാകുന്നുവോ അവിടെ അവരെല്ലാം ഒരു പ്രത്യേക വിധത്തിൽ ഒറ്റ വൈദികഗണമായിത്തീരുന്നു.

www.malankaralibrary.com

619. പൗരോഹിത്യത്തിനു വേണ്ടിയല്ല ശുശ്രൂഷക്കു വേണ്ടിയാണ് ഡീക്കന്മാർക്ക് കൈവയ്പു നൽകുന്നത്. തിരുപ്പട്ട കൂദാശ മായാത്ത ആത്മീയ മുദ്ര പതിപ്പിക്കുന്നു. തിരുപട്ടം സ്വീകരിച്ച ദിവസം ഏറ്റുവാങ്ങുന്ന വിളിയും ദൗത്യവും പുരോഹിതനെ ശാശ്വതമായി അടയാളപ്പെടുത്തുന്നു.

620. "മറ്റുള്ളവരെ ശുദ്ധരാക്കുന്നതിനു മുൻപ് പുരോഹിതൻ തന്നെത്തന്നെ ശുദ്ധീകരിക്കണം. മറ്റുള്ളവർക്കു പ്രബോധനം നൽകാൻ പുരോഹിതൻ പ്രബോധിതനാകണം. മറ്റുള്ളവരെ പ്രകാശിപ്പിക്കുന്നതിനു പുരോഹിതൻ പ്രകാശമായി തീരണം. മറ്റുള്ളവരെ ദൈവത്തിലേക്ക് അടുപ്പിക്കുന്നതിനു, പുരോഹിതൻ ദൈവത്തോടടുക്കണം. പുരോഹിതൻ സത്യത്തിന്റെ സംരക്ഷകനാണ്."

വി. ഗ്രിഗറി നസിയാൻസൻ

621. "പുരോഹിതൻ ഭൂമിയിൽ രക്ഷാകരപ്രവർത്തനം തുടരുന്നു. ലോകത്തിൽ വൈദികനാരെന്നു യഥാർത്ഥത്തിൽ മനസിലാക്കിയാൽ നാം മരിക്കും. ഭയം കൊണ്ടല്ല, സ്നേഹം കൊണ്ട്. യേശുവിന്റെ ഹൃദയത്തിലെ സ്നേഹമാണ് പൗരോഹിത്യം"

വി. ജോൺ മരിയ വിയാനി

622. "എന്റെ കൈവയ്പിലൂടെ നിനക്കു ലഭിച്ച ദൈവികവരം ഉജ്ജ്വലിപ്പിക്കണമെന്നു ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു"

2 തിമോത്തിയോസ് 1/6

623. "മെത്രാൻ സ്ഥാനം ആഗ്രഹിക്കുന്നവൻ ഉത്കൃഷ്ടമായ ഒരു ജോലിയാണ് ആഗ്രഹിക്കുന്നത് എന്നതു സത്യമാണ്"

1 തിമോത്തിയോസ്1/6

624. "ആരാണ് വൈദികൻ"?

ലോകസുഖങ്ങൾ ആഗ്രഹിക്കാതെ ലോകത്തിൽ ജീവിക്കുന്നവൻ. ഒരു കുടുംബത്തിന്റെയും സ്വന്തമാകാതെ ഓരോ കുടുംബത്തിലും അംഗമാകുന്നവൻ. എല്ലാ ദുഃഖങ്ങളിലും പങ്കു ചേരുന്നവൻ. എല്ലാ ഹൃദയ രഹസ്യങ്ങളിലേക്കും കടന്നു ചെല്ലുന്നവൻ. എല്ലാ വ്രണങ്ങളും സുഖപ്പെടുത്തുന്നവൻ. മനുഷ്യരിൽ നിന്ന് പുറപ്പെട്ട് അവരുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ എത്തിക്കുന്നവൻ. ദൈവത്തിൽ നിന്ന് മടങ്ങി മനുഷ്യർക്ക് പാപമോചനവും സമാധാനവും പ്രത്യാശയും കൊണ്ടുവരുന്നവൻ. പരസ്നേഹത്താൽ ജ്വലിക്കുന്നതും ബ്രഹ്മചര്യത്തിൽ സുദൃഢവുമായ ഹൃദയമുള്ളവൻ. എല്ലായ്പ്പോഴും ക്ഷമിക്കുകയും പഠിപ്പിക്കുകയും ആശ്വസിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നവൻ. ഓ, ദൈവമേ എത്ര ഉൽകൃഷ്ടമായ ജീവിതം. യേശു ക്രിസ്തുവിന്റെ പുരോഹിതാ ഈ ജീവിതം നിന്റേതാണ്"

ലക്കോർഡെർ



625. ''നിങ്ങളുടെ വാക്ക് കേൾക്കുന്നവൻ എന്റെ വാക്ക് കേൾക്കുന്നു. നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു"

വി. ലൂക്കാ 10/16

626. ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്.

2 കോറിന്തോസ് 5/20

627. അവരുടെ മേൽ നിശ്വസിച്ചു കൊണ്ട് അവരോട് അരുളിചെയ്തു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും.

വി. യോഹന്നാൻ 20/22 -23

www.malankaralibrary.com

628. ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാരാണ്

1 കോറിന്തോസ് 3/9

629. അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല

ഹെബ്രായർ 5/4

630. ജനങ്ങളിൽ നിന്ന് ജനങ്ങൾക്കു വേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന പ്രധാന പുരോഹിതൻ ദൈവിക കാര്യങ്ങൾക്ക് നിയമിക്കപ്പെടുന്നത് പാപ പരിഹാരത്തിനായി ബലികളും, കാഴ്ചകളും അർപ്പിക്കാനാണ്.

ഹെബ്രായർ 5/1

631. അങ്ങ് എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു

വി. യോഹന്നാൻ 17/18

632. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു

വി. യോഹന്നാൻ 20/21

633. ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നത്. അത് ഇതിനകം കത്തിജ്വലിച്ചിരുന്നെങ്കിൽ

വി. ലൂക്കാ. 12/49

634. നിങ്ങൾ എനിക്ക് സ്വന്തമാകേണ്ടതിന് ഞാൻ നിങ്ങളെ മറ്റ് ജനങ്ങളിൽ നിന്ന് വേർതിരിച്ചിരിക്കുന്നു.

ലേവ്യർ 20/26

635. കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിന്റെ മുൻപിൽ നിന്ന് സേവനം അനുഷ്ഠിക്കാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽ നിന്ന് നിങ്ങളെ വേർതിരിച്ചത് നിസാര കാര്യമാണോ?

സംഖ്യ 16/9



636. എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു

2 കോറിന്തോസ് 6/4

637. നീ ദൈവത്തിന്റെ മുൻപിൽ ജനങ്ങളുടെ പ്രതിനിധിയായിരിക്കണം

പുറപ്പാട് 18/17

638. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ

വി. മത്തായി 5/48

639. കർത്താവിനു സമർപ്പിതൻ എന്ന വാക്കുകൾ മുദ്രണം ചെയ്ത ഒരു ഫലകം അവർ നെറ്റിയിൽ വഹിച്ചിരുന്നു

പുറപ്പാട് 39/29

640. നിങ്ങൾ എനിക്ക് സ്വന്തമാകേണ്ടതിന് ഞാൻ നിങ്ങളെ മറ്റ് ജനങ്ങളിൽ നിന്ന് വേർതിരിച്ചിരിക്കുന്നു

ലേവ്യർ 20/26

641. സൈനിക സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന പടയാളി തന്നെ സൈന്യത്തിൽ ചേർത്ത ആളിന്റെ ഇഷ്ടം നിറവേറ്റാനുള്ളതിനാൽ മറ്റ് കാര്യങ്ങളിൽ തലയിടാറില്ല.

2 തിമോത്തിയോസ് 2/4

642. കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും. എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്

സങ്കീർത്തനം 16/5

643. ഞാൻ നിങ്ങളെ മറ്റു ജനങ്ങളിൽ നിന്നും വേർതിരിച്ചിരിക്കുന്നു

ലേവ്യർ 20/26

www.malankaralibrary.com

644. എന്നെ സമീപിക്കുന്നവർക്ക് ഞാൻ പരിശുദ്ധനാണെന്നു കാണിച്ചു കൊടുക്കും

ലേവ്യർ 10/3

645. വെള്ളി ഉലയിൽ ശുദ്ധീകരിക്കുന്നവനെപ്പോലെ അവിടുന്ന് ഉപവിഷ്ടനാകും. ലേവി പുത്രന്മാർ യുക്തമായ ബലികൾ കർത്താവിന് അർപ്പിക്കുന്നതിനു വേണ്ടി അവിടുന്ന് അവരെ സ്വർണവും വെള്ളിയും എന്ന പോലെ ശുദ്ധീകരിക്കും.

മലാക്കി 3/3

646. ദൈവത്തിന്റെ മുമ്പിൽ അവർ വിശുദ്ധരായിരിക്കണം

ലേവ്യർ 21/6

647. അശുദ്ധ വസ്തുക്കളെ സ്പർശിക്കരുത്. കർത്താവിന്റെ പാത്രവാഹകരേ നിങ്ങൾ അവയിൽ നിന്ന് ഓടിയകലുവിൻ. നിങ്ങളെ തന്നെ ശുദ്ധീകരിക്കുവിൻ

ഏശയ്യ 52/11

648. പുരോഹിതൻ പ്രായ്ശ്ചിത്ത ബലിക്കുള്ള മൃഗത്തെ കർത്താവിന്റെ മുൻപിൽ സമർപ്പിച്ച് അവനുവേണ്ടി പാപ പരിഹാരം ചെയ്യണം. അപ്പോൾ അവൻ ചെയ്ത പാപം ക്ഷമിക്കപ്പെടും.

ലേവ്യർ 19/22

649. എല്ലാവിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു

2 കോറിന്തോസ് 6/4

650. നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും പരിശുദ്ധരായിരിക്കുകയും ചെയ്യുവിൻ. കാരണം ഞാൻ പരിശുദ്ധനാകുന്നു

ലേവ്യർ 11/44



651. ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവൻ അർപ്പിക്കുന്നു

വി. യോഹന്നാൻ 10/11

652. അങ്ങയുടെ പുരോഹിതന്മാർ നീതി ധരിക്കുകയും അങ്ങയുടെ വിശുദ്ധർ ആനന്ദിച്ച് ആർപ്പു വിളിക്കുകയും ചെയ്യട്ടെ

സങ്കീർത്തനം 132/9

653. അതിനാൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരും, വാത്സല്യഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ

കോളോസോസ് 3/12

654. നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്. ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?

വി. ലൂക്കാ. 2/49

655. പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം. അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ്.

മലാക്കി 2/7

656. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്

വി. മത്തായി 5/14

657. ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാൻ വരം ലഭിച്ചിരിക്കുന്നത് നിങ്ങൾക്കാണ്.

വി. ലൂക്കാ. 8/10

658. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവക്കുക സാധ്യമല്ല

വി. മത്തായി 5/14

www.malankaralibrary.com

659. നിന്റെ കാര്യസ്ഥതയുടെ കണക്കു ബോധിപ്പിക്കുക

വി. ലൂക്കാ. 16/2

660. ദൈവം എഴുന്നേൽക്കുമ്പോൾ ഞാനെന്തു ചെയ്യും? അവിടുന്ന് അന്വേഷണം നടത്തുമ്പോൾ ഞാനെന്തു മറുപടി പറയും?

ജോബ് 31/14

661. എങ്കിലും നിനക്കെതിരെ എനിക്കൊന്നു പറയാനുണ്ട്. നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം കൈവെടിഞ്ഞു

വെളിപാട് 2/4

662. അതിനാൽ നീ ഏതവസ്ഥയിൽ നിന്നാണ് അധഃപതിച്ചതെന്നു ചിന്തിക്കുക. അനുതപിച്ച് ആദ്യത്തെ പ്രവർത്തികൾ ചെയ്യുക.

വെളിപാട് 2/5

663. സാത്താന് നിങ്ങൾ അവസരം കൊടുക്കരുത്

എഫേസൂസ്. 4/27

664. നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു. നീ തണുപ്പോ ചൂടോ ഉള്ളവനല്ല.

വെളിപാട്. 3/15

665. തണുപ്പോ, ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു

വെളിപാട് 3/15-16

666. മനുഷ്യർക്കു അസാധ്യമായത് ദൈവത്തിനു സാധ്യമാണ്

വി. ലൂക്കാ 18/27

667. ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും

വി. മത്തായി 7/7



668. ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ സ്ഥാപിച്ചിരിക്കുന്നതും അഭിഷേകം ചെയ്തിരിക്കുന്നതും ദൈവമാണ്.

2 കോറിന്തോസ് 1/12

669. നന്മയോടു പ്രതിപത്തി ഉള്ളവനും, വിവേകിയും, നീതിനിഷ്ഠനും, പുണ്യശീലനും ആത്മ നിയന്ത്രണം പാലിക്കുന്നവനും ആയിരിക്കണം. അന്യൂനമായ വിശ്വാസ സംഹിതയിൽ പ്രബോധനം നൽകാനും അതിനെ എതിർക്കുന്നവരിൽ ബോധ്യം ജനിപ്പിക്കാനും കഴിയേണ്ടതിന് അവൻ താൻ പഠിച്ചറിഞ്ഞ സത്യവചനത്തെ മുറുകെപ്പിടിക്കണം

തീത്തോസ് 1/8-9

670. എന്റെ കഠിനവേദന എന്റെ നന്മക്കു വേണ്ടിയായിരുന്നു

ഏശയ്യ. 38/17

671. അവിടുത്തെ നോക്കിയവർ പ്രകാശിതരായി

സങ്കീർത്തനം 34/5

672. ദൈവം നൽകുന്നില്ലെങ്കിൽ ജ്ഞാനം എനിക്കു ലഭിക്കുകയില്ലെന്ന് ഞാൻ അറിഞ്ഞു. അതുകൊണ്ട് ഞാൻ കർത്താവിനോട് ഉള്ളഴിഞ്ഞ് അപേക്ഷിച്ചു.

ജ്ഞാനം 8/12

673. അശുദ്ധ വസ്തുക്കളെ സ്പർശിക്കരുത്. കർത്താവിന്റെ പാത്രവാഹകരേ നിങ്ങൾ അവളിൽ നിന്ന് ഓടിയകലുവിൻ. നിങ്ങളെ തന്നെ ശുദ്ധീകരിക്കുവിൻ

ഏശയ്യ. 52/11

674. എന്തുകൊണ്ടെന്നാൽ ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും, പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും

1 കോറിന്തോസ്. 11/29

www.malankaralibrary.com

675. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു

വി. യോഹന്നാൻ 20/21

676. നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്

വി. മത്തായി 5/13-14

677. ഞാൻ പുരോഹിതന്മാരെ സമൃദ്ധികൊണ്ടു സന്തുഷ്ടരാക്കും

ജറമിയ. 31/14

678. ഞങ്ങളുടെ ശുശ്രൂഷയിൽ ആരും കുറ്റം കാണാതിരിക്കേണ്ടതിന് ഞങ്ങൾ ആർക്കും ഒന്നിനും പ്രതിബന്ധം ഉണ്ടാക്കുന്നില്ല. മറിച്ച് എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു.

2 കോറിന്തോസ് 6/3-4

679. എല്ലാ ജനതകളുടെയും ഇടയിൽ നിന്ന് അവനെ തിരഞ്ഞെടുത്തു

പ്രഭാഷകൻ. 45/4

680. എല്ലാത്തരം തിന്മയിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യുവിൻ

1 തെസലോനിക്ക 5/22

681. നിങ്ങളുടെ സ്വാതന്ത്ര്യം ബലഹീനർക്ക് ഏതെങ്കിലും വിധത്തിൽ ഇടർച്ചക്കു കാരണമാകാതിരിക്കാൻ സൂക്ഷിക്കണം

1 കോറിന്തോസ് 8/9

682. കർത്താവിന്റെ പുരോഹിതരെന്നു നിങ്ങൾ വിളിക്കപ്പെടും. നമ്മുടെ ദൈവത്തിന്റെ ശുശ്രൂഷകരെന്നു നിങ്ങൾ അറിയപ്പെടും

ഏശയ്യ. 61/6



683. തെരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പുരോഹിത ഗണവും, വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവും

വി. പത്രോസ് 2/9

684. വിളവധികം, വേലക്കാരോ ചുരുക്കം

വി. മത്തായി. 9/37

685. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു

വി. യോഹന്നാൻ. 15/16

686. പിഴുതെറിയാനും ഇടിച്ചു തകർക്കാനും, നശിപ്പിക്കാനും, തകിടം മറിക്കാനും, പണിതുയർത്താനും, നട്ടുവളർത്താനും വേണ്ടി ഇന്നിതാ, ജനതകളുടെയും, രാജ്യങ്ങളുടെയും മേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു

ജറമിയ 1/10

687. കണക്കേൽപ്പിക്കാൻ കടപ്പെട്ട മനുഷ്യരെപ്പോലെ അവർ നിങ്ങളുടെ ആത്മാക്കളുടെ മേൽനോട്ടം വഹിക്കുന്നു

ഹെബ്രായർ 13/17

688. യോഹന്നാന്റെ പുത്രനായ ശിമയോനെ, നീ എന്നെ സ്നേഹിക്കുന്നുവോ?

യോഹന്നാൻ 21/17

689. എന്നൊടൊത്തു കർത്താവിനെ മഹത്വപ്പെടുത്തുവിൻ. നമുക്കൊരുമിച്ച് അവിടുത്തെ നാമത്തെ സ്തുതിക്കാം

സങ്കീർത്തനം. 34/3

690. വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്കു സംതൃപ്തി നൽകുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും. കർത്താവ് നിന്നെ നിര

www.malankaralibrary.com

ന്തരം നയിക്കും. മരുഭൂമിയിലും നിനക്കു സമൃദ്ധി നൽകും. നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചു വളർത്തിയ പൂന്തോട്ടവും, വറ്റാത്ത നീരുറവയും പോലെ ആകും നീ."

ഏശയ്യ. 58/10-11

691. വിത്തു ചുമന്നുകൊണ്ടു വിലാപത്തോടെ വിതയ്ക്കാൻ പോകുന്നവൻ കറ്റ ചുമന്നു കൊണ്ട് ആഹ്ളാദത്തോടെ വീട്ടിലേക്കു മടങ്ങും.

സങ്കീർത്തനം 126/6

692. എല്ലാവരും അന്വേഷിക്കുന്നതു സ്വന്തം കാര്യമാണ്. യേശു ക്രിസ്തുവിന്റെ കാര്യമല്ല.

ഫിലിപ്പിയർ. 2/21

693. ഇതു ഭാരമേറിയ ജോലിയാണ്. നീ ദൈവത്തിന്റെ മുൻപിൽ ജനങ്ങളുടെ പ്രതിനിധിയായിരിക്കണം. അവരെ ചട്ടങ്ങളും, നിയമങ്ങളും പഠിപ്പിക്കണം. അവർ ചരിക്കേണ്ട മാർഗവും അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങളും അവർക്കു നിർദ്ദേശിച്ചു കൊടുക്കണം

പുറപ്പാട് 18/18-20

694. ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ അവനിലാണ് ഒളിഞ്ഞു കിടക്കുന്നത്

കൊളോസോസ് 2/3

695. എന്നെക്കാളധികം പിതാവിനെയേ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല

വി. മത്തായി 10/37

696. ദൈവത്തേക്കാളുപരി നിങ്ങളെ അനുസരിക്കുന്നതു ദൈവ സന്നിധിയിൽ ന്യായമാണോ?

അപ്പസ്തോലപ്രവർത്തനങ്ങൾ 4/19



697. താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്നു വിളിച്ചു. വിളിച്ചവരെ നീതീകരിച്ചു. നീതീകരിച്ചവരെ മഹത്വപ്പെടുത്തി

റോമാ. 8/30

698. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്. അവിടുന്ന് ഞങ്ങളെ എഴുതപ്പെട്ട നിയമത്താലല്ല, ആത്മാവിനാൽ, പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകാൻ യോഗ്യരാക്കിയിരിക്കുന്നു

2 കോറിന്തോസ്. 3/5-6

699. നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും, നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു

വി. യോഹന്നാൻ 15/16

700. അതിനാൽ കൊയ്ത്തിനു വേലക്കാരെ അയക്കുവാൻ കൊയ്ത്തിന്റെ നാഥനോടു നിങ്ങൾ പ്രാർത്ഥിക്കുവിൻ

വി. ലൂക്കാ. 10/2

701. ഞാനാണ് വാതിൽ. എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും. അവൻ അകത്തു വരുകയും പുറത്തു പോവുകയും മേച്ചിൽ സ്ഥലം കണ്ടെത്തുകയും ചെയ്യും

വി. യോഹന്നാൻ 10/9

702. കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാകുകയില്ല. പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു.

സങ്കീർത്തനം 23/12

703. "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്."

1 കോറിന്തോസ് 11/26

www.malankaralibrary.com

704. എന്റെ വിശുദ്ധ സ്ഥലം പൂജ്യമായി കരുതുകയും ചെയ്യുവിൻ

ലേവ്യർ 26/2

705. ദൈവത്തിന്റെ മുൻപിൽ അവർ വിശുദ്ധരായിരിക്കണം. ദൈവത്തിന്റെ നാമം അശുദ്ധമാക്കരുത്. അവരാണ് ദൈവമായ കർത്താവിനു ദഹനബലികളും, ഭോജന ബലികളും അർപ്പിക്കുന്നത്. അതുകൊണ്ട് അവർ വിശുദ്ധരായിരിക്കണം

ലേവ്യർ 21/6

706. നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ

വി. പത്രോസ് 5/2

707. നിങ്ങളെയും അജഗണം മുഴുവനെ പറ്റിയും നിങ്ങൾ ജാഗരൂകരായിരിക്കുവിൻ.

അപ്പസ്തോലപ്രവർത്തനങ്ങൾ 20/28

708. "ജനത്തിന്റെ പാപങ്ങളുടെ പരിഹാരത്തിനു വേണ്ടി കർത്താവിനു ബലിയർപ്പിക്കുന്നതിനും സ്മരണാംശമായി കുന്തിരിക്കവും, സുഗന്ധദ്രവ്യങ്ങളും അർപ്പിക്കുന്നതിനും അവിടുന്ന് അവനെ മാനവകുലത്തിൽ നിന്നു തെരഞ്ഞെടുത്തു"

പ്രഭാഷകൻ 45/16

709. നിങ്ങൾ ഭൂമിയുടെ ഉപ്പാണ്

വി. മത്തായി. 5/13

710. അപ്രകാരം മനുഷ്യർ നിങ്ങളുടെ സത്പ്രവത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ

വി. മത്തായി. 5/16



711. ജ്ഞാനികൾ ആകാശ വിതാനത്തിന്റെ പ്രഭപോലെ തിളങ്ങും. അനേകരെ നീതിയിലേക്കു നയിക്കുന്നവൻ നക്ഷത്രങ്ങളെപ്പോലെ എന്നുമെന്നും പ്രകാശിക്കും

ദാനിയേൽ 12/3

712. വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല. പീഠത്തിൻമേലാണു വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു

വി. മത്തായി 5/15

713. നീ എല്ലാവിധത്തിലും സൽപ്രവൃത്തികൾക്കു മാതൃകയായിരിക്കുക. നിന്റെ പ്രബോധനങ്ങളിൽ സത്യസന്ധതയും ഗൗരവബോധവും ആരും കുറ്റം പറയാത്തവിധം നിർദോഷമായ സംസാരരീതിയും പ്രകടമാക്കുക. അങ്ങനെയായാൽ എതിരാളികൾ നമ്മെപ്പറ്റി ഒരു കുറ്റവും പറയാൻ അവസരമില്ലാത്തതിനാൽ ലജ്ജിക്കും.

തീത്തോസ്. 2/6-8

714. അങ്ങയുടെ പുരോഹിതന്മാർ നീതി ധരിക്കുകയും അങ്ങയുടെ വിശുദ്ധർ ആനന്ദിച്ച് ആർപ്പുവിളിക്കുകയും ചെയ്യട്ടെ

സങ്കീർത്തനം 132/9

715. എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു

2 കോറിന്തോസ് 6/4

716. എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ

വി. യോഹന്നാൻ 12/26

717. അതുകൊണ്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ

വി. മത്തായി 5/48

www.malankaralibrary.com

718. ഞങ്ങൾ ലോകത്തിനും, ദൂതന്മാർക്കും മനുഷ്യർക്കും പ്രദർശന വസ്തുക്കൾ ആയിത്തീർന്നിരിക്കുന്നു

1 കോറിന്തോസ് 4/9

719. അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാമെന്നു ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തൽപരനാകുന്നു

1 കോറിന്തോസ് 7/32

720. ഈ നിധി മൺപാത്രങ്ങളിലാണ് ഞങ്ങൾക്കു ലഭിച്ചിട്ടുള്ളത്

2 കോറിന്തോസ് 4/7

721. ദൈവം നൽകുന്നില്ലെങ്കിൽ ജ്ഞാനം എനിക്കു ലഭിക്കുകയില്ലെന്ന് ഞാൻ അറിഞ്ഞു.

ജ്ഞാനം 8/21

722. സർപ്പത്തിൽ നിന്നെന്നപോലെ പാപത്തിൽ നിന്ന് ഓടിയകലുക

പ്രഭാഷകൻ 21/2

723. ആരുടെയും ആകാരഭംഗി നോക്കിയിരിക്കരുത്. സ്ത്രീകളുടെ ഇടയിൽ ഇരിക്കയുമരുത്

പ്രഭാഷകൻ 42/12-13

724. അവളിൽ നിന്നു അകന്നു മാറുവിൻ. അവളുടെ വാതുക്കൽ ചെല്ലരുത്

സുഭാഷിതങ്ങൾ 5/6

725. അലസത തിന്മകൾ വളർത്തുന്നു

പ്രഭാഷകൻ 33/28

726. മറ്റുള്ളവരോടു സുവിശേഷം പ്രസംഗിച്ച ഞാൻ തന്നെ തിരസ്കൃതനാകാതിരിക്കുന്നതിന് എന്റെ ശരീരത്തെ ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു

1 കോറിന്തോസ് 9/27



727. വീഞ്ഞ് രാജാക്കന്മാർക്കു ചേർന്നതല്ല

സുഭാഷിതങ്ങൾ 31/4

728. ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം

വി. ലൂക്കാ 18/1

729. ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും

വി. മത്തായി 7/7

730. വചനം പ്രസംഗിക്കുക. സാഹചര്യം അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക

2 തിമോത്തിയോസ് 4/2

731. ആവുന്നത്ര ഉച്ചത്തിൽ വിളിച്ചു പറയുക. കാഹളം പോലെ സ്വരം ഉയർത്തുക

ഏശയ്യ 58/1

732. ഇതാ എന്റെ വചനങ്ങൾ നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു

ജറമിയ 1/9

733. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിക്ഷ്യപ്പെടുത്തുവിൻ

വി. മത്തായി 28/19

734. ചെവിയിൽ മന്ത്രിച്ചത് പുര മുകളിൽ നിന്നു ഘോഷിക്കുവിൻ

വി. മത്തായി. 10/27

735. എന്റെ വചനവും പ്രസംഗവും വിജ്ഞാനം കൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത ആത്മാവിന്റെയും ശക്തിയായും വെളിപ്പെടുത്തലായിരുന്നു

1 കോറിന്തോസ്. 2/4

736. വിജ്ഞാനികളോടും അജ്ഞന്മാരോടും ഞാൻ കടപ്പെട്ടവനാണ്

റോമാ. 1/14

www.malankaralibrary.com

737. അതിനാൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരും, വാത്സല്യ ഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ

കൊളോസോസ് 3/12

738. എന്റെ പ്രാർത്ഥന അങ്ങയുടെ സന്നിധിയിലെ ധൂപാർച്ചനയായും ഞാൻ കൈകൾ ഉയർത്തുന്നതു സായാഹ്ന ബലിയായും സ്വീകരിക്കണമെ.

സങ്കീർത്തനം 141/2

739. നിങ്ങൾ അരമുറുക്കിയും വിളക്കു കത്തിച്ചും ഇരിക്കുവിൻ

വി. ലൂക്കാ 12/35

740. ശാന്തമാകുക ഞാൻ ദൈവമാണെന്നറിയുക

സങ്കീർത്തനം 46/10

741. എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും

ഫിലിപ്പിയർ. 4/13

742. എല്ലാ സമയവും അത്മാവിൽ പ്രാർത്ഥനാ നിരതരായിരിക്കുവിൻ

എഫേസൂസ് 6/18

743. ദൈവം അഹങ്കാരികളെ എതിർക്കുകയും എളിമയുള്ളവർക്ക് കൃപ കൊടുക്കുകയും ചെയ്യുന്നു

യാക്കോബ് 4/6

744. കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മധ്യേ നിന്നു കരഞ്ഞുകൊണ്ടു പ്രാർത്ഥിക്കട്ടെ.

ജോയേൽ 2/17



745. നിന്നെ കുറിച്ചും ശ്രദ്ധിക്കുക. അവയിൽ ഉറച്ചു നിൽക്കുക. അങ്ങനെ ചെയ്യുന്നതു വഴി നീ നിന്നെത്തന്നെയും നിന്റെ ശ്രോതാക്കളെയും രക്ഷിക്കും

1 തിമോത്തിയോസ് 4/16

746. കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ

സങ്കീർത്തനം 34/8

747. പ്രഭാതത്തിലുണർന്ന് അവളെ (ദൈവികജ്ഞാനം) തേടുന്നവർ പ്രയാസം കൂടാതെ അവളെ കണ്ടുമുട്ടും. അവൾ വാതിൽക്കൽ കാത്തു നിൽപുണ്ട്.

ജ്ഞാനം 6/14

748. അവളോടൊത്ത് (ജ്ഞാനം)എല്ലാ നന്മകളും, എണ്ണമറ്റ ധനവും എനിക്കു ലഭിച്ചു

ജ്ഞാനം 7/11

749. നിങ്ങളിൽ ജ്ഞാനം കുറവുള്ളവർ ദൈവത്തോട് ചോദിക്കട്ടെ. അവന് അതു ലഭിക്കും.

യാക്കോബ് 1/5

750. അതിനാൽ സഹോദരരെ, സുസമ്മതരും, ആത്മാവും, ജ്ഞാനവും കൊണ്ട് നിറഞ്ഞവരുമായ ഏഴുപേരെ നിങ്ങളിൽ നിന്നു കണ്ടു പിടിക്കുവിൻ. ഞങ്ങൾ അവരെ ഈ ചുമതല ഏല്പിക്കാം. ഞങ്ങൾ പ്രാർത്ഥനയിലും വചന ശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചു കൊള്ളാം.

അപ്പസ്തോല പ്രവർത്തനങ്ങൾ 6/3-4

751. ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു

2 കോറിന്തോസ് 5/14

752. രക്ഷയുടെ കിണറ്റിൽ നിന്ന് നീ സന്തോഷത്തോടെ ജലം കോരിയെടുക്കും

ഏശയ്യ 12/3

www.malankaralibrary.com

753. കർത്താവിന്റെ വിശുദ്ധരേ അവിടുത്തെ പാടി പുകഴ്ത്തുവിൻ, അവിടുത്തെ പരിശുദ്ധ നാമത്തിനു കൃതജ്ഞതയർപ്പിക്കുവിൻ

സങ്കീർത്തനം 30/4

754. നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം

വി. ലൂക്കാ 22/26

755. വിലകെട്ടവ പറയാതെ സദ് വചനങ്ങൾ മാത്രം സംസാരിച്ചാൽ നീ എന്റെ നാവുപോലെയാകും. അവർ നിന്റെ അടുക്കലേക്കു വരും

ജറമിയ 15/19

756. വിനീതന്റെ പ്രാർത്ഥന മേഘങ്ങൾ തുളച്ചു കയറുന്നു. അതു കർത്തൃ സന്നിധിയിലെത്തുന്നതു വരെ അവൻ സ്വസ്ഥനാവുകയില്ല

പ്രഭാഷകൻ 35/21

757. കർത്താവ് മഹോന്നതനാണെങ്കിലും എളിയവരെ കടാക്ഷിക്കുന്നു. അഹങ്കാരികളെ അവിടുന്ന് അകലെവച്ചുതന്നെ അറിയുന്നു

സങ്കീർത്തനം 138/6

758. തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും

വി. മത്തായി 23/12

759. വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അത്യധികം ആഹ്ലാദിക്കാതിരിക്കേണ്ടതിന് ശരീരത്തിൽ ഒരു മുള്ള് എനിക്ക് നൽകപ്പെട്ടിരിക്കുന്നു

2 കോറിന്തോസ് 12/7



760. ഞങ്ങളെ ക്രിസ്തു വഴി തന്നോടു രമ്യതപ്പെടുത്തുകയും രമ്യതയുടെ ശുശ്രൂഷ ഞങ്ങൾക്കു നൽകുകയും ചെയ്ത ദൈവത്തിൽ നിന്നാണ് ഇവയെല്ലാം

2 കോറിന്തോസ് 5/18

761. ഞങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതികളാണ്. ഞങ്ങൾ വഴി ദൈവം നിങ്ങളോട് അഭ്യർത്ഥിക്കുന്നു. നിങ്ങൾ ദൈവത്തോട് രമ്യതപ്പെടുവിൻ.

2 കോറിന്തോസ് 5/20

762. ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്

1 കോറിന്തോസ് 15/10

763. സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ്.

2 കോറിന്തോസ് 3/5

764. ഇതുപോലെ തന്നെ നിങ്ങളും കൽപിക്കപ്പെട്ടവയെല്ലാം ചെയ്തതിനു ശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്, കടമ നിർവ്വഹിച്ചതേയുള്ളൂ എന്നു പറയുവിൻ

വി. ലൂക്കാ 117/10

765. അവിടുന്നാണ് എന്റെ കർത്താവ്. അങ്ങിൽ നിന്നല്ലാതെ എനിക്കു നന്മയില്ല എന്നു ഞാൻ കർത്താവിനോടു പറയും

സങ്കീർത്തനം 16/2

766. ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്കു അഹംഭാവത്തിനു വകയില്ല. അത് എന്റെ കടമയാണ്

1 കോറിന്തോസ് 9/16

767. അങ്ങേക്ക് സന്മനസ്സോടെ ഇങ്ങനെ കാഴ്ചകൾ അർപ്പിക്കുന്നതിന് ഞാനും, എന്റെ ജനവും ആരാണ്? സമസ്തവും അങ്ങിൽ നിന്ന് വരുന്നു

1 ദിനവൃത്താന്തം. 29/14

www.malankaralibrary.com

768. കർത്താവു വീടു പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വെറുതെയാണ്. കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം

സങ്കീർത്തനം. 127/1

769. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല

വി. യോഹന്നാൻ 15/5

770. ഞാൻ നിന്റെയും അവന്റെയും നാവിനെ ശക്തിപ്പെടുത്തും. നിങ്ങൾ ചെയ്യേണ്ടതു നിങ്ങൾക്കു ഞാൻ പഠിപ്പിച്ചു തരുകയും ചെയ്യും

പുറപ്പാട് 4/15

771. ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ പൂർവാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ചു പ്രശംസിക്കും

2 കോറിന്തോസ് 12/9

772. ദൈവത്തിൽ ആശ്രയിക്കുന്നവൻ വീണ്ടും ശക്തി പ്രാപിക്കും

ഏശയ്യ 40/31

773. ദൈവത്തോടൊത്തു ഞങ്ങൾ ധീരമായി പൊരുതും

സങ്കീർത്തനം 60/12

774. എങ്കിലും വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോക ദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തെരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും.

1 കോറിന്തോസ് 1/27-29

775. ദൈവത്തെ സ്നേഹിക്കുന്നവന് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മക്കായി പരിണമിക്കുന്നുവെന്നു നമുക്കറിയാമല്ലോ?

റോമാ 8/28



776. ദുരിതങ്ങൾ എനിക്കുപകാരമായി

സങ്കീർത്തനം 119/71

777. ദൈവത്തിന്റെ മുൻപിൽ നീ എളിമപ്പെടുക. ദൈവത്തിന്റെ കരങ്ങൾക്കായി കാത്തിരിക്കുക

പ്രഭാഷകൻ 13/9

778. സത്യസത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഗോതമ്പു മണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും

വി. യോഹന്നാൻ 12/24

779. ദൈവത്തിനു സ്വീകാര്യമായത് വിശ്വാസവും ശാന്തശീലതയുമാണ്

പ്രഭാഷകൻ 1/34

780. കർത്താവ് എളിയവരെ ഉയർത്തുന്നു

സങ്കീർത്തനം 147/6

781. വിനീതരുടെയും. സൗമ്യതയുടെയും പ്രാർത്ഥനകൾ അവിടുത്തേക്ക് എപ്പോഴും സന്തുഷ്ടി നൽകുന്നു

യൂദിത്ത് 9/16

782. നിങ്ങളുടെ മാനഹാനികളിൽ സഹനശീലനം സൂക്ഷിക്കുക

പ്രഭാഷകൻ 2/4

783. ദൈവത്തിന്റെ മുമ്പാകെ യാഗമർപ്പിക്കുവാൻ ദൈവത്താൽ വിളിക്കപ്പെട്ടവനും ദൈവത്തിൽ നിന്ന് അധികാരം ലഭിച്ചവനുമാണ് പുരോഹിതൻ

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്

www.malankaralibrary.com

784. ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവർ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ

വി. ലൂക്കാ . 9/23

785. ഭക്ഷണവും വസ്ത്രവുമുണ്ടെങ്കിൽ അതുകൊണ്ട് നമുക്കു തൃപ്തിപ്പെടാം.

1 തിമോത്തിയോസ് 6/9

786. നിന്നോടു വ്യവഹരിച്ച് നിന്റെ ഉടുപ്പു കരസ്ഥമാക്കാനുദ്യമിക്കുന്നവന് മേലങ്കി കൂടെ കൊടുക്കുക.

വി. മത്തായി 5/40

787. അവസാനത്തെ സ്ഥാനത്തു പോയി ഇരിക്കുക

വി. ലൂക്കാ 14/10

788. നീ എന്നെ അനുഗമിക്കുക. മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്ക്കരിക്കട്ടെ.

വി. മത്തായി. 6/22

789. നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചു കൊള്ളുക, നിങ്ങൾക്കു ലഭിക്കും

വി. യോഹന്നാൻ. 15/7

790. നിങ്ങളുടെ ഉൽകണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്

1 പത്രോസ്. 5/7

791. അതേ, പിതാവേ ഇപ്രകാരമായിരുന്നു നിന്റെ തിരുവുള്ളം

വി. മത്തായി. 11/26

792. ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് ഒരിക്കലും ദാഹിക്കുകയില്ല

വി. യോഹന്നാൻ 4/13



793. കർത്താവ് തന്നു. കർത്താവ് എടുത്തു. കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ.

ജോബ് 1/21

794. തന്നോട് അടുപ്പമുള്ളവരെ അവിടുന്ന് പ്രഹരിക്കുന്നത് ശാസന എന്ന നിലയിലാണ്

യൂദിത്ത്. 8/27

795. താൻ സ്നേഹിക്കുന്നവന് കർത്താവ് ശിക്ഷണം നൽകുന്നു. മക്കളായി സ്വീകരിക്കുന്നവരെ പ്രഹരിക്കുകയും ചെയ്യുന്നു

ഹെബ്രായർ. 12/6

796. എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്ന് ഞങ്ങൾ അഭിമാനിക്കുന്നു

2 കോറിന്തോസ്. 6/14

797. നിന്റെ വലത്തുകൈ ചെയ്യുന്നത് ഇടത്തു കൈ അറിയാതിരിക്കട്ടെ

വി. മത്തായി. 6/3

798. ഒരുക്കമുള്ള ഹൃദയം അങ്ങ് എനിക്കു തരുമ്പോൾ ഞാൻ അങ്ങയുടെ പ്രമാണങ്ങളുടെ പാതയിൽ ഉത്സാഹത്തോടെ ചരിക്കും.

സങ്കീർത്തനം. 110/32

799. സ്നേഹിതർക്കു വേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല

വി. യോഹന്നാൻ. 15/13

800. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ

വി. യോഹന്നാൻ 20/22

www.malankaralibrary.com

801. ജനങ്ങളുടെ ഇടയിൽ നിന്നും എടുക്കപ്പെട്ട് ജനങ്ങൾക്കായി അഭിഷിക്തരായി ജനങ്ങളുടെ ഇടയിൽ വസിക്കുന്നവരാണ് പുരോഹിതർ

ഫ്രാൻസിസ് മാർപ്പാപ്പ

802. പുരോഹിതന്റെ ശക്തി അദ്ദേഹത്തിന് ക്രിസ്തുവുമായുള്ള ബന്ധത്തെ ആശ്രയിച്ചാണിരിക്കുന്നത്. പുരോഹിതൻ താൻ സേവനം ചെയ്യുന്ന ജനത്തോട് അടുത്തിരിക്കണം. പുരോഹിതന്റെ അധികാരം സേവനവുമായി ബന്ധപ്പെട്ടിരിക്കണം. പുരോഹിതൻ കരുണയുടെ ശുശ്രൂഷകനായിരിക്കണം. പുരോഹിതൻ ലാളിത്യത്തിന്റെ ജീവിതം നയിക്കുന്നവനായിരിക്കണം. പുരോഹിതൻ സ്വഭാവ ദാർഢ്യത്തിന്റെ മാതൃകയായിരിക്കണം. പുരോഹിതൻ തന്റെ ജനങ്ങൾക്ക് അനുഗ്രഹങ്ങളുടെ ഉറവുചാലായിരിക്കണം

ഫ്രാൻസിസ് മാർപ്പാപ്പ

803. ഇടയൻ ആടുകളുടെ മണമുള്ളവനായിരിക്കണം

ഫ്രാൻസിസ് മാർപ്പാപ്പ

804. ദൈവത്തിനും, ജനത്തിനും മദ്ധ്യേയുള്ള മദ്ധ്യസ്ഥനാണ് പുരോഹിതൻ



## വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന

നിത്യപുരോഹിതനായ ഈശോ, / അങ്ങേ ദാസന്മാരായ വൈദികർക്ക് / യാതൊരു ആപത്തും വരാതെ / അങ്ങേ തിരുഹൃദയത്തിൽ / അഭയം നല്കണമേ. / അങ്ങേ പരിശുദ്ധമായ ശരീരത്തെ / ദിവസംതോറും എടുക്കുന്ന / അവരുടെ കരങ്ങളെ / മലിനമാകാതെ കാക്കണമേ. / അങ്ങേ വിലയേറിയ തിരുരക്തത്താൽ / നനയുന്ന അവരുടെ നാവുകളെ / നിർമ്മലമായി കാത്തുകൊള്ളണമെ. / ശ്രേഷ്ഠമായ അങ്ങേ പൗരോഹിത്യത്തിന്റെ / മഹനീയമുദ്ര പതിച്ചിരിക്കുന്ന / അവരുടെ ഹൃദയങ്ങളെ / ലോകവസ്തുക്കളിൽ നിന്ന് അകറ്റണമേ. / അങ്ങയോടുകൂടെയായിരിക്കാനും / വചനം പ്രഘോഷിക്കാനും / തിന്മയെ ചെറുക്കാനും / അവർ സദാ ഉത്സുകരാകട്ടെ. / അങ്ങയുടെ മഹത്വത്തിനു വേണ്ടിയുള്ള / അവരുടെ പ്രയത്നങ്ങൾ / ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ. / അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ / ഇഹത്തിൽ അവരുടെ ആനന്ദവും ആശ്വാസവും / പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവും ആയിത്തീരട്ടെ. / ലോകരക്ഷകനായ ഈശോ, അങ്ങേ പുരോഹിതരെയും / വൈദികശുശ്രൂഷകരെയും / ശുദ്ധീകരിക്കണമേ. / കർത്താവേ, അങ്ങയുടെ സഭയ്ക്ക് / വിശുദ്ധരായ വൈദികരെയും / സന്ന്യാസി - സന്ന്യാസിനികളെയും / അല്മായ പ്രേഷിതരെയും / പ്രദാനം ചെയ്യണമേ.

വൈദികരുടെ രാജ്ഞിയായ മറിയമേ:

വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

വിശുദ്ധ അൽഫോൻസാമ്മേ:

സന്ന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കണമേ.

തിരുക്കുടുംബമേ:

ഞങ്ങളുടെ കുടുംബങ്ങളെ നിർമ്മലമായി കാക്കണമേ

www.malankaralibrary.com

## ദിവ്യബലിക്കുമുമ്പുള്ള പ്രാർത്ഥന

### (വി. തോമസ് അക്വീനാസിന്റെ പ്രാർത്ഥന)

സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങയുടെ ഏക ജാതനായ ഞങ്ങളുടെ കർത്താവീശോമിശിഹായുടെ ദിവ്യകൂദാശയെ ഞാൻ സമീപിക്കുന്നു. ആതുരനായി ഞാൻ, ജീവന്റെ വൈദ്യനെ, അശുദ്ധനായി ഞാൻ കരുണയുടെ ഉറവയെ, അന്ധനായി ഞാൻ, നിത്യ വെളിച്ചത്തിന്റെ പ്രകാശധോരണിയെ, ദരിദ്രനായി ആലംബഹീനനായ ഞാൻ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനെ സമീപിക്കുന്നു. നാഥാ, അങ്ങയുടെ മഹത്വമേറിയ ഔദാര്യത്താൽ എന്റെ രോഗത്തെ സുഖപ്പെടുത്തുകയും മാലിന്യങ്ങളെ കഴുകിക്കളയുകയും അന്ധതയെ പ്രകാശമാക്കുകയും ദാരിദ്ര്യത്തെ സമ്പന്നതയാക്കുകയും നഗ്നതയെ മറയ്ക്കുകയും ചെയ്യണമേ. എളിമ വണക്കങ്ങളോടും ശുദ്ധതയോടും വിശ്വാസത്തോടും പശ്ചാത്താപത്തോടും സ്നേഹത്തോടും എന്നെ രക്ഷയിലേക്കു നയിക്കുന്നതിന് സഹായകമായ ദൃഢലക്ഷ്യത്തോടും കൂടെ മാലാഖമാരുടെ ഭോജനവും രാജാക്കന്മാരുടെ രാജാവും പ്രഭുക്കന്മാരുടെ പ്രഭുവുമായ അങ്ങെ ഞാൻ ഉൾക്കൊള്ളട്ടെ. കർത്താവിന്റെ ശരീരരക്തങ്ങളുടെ കൂദാശയും അതിന്റെ യാഥാർത്ഥ്യവും ഓജസ്സും ഞാൻ സ്വീകരിക്കട്ടെ. ദയാപരനായ ദൈവമേ, പരിശുദ്ധ കന്യകാമറിയത്തിന്റെ ഉദരത്തിൽ നിന്നു ജാതനായ അങ്ങയുടെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ തിരുഗാത്രം ഞാൻ ഉൾക്കൊള്ളുന്നതുവഴി അവിടുത്തെ മൗതീകശരീരത്തിൽ എണ്ണപ്പെടുകയും ചെയ്യുമാറാകട്ടെ. സ്നേഹനിധിയായ പിതാവേ! ഈ ലോക തീർത്ഥയാത്രയിൽ കൂദാശയുടെ മറവിൽ അങ്ങയുടെ പ്രിയപുത്രനെ സ്വീകരിക്കുന്നതു വഴി സ്വർഗ്ഗഭാഗ്യത്തിൽ അങ്ങയോടുകൂടെ നിത്യം ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയുടെ തിരുസുതനെ അഭിമുഖമായി കണ്ടാനന്ദിക്കുന്നതിന് ഒരു ദിവസം ഇടയാക്കണമേ. ആമ്മേൻ.



വിളിച്ചെന്നെ അനുഗ്രഹിച്ചു
തന്റെ വരങ്ങളാലെന്നെ നിറച്ചു
വിളിച്ചതു നാഥനല്ലോ
തന്റെ വിളിയൊരു ദാനമല്ലോ
യോഗ്യതയെന്നിലില്ല
ശ്രേഷ്ഠമായൊന്നുമില്ല
കൃപചൊരിഞ്ഞവനെന്റെ
കുറവുകൾ മറന്നെന്നെ സ്വന്തമായ് സ്വീകരിച്ചു
സഹസ്രങ്ങൾക്കിടയിൽ നിന്നും
സഹജരിൽ നിന്നുമെന്നെ
തിരഞ്ഞെടുത്തവനെന്നെ
ഒരിക്കലും മായാത്ത മുദ്രയാലഭിഷേചിച്ചു

### സഹായകഗ്രന്ഥങ്ങൾ - കടപ്പാട്

1. വി. ബൈബിൾ
2 പുരോഹിതന്റെ അന്തസും, കർത്തവ്യങ്ങളും
വി. അൽഫോൻസ് മരിയ ലിഗോരി
വിവർത്തകൻ - ഫാ. ആന്റോ മരിയ വെള്ളാപ്പള്ളിൽ
3. പുരോഹിതൻ അവനു സ്വന്തമല്ല - ഫുൾട്ടൻ ജെ. ഷീൻ
4. പുരോഹിതൻ തീച്ചൂളയിൽ
- ഡോ. കുര്യൻ വാലുപറമ്പിൽ
5. വൈദികർക്കൊരു ധ്യാന സാധന
- ഫാ. ലെയോപ്പോൾദ് ബെക്കാറോ O.C.D
6. ക്രിസ്തു കേന്ദ്രീകൃത പുരോഹിതൻ
-ഡോ. ആന്റണി ചെമ്പകശേരി
7. കത്തോലിക്കാ സഭയുടെ പ്രമാണ രേഖകൾ
8. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം
9. കൂദാശകളുടെ വേദഗ്രന്ഥാടിസ്ഥാനം
- ഫാ. ജോസ് മാണിപറമ്പിൽ
10. വി.കുർബ്ബാന ഒരു ധ്യാനപഠനം
- ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്

www.malankaralibrary.com